ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ

(ഗാർഷ്യാ മെത്രാനും തോമ്മാ അർക്കദിയാക്കോനും തുടർച്ച)

### അർക്കദിയാക്കോന് പിഴശിക്ഷ

ഗാർഷ്യയുടെ ശത്രുത ശതഗുണീഭവിച്ചു.
അർക്കദിയാക്കോനെ ഏതുവിധവും നശിപ്പിക്കുന്ന
തിനും എന്ത് നീചകർമ്മങ്ങൾ അതിലേക്ക് അനു
ഷ്ഠിക്കേണ്ടിവന്നാലും ആ ലക്ഷ്യം നിറവേററു
ന്നതിനും ഗാർഷ്യയിലെ പറങ്കിവംശജൻ ക്രിസ്തീ
യ ശ്രേഷ്ഠാചാര്യത്വം വിട്ട് തുനിഞ്ഞിറങ്ങി.

നസ്രാണി വീരയോദ്ധാക്കളുടെ ഭുജവീര്യത്തെ
ആശ്രയിച്ചും കൃഷിവ്യാപാരാദികളിൽ പ്രധാനി
കളായിരുന്ന നസ്രാണികൾമൂലം തങ്ങളുടെ രാജ്യ
ങ്ങളുടെ ഭണ്ഡാരങ്ങളെ ഗണ്യമായി നാണ്യനി
ക്ഷേപങ്ങളാൽ പോഷിപ്പിച്ചും വന്നിരുന്ന പ്രബു
ദ്ധരായ നസ്രാണികളെ പ്രീണിപ്പിച്ചും കഴിഞ്ഞി
രുന്ന കൊച്ചി, ആലങ്ങാട് രാജാക്കൻമാർ (ഈ രാജാ
ക്കൻമാർ മാത്രമല്ല കേരളത്തിൽ നസ്രാണികളെ ആ
ശ്രയിച്ചിരുന്നത് എന്നുകൂടി ഓർക്കേണ്ടതുണ്ട്)
ഗാർഷ്യയുടെ ഒരു പരാതിയിൻമേൽ നസ്രാണി
ജാതിത്തലവനെ ഉടനടി വിസ്തരിച്ച് '2000
പണം' പിഴ കല്പിച്ചു എന്നു പറഞ്ഞാൽ അത്
വിശ്വസിക്കുവാൻ പ്രയാസം. കൊച്ചിരാജാവിനും

---

കൂറിലോസ് തിരുമേനി അമേരിക്കയുടെ പല
ഭാഗത്തും ആളുകളുടെ ഹൃദയം കവർന്നു. സമാധാ
നത്തിന്റെ ദൂത് നല്ലതുപോലെ പറഞ്ഞുപരത്തി.
ചെന്നിടത്തൊക്കെയും ദൈവത്തിന്റെ ദൂതൻ അദ്ദേ
ഹത്തോടുകൂടി പ്രവർത്തിക്കുന്നതായനുഭവപ്പെട്ടു.
സഭയുടെ വിശ്വാസത്തെ ബലികഴിക്കാതെ ഭരണ
ഘടനയെ മുൻനിർത്തി വികാരങ്ങളെ വ്രണപ്പെടു
ത്താതെ സ്നേഹത്തിന്റെ ദൂതു പകർന്നുകൊടു
ത്തു.

[ഈ ലേഖനം അല്പം നേരത്തെ ഇവിടെ ലഭി
ച്ചതാണെങ്കിലും അഭിവന്ദ്യ കൂറിലോസ് തിരു
മേനി തിരിച്ചുവന്ന് അദ്ദേഹത്തിന്റെ അഭിപ്രാ
യംകൂടി അറിഞ്ഞിട്ടു പ്രസിദ്ധപ്പെടുത്താമെന്നു
വിചാരിച്ചതുകൊണ്ടാണ് ഇത്രയും താമസിച്ചത്.
പത്രാധിപർ]

ആ രാജാവിന്റെ സാമന്തപ്രഭുക്കളായിരുന്ന ആല
ങ്ങാടിനും പറവൂരിനും പറങ്കികളുടെ മുമ്പിൽ
എന്തു വിലയുണ്ടായിരുന്നുവെന്ന് ഇതപര്യന്തമുള്ള
കേരളചരിത്ര രേഖകളെല്ലാംതന്നെ പഠിച്ച മഹാ
പണ്ഡിതനെന്നു പറയാവുന്ന ശ്രീ. ഏ. ശ്രീധര
മേനോൻ തന്റെ കേരളചരിത്രത്തിൽ പറയുന്നത്
നോക്കുക.

'സാമൂതിരി ഒരു ഭാഗത്തും കൊച്ചിരാജാവും
കോലത്തിരിയും മററു ചെറുകിട നാടുവാഴികളും
മറുഭാഗത്തുമായി തമ്മിൽ നടന്നുകൊണ്ടിരുന്ന രൂ
ക്ഷമായ മൽസരം ഒരു ഹ്രസ്വകാലത്തേക്കെങ്കിലും
പോർട്ടുഗീസുകാരുടെ സ്വപ്നം സാക്ഷാൽക്കരി
ക്കുവാനുള്ള സാഹചര്യം അവർക്ക് ഒരുക്കിക്കൊടു
ത്തു.....സാമൂതിരിയുടെ അധികാരത്തിൻ കീഴിൽ
കുഴങ്ങുകയായിരുന്ന കൊച്ചിരാജാവിന് തന്റെ
പരമ്പരാഗതനായ ശത്രുവിനെതിരെ സുശക്തമായ
ഒരു രാഷ്ട്രീയ പ്രതിരോധം പടുത്തുയർത്തുവാൻ
പോർട്ടുഗീസുകാരുടെ ആഗമനം സുവർണ്ണാവസരം
നൽകി. കോഴിക്കോട്ടുവച്ച് സാമൂതിരിയിൽനി
ന്ന് പോർട്ടുഗീസുകാർക്ക് ലഭിച്ച സ്നേഹശൂന്യ
മായ സ്വീകരണവും കപ്പിത്താൻമാർക്കുണ്ടായ അസു
ഖകരമായ അനുഭവങ്ങളും അവരെ കൊച്ചിരാജാവി
നോട് അടുപ്പിച്ചു. കൊച്ചിയും പോർട്ടുഗീസു
കാരും തമ്മിൽ ഒരു പ്രതിരോധാക്രമണസഖ്യം ഉണ്ടാ
ക്കുകയും ചെയ്തു.' കേരളചരിത്രം P. 263, ഏ.
ശ്രീധരമേനോൻ, M. A. A. M. (ഹാവാർഡ്).
'സാമൂതിരിയുടെ വികസിച്ചുവരുന്ന ശക്തിയെ
തടഞ്ഞുകൊണ്ടും കൊച്ചി രാജാവിനെ പോർട്ടുഗീ
സു രാജാവിന്റെ നിസഹായനായ ഒരു സാമന്തനെന്ന
നിലയിലേക്ക് താഴ്ത്തിക്കൊണ്ടും സ്വന്തം വാണി
ജ്യതാല്പര്യങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി...........'
Ibid P. 284.

ഇങ്ങനെ തന്നെ ദീർഘകാലം അടിമത്വത്തിൽ
അമർത്തിവച്ചിരുന്ന സാമൂതിരിയിൽനിന്ന് മോച
നം നൽകിയ മിത്രത്തോടുള്ള നന്ദിയേക്കാൾ
പിൽക്കാലത്ത് ആ മോചനദാതാക്കൾ തന്നെ കൊ
ണ്ടെത്തിച്ച 'നിസഹായനായ ഒരു സാമന്ത'നെന്ന

പരിതാപകരമായ നാമമാത്ര രാജവാഴ്ച, പറങ്കികളുടെ ഏതാജ്ഞയും നിറവേററുവാൻ സദാ സന്നദ്ധനായിരിക്കേണ്ട അടിമരാജവാഴ്ച മാത്രമുണ്ടായിരുന്ന കൊച്ചിരാജാവും കൊച്ചിയുടെ സാമന്തനായ ആലങ്ങാടും കൊച്ചിയിലെ പറങ്കി ഗവർണറുടെയും മററും ആജ്ഞയാൽ ഗാർഷ്യയുടെ ആഗ്രഹം സാധിച്ചുകൊടുത്തിരിക്കാം. അല്ലാതെ നാം ഇതിനുപരി കണ്ട രേഖകൾപ്രകാരം അർക്കദിയാക്കോൻ ഈ പിഴശിക്ഷക്ക് അർഹനല്ല. ആ രാജാക്കൻമാർ സ്വയം അതിനു മുതിരുവാൻ ശങ്കയുള്ളവരുമായിരുന്നു. മറുവശം നോക്കിയാൽ കപടമാനസനും ക്രിസ്തീയശ്രേഷ്ഠാചാര്യത്വപദവിയെ തന്റെ ദുഷ്പ്രവർത്തികൾകൊണ്ട് കളങ്കപ്പെടുത്തുകയും നസ്രാണികളോട് സദാ ശത്രുതയും നിന്ദാമനോഭാവവും പുലർത്തുകയും ചെയ്ത ഫ്രാൻസിസ് ഗാർഷ്യ ശിക്ഷാർഹനായിരുന്നു.

ഈ പറയുന്നവിധം അർക്കദിയാക്കോൻ ശിക്ഷിക്കപ്പെട്ടോ? ശിക്ഷിക്കപ്പെട്ടു എന്ന് പിൽ

**ജെയിക്കബ് തോമസ്,**
**നടുവിലേക്കര**

ക്കാലത്ത് തോമ്മാ അർക്കദിയാക്കോന്റെ വ്യക്തിത്വത്തെ താറടിക്കുവാൻ കെട്ടിച്ചമക്കപ്പെട്ട പല കള്ളക്കഥകളുംവച്ചു നോക്കുമ്പോൾ ഇത് അവഗണന അർഹിക്കുന്ന ഒരു നിന്ദ്യപ്രസ്താവനയാകുവാനാണ് സാദ്ധ്യത. അഥവാ ശിക്ഷിക്കപ്പെട്ടു എങ്കിൽ ആ ധീരദേശാഭിമാനിക്കുണ്ടായ പീഡനങ്ങളുടെയും യാതനകളുടെയും എണ്ണം വർദ്ധിക്കുന്നു. തന്റെ മാഹാത്മ്യത്തിന്റെ മാററ് ഏറുന്നു എന്നുമാത്രം.

## നസ്രാണികത്തനാരൻമാരുടെ യോഗം

അർക്കദിയാക്കോന്റെ അദ്ധ്യക്ഷതയിൽ കത്തനാരൻമാരുടെ ഒരു സമ്മേളനം ചേർന്നു. അതിൽ സുപ്രധാനമായ ചില തീരുമാനങ്ങൾ എടുത്തു.

1. ഗാർഷ്യ നിയമിക്കുന്ന കത്തനാരൻമാരെ ഒരു ഇടവകയിലും സ്വീകരിക്കരുത്. ഗാർഷ്യയുടെ കല്പനകൾ ഒരു പള്ളിയിലും വായിക്കരുത്.
2. ഓരോ ഇടവകയിലും പഴയ മാമൂൽ പ്രകാരം കത്തനാരൻമാർ കർമ്മം നടത്തുകയും വരുമാനം വീതിച്ചെടുക്കുകയും ചെയ്യണം.
3. അർക്കദിയാക്കോന്റെ നിയമനകല്പന ഇല്ലാത്ത കത്തനാരൻമാരെ പള്ളികളിൽ സ്വീകരിച്ചുകൂടാ.

ഈ തീരുമാനങ്ങൾ ശരിവച്ചുകൊണ്ടാണ് തെക്കുംകൂറിലേയും കൊച്ചിയിലേയും മററും രാജാക്കൻമാർ ഈ തീരുമാനങ്ങൾ പ്രകാരം നടന്നുകൊള്ളുവാൻ കല്പനകൾ പുറപ്പെടുവിച്ചത്. ഇതിനുശേഷം അർക്കദിയാക്കോൻ വടക്കൻ ദിക്കുകളിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ സ്ഥിതിഗതികൾ തനിക്ക് പ്രതികൂലമായാണ് കണ്ടത്. തൃപ്പൂണിത്തുറ നടമേൽ, കരിങ്ങാചിറ എന്നീ പള്ളികളിലും ചുററുപാടുമുള്ള കത്തനാരൻമാരെ തന്റെ സെക്രട്ടറിമൂലം രാജകീയസ്വാധീനം നേടി ഗാർഷ്യ വശപ്പെടുത്തിയിരുന്നു.

എന്നാൽ ഗാർഷ്യയുടെ ഭാഷയിൽ '4 പണം' അല്ലെങ്കിൽ കേവലം 'ഒരു പണം' കൊടുത്താൽ രാജാവിന്റെ സ്വാധീനം വിലയ്ക്കുവാങ്ങാമായിരുന്നു. അർക്കദിയാക്കോൻ ഈ അവസരത്തിൽ രാജസ്വാധീനം വീണ്ടെടുത്ത് ഗാർഷ്യ നിയമിച്ചവരെ നീക്കിയിട്ട് അവരിൽ ചിലരെ തടവുകാരാക്കുകയും കുര്യാളക്കത്തനാരെ കരിങ്ങാച്ചിറയ്ക്കും കോരുളക്കത്തനാരെ നടമേൽ സെൻറ് ജോർജ് പള്ളിയ്ക്കും നിയമിച്ചു.

ഗാർഷ്യായുടെ ഹർജിപ്രകാരം അർക്കദിയാക്കോന് 2000 പണം പിഴയിട്ട കൊച്ചിരാജാവ് അടുത്ത മാസത്തിലോ ആഴ്ചകൾക്കകമോ ഗാർഷ്യക്കെതിരായി ഗാർഷ്യാപക്ഷക്കാരെ തടവിലാക്കുകയും അവരെ മരണത്തിൽനിന്ന് വിലക്കിനീക്കുകയും ചെയ്തുവെന്ന് പറങ്കിരേഖകൾപ്രകാരം ഇതേ പ്രബന്ധങ്ങളിൽ തുടർച്ചയായി വായിക്കുമ്പോൾ എന്തൊക്കെയോ സംശയങ്ങൾ തോന്നുന്നു. കൂടാതെ കേവലം '4 പണം' 'ഒരു പണം' കൊണ്ട് കൊച്ചിരാജാവിനെ സ്വാധീനിക്കാം എന്ന് ഗാർഷ്യ പറയുന്നതും ഗൗരവാവഹവും നിന്ദ്യവുമായ ആരോപണമാണ്. അക്കാലത്തെ പ്രബുദ്ധരായ നസ്രാണികത്തനാരൻമാരുടെ ദേശീയബോധവും അവരിലെ ബഹുഭൂരിപക്ഷത്തിനും തങ്ങളുടെ ജാതിത്തലവനോടുള്ള പരമ്പരാഗത കൂറും ബഹുമാനവും അവർ രാജകോപത്തെ അവഗണിച്ചും തന്ത്രപൂർവ്വവും പുലർത്തിയിരുന്നു എന്ന സത്യത്തെ പറങ്കികൾ തങ്ങളുടെ കൈവെള്ളയിൽ ഒതുക്കി ഏതുവിധവും ചലിപ്പിച്ചിരുന്ന കൊച്ചിരാജാവിനെയും മററും തങ്ങളുടെ തങ്കക്കാശ് ചാക്കുകളിൽ നിന്ന് വാരിയിട്ടുകൊടുത്ത് വേണ്ടിടത്തെല്ലാം ഒപ്പുകുത്തിച്ച് രേഖകളുണ്ടാക്കിയിട്ട് '4 പണം, ഒരു പണം കോഴയ്ക്ക് വഴങ്ങുന്നവർ' എന്നുപറഞ്ഞ് അവഹേളിക്കുന്ന ഗാർഷ്യയേയും ഇതര ജസ്യൂട്ടുകളേയുംപററി നാം ഇന്ന് ഏതുവിധം ചിന്തിക്കണം. അവർ സ്വർഗരാജ്യത്തിന്റെ വക്താക്കളോ പറങ്കിസാമ്രാജ്യത്തിന്റെ വിപുലീകരണത്തിന് ക്രിസ്തുമതം എന്ന ആയുധവാഹകരായ ആട്ടിൻതോലിട്ട ചെന്നായ്ക്കളോ? ക്രിസ്തുമത പ്രചരണത്തേക്കാൾ പറങ്കിസാമ്രാജ്യത്തിന്റെ വിപുലീകരണോപകരണങ്ങളായിരുന്നു ജസ്യൂട്ടുകൾ.

അക്കാലങ്ങളിൽ സാമ്പത്തികമായി പറങ്കികളാൽ ഞെരുക്കപ്പെട്ടിരുന്ന നസ്രാണിജാതിത്തലവൻ തങ്കപ്പണച്ചാക്കുകളായിരുന്ന പറങ്കികൾക്കെതിരെ രാജസ്വാധീനത്തിനായി തങ്കപ്പണം വാരിയെറിഞ്ഞിരുന്നു എന്ന് പറയുന്ന മററ് പറങ്കിനിർമ്മിത ചരിത്രഗ്രന്ഥങ്ങൾ വേറെയുണ്ട്. സ്വന്തജാതിക്കുവേണ്ടി സർവ്വവും പരിത്യജിച്ച് ജീവിതാർപ്പണം ചെയ്ത ഒരു ജാതിത്തലവൻ, ശ്രേഷ്ഠാചാര്യൻ നീചനും നിന്ദ്യനുമായിരുന്നു എന്ന് തന്റെ സ്വന്തജനത്തിന്റെ മൂന്നു ശതകം പിന്നിട്ട സന്തതികളെ തെററിദ്ധരിപ്പിക്കുവാൻതക്ക ദീർഘവീക്ഷണത്തോടെ അന്നുമുതൽ ഇന്നുവരെ നിശിതമസ്തിഷ്കമൂശകളിൽനിന്ന് വാർത്തെറിയപ്പെട്ടിട്ടുള്ള തേജോവധപ്രസ്ഥാനം ഒട്ടെല്ലാം വിജയിച്ചിട്ടുണ്ട് എന്നു സമ്മതിക്കാതെ തരമില്ല.

[അത്യാവശ്യമായ പല സഭാവാർത്തകളും ഉൾപ്പെടുത്തേണ്ടിവന്നതിനാൽ കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ ഈ ചരിത്രപംക്തി ഉൾപ്പെടുത്തുവാൻ സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു.
പത്രാധിപർ]



# മിഷൻ പരിശീലനകേന്ദ്രം: പ്രതീക്ഷയും യാഥാർത്ഥ്യവും

ഫാ. ഓ. തോമസ്, പ്രിൻസിപ്പൽ സെൻറ് പോൾസ് മിഷൻ സെൻറർ

മാവേലിക്കര സെൻറ് പോൾസ് മിഷൻ പരിശീലനകേന്ദ്രത്തിലെ 5-ാം ബാച്ചിന്റെ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് ഇതിനോടകം സഭാമക്കളുടെ ശ്രദ്ധയിൽ പെട്ടിരിക്കുമെന്ന് കരുതുന്നു. ഈ ത്രിവത്സര കോഴ്സിന്റെ പഠനം പൂർത്തിയാക്കിയവർ ഇപ്പോൾ എന്തുചെയ്യുന്നു, അവരുടെ സേവനം സഭ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്ന് അറിയിക്കുകയാണ് ഈ ലേഖനോദ്ദേശം.

പരിശീലനം പൂർത്തിയാക്കിയ 3 ബാച്ചുകളിൽ സർട്ടിഫിക്കററ് നേടിയതു 31 പേരാണ്. അതിൽ 5 പേർ പ്രവർത്തനങ്ങളിൽനിന്നും പൂർണ്ണമായി വിട്ടുപോയി. ബാക്കി 26 പേർ വിവിധ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നു. ഒരാൾ വൈദികനായി. 6 പേർ സ്ളീബാദാസ സമൂഹത്തിലും 6 പേർ പുതുപ്പാടി ആശ്രമത്തോട് ബന്ധപ്പെട്ടുകൊണ്ട് പുതുപ്പാടിയിലും ആന്ധ്രയിലുമായി സേവനം അനുഷ്ഠിക്കുന്നു. 8 പേർ തടാകം, മിലായ്, നെയ്യാററിൻകര, കർമ്മേൽ ഭേറ എന്നിവിടങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇങ്ങനെ അവർ സഭയുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ബാക്കി 5 പേർ പ്രാദേശികമായി സുവിശേഷസംഘങ്ങളുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നു. ഇതിൽ പകുതിയിലേറെപേർ തങ്ങളുടെ ശുശ്രൂഷയോടൊപ്പം ഉപരിപഠനത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഇനി ഈ പരിശീലന പദ്ധതിയേക്കുറിച്ചുള്ള ചിലരുടെ ആശങ്കയിലേക്ക് കടക്കാം. അവയിൽ പ്രധാനം ഈ വിദ്യാർത്ഥികളുടെ ഭാവിയെപററിയുള്ളതാണ്. 'ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വെക്കുക' എന്ന പൗലോസ് ശ്ളീഹായുടെ പ്രമാണം അനുസരിച്ച് ആ നിലയിലെങ്കിലും ജീവിക്കാം എന്നുള്ള ഉറപ്പ് ഈ സുവിശേഷകർക്ക്

### ഭക്തിവാക്യങ്ങൾ

**പരിശുദ്ധാത്മാവ്**

'ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.'

ഗലാ. 5: 22, 23.

ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

കൂനൻകുരിശ്സത്യത്തിലവസാനിച്ച, തോമ്മാ
അർക്കദിയാക്കോന്റെ തുറന്നയുദ്ധത്തിലേക്ക് കടക്കും
മുമ്പ് റോമാ നസ്രാണി ചരിത്രകാരന്മാരുടെ ഭൂരിപ
ക്ഷരേഖകളും ഇതര രേഖകളും അടിസ്ഥാനമാക്കി അ
ന്നത്തെ (1650) നസ്രാണി ജനതയുടെയും ജസ്യൂട്ടുക
ളുടെയും പ്രവർത്തനം ഒന്നു നിരീക്ഷിക്കാം.

''Menezes (Arch Bishop of Gova 1599) did not want Archdeacon George of his time or any other member of the syrian priesthood to be made bishop. Francis Roz (First R. C. bishop of Malankara) also held a similar openion. Both of them wanted to perpetuate portugese authority and Jesuit rule'' P. 145. The syro chaldean church in Malabar''
by V. C. George Kuravilangad.

പറങ്കികളുടെ റോമാ വിശ്വാസ വിതരണവും ല
ത്തീൻ രീതികളും പ്രതിബന്ധമില്ലാതുറപ്പിക്കുവാൻ
നാട്ടുകാരെ ഭരണത്തിൽ നിന്ന് മാറ്റുകയെന്നതായി
രുന്നു അവർ പ്രയോഗിച്ച തന്ത്രം.

''താൽക്കാലികമായി തുടങ്ങിയ ലത്തീൻ ഭര
ണം....താൽക്കാലികമെന്ന് ''മാർപാപ്പാ നിശ്ച
യിച്ചിരുന്ന'' ഈ ഭരണം ഇങ്ങനെ നീണ്ടുപോകുന്ന
തു്, ''മാർ പാപ്പായുടെ ഹിതത്തിനും'' തങ്ങളുടെ
പാത്രിയർക്കീസായ 'ബാബേൽ പാത്രിയർക്കീസി'
ന്റെ അവകാശത്തിനും എതിരായി പോർട്ടുഗീസു
കാർ രാഷ്ട്രീയശക്തി പ്രയോഗിച്ചിരുന്നതു കൊണ്ടാ
ണെന്നുള്ള ധാരണ സുറിയാനിക്കാരുടെ ഇടയിൽ കടന്നു
കൂടി'' ''മാർളൂയിസ് പഴേപറമ്പിൽ'' ..........
P. 86,87 ഐ. സി. ചാക്കോ പുളിങ്കുന്ന്.

ഇതിൽ നിന്ന് പറങ്കികളുടെ (രാഷ്ട്രീയ സൈ
നിക) അധികാരമാണ് ലത്തീൻ, ജസ്യൂട്ട് അഥവാ
റോമാസഭയുടെ ഭരണമുറകൾ ഇവിടെ അടിച്ചേൽപി
ച്ചതു് എന്ന വിശ്വാസം നസ്രാണികൾക്കുണ്ടായി എ
ന്ന് മനസിലാക്കാം. മാർപാപ്പാ താല്ക്കാലികമെന്ന്,
ലത്തീൻ പദ്രവാദൊ ഭരണത്തെ നിശ്ചയിച്ചു എന്ന
തും, മാർപാപ്പാ അന്ന് നസ്രാണികളുടെ നിയന്ത്രണാ
ധികാരിയായിരുന്നോ എന്നും ഇതിൽ പറയുന്ന ബാ
ബേൽ പാത്രിയർക്കീസ് ഏതാണെന്നും ഉള്ള കാര്യ
ങ്ങൾ 1498 മുതൽ ഇന്നോളം ഒരു പ്രധാന തർക്കവി
ഷയമാണ്.

''ഇവിടത്തെ ക്രൈസ്തവർ നെസ്തോറിയരായിരു
ന്നാൽ തന്നെയും അവരുമായി സ്നേഹരൂപത്തിൽ പ്ര
വർത്തിക്കുകയും തദ്വാര അവരുടെ മാനസാന്തരത്തിനു
വേണ്ടി പരിശ്രമിക്കുകയുമായിരുന്നു അവർ (പറങ്കി
കൾ, ജസ്യൂട്ടുകളും മറ്റും) ചെയ്യേണ്ടിയിരുന്നത്. അ
തിനുപകരം സാമ്പത്തിക സ്ഥിതിയും രാജകീയ
സ്വാധീനവും തങ്ങൾക്കനുകൂലമാണെന്നുള്ള അഹങ്കാ
രവിചാരം മൂലം ഇവിടത്തെ ക്രൈസ്തവരുടെ അഭി
മാനത്തെപ്പോലും ക്ഷതപ്പെടുത്തത്തക്കപ്രവർത്തനങ്ങൾ
നടത്തി സുറിയാനിക്കാരിൽ വൈരാഗ്യം ഉത്തേജി
പ്പിക്കുകയാണ് അവർ ചെയ്തത്.'' P. 203 ആർച്ച്
ബിഷപ്പ് മാർ ഈവാനിയോസ്, ഫാ. തോമസ്,
ഇഞ്ചയ്ക്കലോടി.

---

**ജെയിക്കബ് തോമസ്, നടുവിലേക്കര**

---

ക്രി. വ. 1599–ഉം, 1653–ഉം കേരളസഭാചരി
ത്രത്തിൽ ഏററവും ദാരുണമായ രണ്ടു സംഭവവിശേഷ
ങ്ങളെ കുറിക്കുന്നു. അവ ഉദയമ്പേരൂർ സൂന്നഹദോസും,
കൂനൻകുരിശു സത്യവുമാണ്. തള്ളയും പിള്ളയും
പോലെ പരസ്പര ബന്ധിതങ്ങളത്രെ അവ രണ്ടും......
അമംഗളകരങ്ങളായ താദൃശ സംഭവങ്ങൾ അടിക്കടി
ആവർത്തിക്കപ്പെടുകയും ഒന്നിനൊന്നു ഗുരുതരമാകുക
യും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ നിർഭാഗ്യവശാൽ
മലങ്കരനസ്രാണികളുടെ-ആരണശൂരന്മാരുടെ-ആത്മാ
ഭിമാനത്തെ നിശ്ശേഷം നിഹനിക്കുന്ന ഉദയമ്പേരൂർ
സൂന്നഹദോസിൽ നാം എത്തിച്ചേരുന്നു. P 32. കേര
ളസഭാചരിത്രം. ഫാ. ലാസർ, C.M.I;

ലേഖകന്റെ വന്ദ്യ ഗുരുനാഥനും, മാന്നാനം
E. H. S. ഹെഡ്മാസ്റ്ററുമായിരുന്ന ഫാ. ലാസറിന്റെ
ചരിത്രഗ്രന്ഥത്തിലും നസ്രാണികൾ, പറങ്കി സൈ
നികശക്തി മൂലം മാനഹാനിയും, പീഡയും അനുഭ
വിച്ചു എന്നുകാണാം. ദീപിക പത്രത്തിൽ ഈയിടെ
കച്ചിറമറ്റം എഴുതിയതുപോലെ നസ്രാണികൾ മാർ
പാപ്പായുടെ കീഴിൽ എ. ഡി. ആദ്യം മുതൽ നിന്നവ

രെങ്കിൽ പറങ്കികളുടെ പരിശ്രമങ്ങളിൽ നിസാരമായചിലതൊഴികെ പലതിനും നമുക്ക് മാനഹാനി, പീഡനം ഇവയൊന്നും ഏൽക്കേണ്ട ഗൗരവാഹമായ കാര്യങ്ങൾ ഒന്നുമേയില്ലായിരുന്നു. നമ്മെ ''മതം മാറുക''മൂലമാണ് ഗൗരവമായത് ''അനന്തരം അദ്ദേഹം (മെനേസിസ് മെത്രാൻ) പള്ളികൾ സന്ദർശിക്കുകയും, ബലം പ്രയോഗിച്ച് പള്ളികൾ തുറന്നു കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു.

## മെനസീസ് മെത്രാന് അർക്കദിയാക്കോന്റെ മഹറോൻ (മുടക്ക്)


ഒരു വിദേശമെത്രാൻ എന്ന നിലയിൽ പള്ളികൾ സന്ദർശിക്കുവാനേ അർക്കദിയാക്കോൻ മെനേസിസിനെ അനുവദിച്ചുള്ളു. അതു വകവയ്ക്കാതെയുള്ള മെനേസിസിന്റെ പ്രവൃത്തിയിൽ നിയമാനുസൃതനായ അധികാരിയെന്ന നിലയിൽ അർക്കദിയാക്കോൻ മെനേസിസിനെ മഹറോൻ ചൊല്ലി''. ''കേരളസഭാതാരങ്ങൾ'' P. 29 എം. ഒ. ജോസഫ് നെടുങ്കുന്നം.

ഒരു വിദേശമെത്രാൻ എന്ന നിലയിൽ പള്ളികൾ സന്ദർശിക്കുവാനേ മെനേസിസിനെ അനുവദിച്ചുള്ളു എന്നതു് സുപ്രധാനമായ കാര്യമാണ്. വിദേശീയനായാലും സ്വദേശീയനായാലും മെനേസിസ് സന്ദർശിച്ച കാലത്ത് അർക്കദിയാക്കോന്റെ ജനങ്ങൾ റോമാ സഭാവിശ്വാസികളായിരുന്നെങ്കിൽ, സന്ദർശനം അനുവദിച്ച പള്ളികളിൽ കുർബ്ബാനാദികർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് തടസം പറയുമായിരുന്നില്ല. മെനേസിസ് നസ്രാണികളുടെ ആത്മീയ പരമാധികാരാദ്ധ്യക്ഷൻ ബാബിലോൺ കാതോലിക്കാപാത്രിയർക്കീസിനെതിരായി പ്രസ്താവനകൾചെയ്കയും, അദ്ദേഹത്തിന്റെ പേർ വി. കർബ്ബാനയിൽ ഉച്ചരിച്ചുകൂടായെന്ന് ശഠിക്കുകയും ചെയ്തതാണ് മഹറോനുള്ള കാരണം. മഹറോൻ ശിക്ഷ മെനേസിസിന് കല്പിച്ച അർക്കദിയാക്കോൻ ഗീവർഗീസിന്റെ സ്ഥാനാധികാര പ്രതാപം, കേരള സമൂഹത്തിലെ സമുന്നത പദവി, സ്വജനങ്ങളുടെ ഭക്തി സ്നേഹാദരവുകൾ ഇവയാണ് ഇക്കാര്യത്തിൽ വെളിപ്പെടുന്ന മറെറാരു സംഗതി.

''മേൽ വിവരിച്ച പ്രകാരമുള്ള മൃഗീയവും ക്രൂരവുമായ പ്രവൃത്തികളാണ്, മെത്രാന്മാരും, പാതിരിമാരുമായ പറങ്കികൾ മലയാളത്തിൽ ചെയ്തിട്ടുള്ളത്. ഈ വിവരങ്ങൾ വായിക്കുന്ന ഇന്നത്തെ ജനങ്ങളുടെ രക്തം തിളയ്ക്കാതിരിക്കുകയില്ല.''

P. 242 തെക്കുംഭാഗസമുദായ ചരിത്രം. രണ്ടാം പതിപ്പ് 1961. ജോസഫ് ചാഴികാട്ട്.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



സഖറിയാ തോമസ്, റാഞ്ചി.

നസ്രാണികൾ സമാധാനശീലരും, സത്യസന്ധന്മാരും, മതനിഷ്ഠയുള്ളവരും, ആയുധാഭ്യാസനിപുണരുമായ വീരയോദ്ധാക്കളായിരുന്നു എന്ന് പറങ്കികൾ ധാരാളം രേഖപ്പെടുത്തിയിട്ടുണ്ട്. അവർ തങ്ങളുടെ രാജഭക്തിമൂലം, രാജാക്കളുടെ കല്പനകളെ അനുസ



# നസ്രാണികളുടെ കുടുമ്മിയും കടുക്കനും

''നസ്രാണികളുടെ കുടുമ്മിയും കടുക്കനും'' എന്ന അഭിധാനത്തിൽ ചരിത്രപണ്ഡിതനും ആർക്കിയോളജി വിദഗ്ദ്ധനുമായ ശ്രീ. ടി. കെ. ജോസഫ്, ബി. ഏ. എൽ. ടി. 1096 ലെ മനോരമയിൽ എഴുതിയ ഒരു ചാരിത്രിക ലേഖനമാണ് താഴെഉദ്ധരിക്കുന്നതു്:—

''നസ്രാണിമാപ്പിളമാർക്കു മുമ്പു കുടുമ്മിയും കടുക്കനും ഉണ്ടായിരുന്നെന്നു കേട്ടാൽ ചിലർ അതിശയിക്കും.

''മൃഗതൃഷ്ണാം ഭസിസ്നാതഃ,
ഖപുഷ്പകൃതം ശേഖരം,
ഏഷ വന്ധ്യാസുതോ, യാതി
ശശശൃംഗധനുർദ്ധരഃ''

എന്നു പറഞ്ഞപോലെ ഇതൊരു അസംഭവമാണെന്ന് അവർ വിചാരിക്കും. നേരങ്ങനെയല്ല രേഖാസാക്ഷിപറയുന്നതാവിതു:—

''വിശ്വാസം ഉള്ള ലോകരുടെയും അതു് ഇല്ലാത്തവരുടെയും പൊറമെയുള്ള ചമയം കൊണ്ടും വെണം എന്നത പണ്ടെ പള്ളിയ്ക്കു അതിന സൂക്ഷം ഉണ്ട. അത എന്തെ രണ്ടു കൂട്ടവും ചമയം കൊണ്ടറിവാൻ ഈ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയം കൊണ്ടും തലമുടികൊണ്ടും അറിവാൻ ഏതും ഭേദമില്ലാ എന്ന ശുദ്ധമാന സുന്നഹദോസ് കണ്ടിട്ട തങ്ങളിൽ ഭേദം കൊണ്ട കണ്ടറിവാൻ കല്പിക്കുന്നു. ആണുങ്ങൾ ആരും ഇനിതുടങ്ങി കാതുകുത്തുത എന്നും വളത്തരുതെന്നും........കാതിൽ പൊന്നു ഇടുകയും അരുത.''

1599—ലെ ഒരു കാനോനാ. [Scssion IX D. XVII]

പോർട്ടുഗീസുകാരുടെ കാലത്തെ നസ്രാണി മാപ്പിളമാരെ വർണ്ണിക്കുന്ന ഘട്ടത്തിൽ ഹൌസായിപ്പ് (Rev. James Hough- History of Christianity in India) ഇങ്ങനെ പറയുന്നു:—

''പുരുഷന്മാർ മുട്ടുവരെ ഇറങ്ങുന്ന ഒരു വെള്ളമുണ്ടുടുക്കും. പള്ളിയിലോ രാജാക്കന്മാരുടെ സന്നിധിയിലൊ പോകുമ്പോൾ മുമ്പിലും പിന്നിലും ചിത്രത്തയ്യലുള്ള നിലയങ്കിധരിക്കാറുണ്ട്. സ്ത്രീകളേപ്പോലെ പുരുഷന്മാരും തലമുടി നീട്ടിവളർത്തും. വയസ്സന്മാരും, മൈലാപ്പൂരിൽ സെയിന്റു തോമസിന്റെ മൃതശരീരം വെച്ചിരിക്കുന്ന കല്ലറയിലേക്കു തീർത്ഥയാത്ര പോയിവന്നവരും, സന്യാസികളും മാത്രമേ ക്ഷൌരം ചെയ്യിക്കുകയുള്ളു. തലമുടി കൂട്ടിപ്പിടിച്ചു ചുരുട്ടി നിറുകയിൽ കെട്ടിയിട്ട് അതിന്മേൽ ഒരു സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള കുരിശുധരിക്കുന്നു. കല്ല്യാണത്തിനു തലയിൽ വെള്ളിയും സ്വർണ്ണവും കൊണ്ടുണ്ടാക്കിയ പൂക്കൾ ധരിക്കും. തലയിൽ ഒരു പട്ടുറുമാൽ ധരിച്ച് അതിന്റെ തലകൾ ചുമലിൽ തൂക്കിയിടും. അരയിൽ ചുമന്ന നിറത്തിലുള്ള പട്ടുകെട്ടാറുണ്ട്. അതു ചില്ലറപ്പണം, വെററില മുതലായതു വെക്കുവാൻ ഉപയോഗിക്കാറുണ്ട്!!

പിൽക്കാലത്താണ് തല മെഴുക്കെച്ചിരയ്ക്കുന്ന സമ്പ്രദായം നടപ്പായതു്. ഇതു യൂദന്മാരോടോ ജോനകമാപ്പിളമാരോടോ പഠിച്ചതായിരിക്കാം. ഇപ്പോൾ പഠിത്തക്കാരും പരിഷ്ക്കാരികളും ഇംഗ്ലീഷുകാരെ അനുകരിച്ചു തലമുടി കുറുക്കി വളർത്തുന്നു. മുമ്പു നസ്രാണി സന്യാസികളും തീർത്ഥയാത്രക്കാരും തലമുട്ടയടിച്ചിരുന്നതു് ബുദ്ധ സന്യാസികളുടെ സമ്പ്രദായത്തേ അനുകരിച്ചായിരുന്നോ എന്തോ?''

Note:— ഉദയംപേരൂർ സുന്നഹദോസ് സെഷ്യൻ IX– ഡിക്രിയ XVII മുഖാന്തിരം മെനേസിസ ബിഷോപ്പ് നസ്രാണികളുടെ ഉച്ചിയിൽ കുടുമ്മിയും കടുക്കനും നിറുത്തൽ ചെയ്കയായിരുന്നു. [James Hough–The History of Christianity in India Vol. II. പുറം 678–679]

സമ്പാദകൻ:

**ജോർജു വർഗീസ്, മദ്രാസ്**

സമ്മതിച്ചതായി നടിച്ചു. പോർട്ടുഗീസുകാർ ചെയ്ത ദുഷ്പ്രവൃത്തികൾ...

രിച്ചോ, മററു പലവിധ കാരണങ്ങളാലോ, സഖ്യോപരി ജാതിത്തലവൻ അക്കദിയാക്കോൻ തല്ലാലും യുദ്ധം ചെയ്യുന്നത് അപജയമാകുമെന്ന് കൽപിച്ചതു് ഒന്നടങ്കം അനുസരിക്കയാലും ഉദയമ്പേരൂരിൽ ഗത്യന്തരമില്ലാതെ പറങ്കിവേദനത്തിന് വഴങ്ങി എന്ന് ഒപ്പുമൂലം സമ്മതിച്ചതായി നടിച്ചു.

പിന്നെയും പറങ്കികളുടെ ദ്രോഹം ഏറിയപ്പോൾ അവരിലെ വീരയോദ്ധാക്കളുടെ രക്തം എത്ര തിളച്ചിരിക്കും. (തുടരും.)

ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

### അർക്കദിയാക്കോനെതിരെ ഗാർഷ്യയുടെ തെളിവെടുപ്പ്

തോമ്മാ അർക്കദിയാക്കോനെ കാനോനികമായി തറപറ്റിക്കുന്നതിനായിട്ടായിരുന്നു 1649 ഡിസംബർ 30–ന് അർക്കദിയാക്കോന്റെ മേൽശിക്ഷണ നടപടി കൊടുങ്ങല്ലൂർ നിയമാധികാരി വഴി കൈക്കൊണ്ടതിന്റെ വിചാരണ ഉദയമ്പേരൂർ പള്ളിയിൽ വച്ചു നടന്നത്. (ഉദയമ്പേരൂർ പള്ളിയും, ആ പ്രദേശവും മലങ്കര നസ്രാണികളെയും, അവരുടെ തലവന്മാരെയും അടിപ്പെടുത്തുവാൻ സൃഷ്ടിച്ചതാണെന്ന് ചരിത്ര പഠനം മൂലം പറയേണ്ടി വരുന്നത് വേദനയോടെയാണ്)

ഇക്കാലയളവിൽ 1648–49 അർക്കദിയാക്കോൻ, അലക്സന്ത്രിയ, അന്ത്യോഖ്യാ, ബാബിലോൺ എന്നീ പാത്രിയർക്കീസന്മാർക്ക്, ഇവിടേക്ക് ഒരു മെത്രാനെ അയച്ച് സഹായിക്കണമെന്ന് എഴുതി. അർക്കദിയാക്കോൻ തന്റെ കത്തിൽ ജസ്യൂട്ടുകൾ തങ്ങളോടു കാണിക്കുന്ന ഉദാസീനത, അവഗണന ഇവകളെ പെരുപ്പിച്ചു എഴുതിയിരുന്നു.

അർക്കദിയാക്കോന്റെ മേൽ ആരോപിച്ച 9 കുറ്റങ്ങൾ മുമ്പ് നാം കണ്ടവ തന്നെയാണ്. ഉദയമ്പേരൂരും, പിറവത്തും അർക്കദിയാക്കോനെതിരായി തെളിവെടുപ്പുകൾ ഗാർഷ്യാ നടത്തി. അതിൽ തെളിവു നൽകിയവർ പറങ്കികളുടെ ആശ്രിതന്മാരായിരുന്ന ഒരു കൂട്ടം ആളുകളായിരുന്നു. ആരോപണങ്ങളുടെ ചുരുക്കം, ഗാർഷ്യായുടെ അധികാരം കവന്ന് പ്രവർത്തിച്ചു, ഗാർഷ്യായുടെ കല്പനകൾക്കെതിരായി പ്രവർത്തിച്ചു, കാനൂൻ ലംഘനങ്ങൾ ചെയ്തു എന്നൊക്കെയായിരുന്നു. മലങ്കര സഭയിൽ പറങ്കികൾക്കൊ റോമാ സഭയ്ക്കോ എന്തധികാരമാണുണ്ടായിരുന്നത്? അവർ സ്വയം പ്രഖ്യാപിച്ച് സൈനീക ശക്തിയാൽ കവർന്നെടുത്ത്, സൈനീക ബലത്താൽ നിലനിർത്തിയതും, പിന്നീട് കള്ളപ്രമാണങ്ങളും കഥകളും പ്രചരിപ്പിച്ച്, ഊട്ടി ഉറപ്പിച്ചതുമായ അധികാരം മാത്രമേ അവർക്കിവിടെ ഉള്ളൂ. അർക്കദിയാക്കോൻ അവരുടെ കവച്ചയെ ഉന്മൂലനം ചെയ്യുവാൻ ഇവിടെ പരമ്പരയാ തുടർന്നുവന്ന ജാതിത്തലവന്റെ അധികാരങ്ങൾ പ്രയോഗിച്ചു. അതാണ് ആരോപണങ്ങളിലെ വിഷയങ്ങൾ.

### ജെയിക്കബ് തോമസ് നടുവിലേക്കര

ഷാജഹാന്റെ കാലത്ത് കൽക്കട്ടാ പ്രദേശത്ത് താവളമടിച്ച പറങ്കികൾ അവിടെ മുഹമ്മദീയ സ്ത്രീകളോടും മറ്റും അപമര്യാദ കാട്ടിയതിന് മുംതാസ് രാജ്ഞിയുടെ അടുക്കൽ പരാതി എത്തി. ഒട്ടും വൈകിയില്ല മുഗൾസൈന്യം അവിടെയെത്തി. അവർ പറങ്കി കോളനിയിൽ ''ഒരു തിരുവാതിര'' സൈനീക മുറയിൽ നടത്തി. സ്ത്രീകളെയും കുട്ടികളെയും നീക്കി ബാക്കി ആൺപറങ്കികൾ ഏറെയും വധിക്കപ്പെട്ടു. ശേഷിച്ചവർ ഒന്നിനും കൊള്ളാത്തവിധം മർദ്ദിക്കപ്പെട്ടിരുന്നു. ചൈനയിൽ ഈ പാതിരിമാർ ചെന്ന് പറങ്കിക്കളി നടത്തി. പലർക്കും ജീവനും അവയവങ്ങളും, നഷ്ടപ്പെട്ടു. ചിലർക്ക് നഗ്നരായി ഓടേണ്ടിയും വന്നു. എന്നാൽ ഇവിടത്തെ ഛോട്ടാ നാടുവാഴികൾക്ക് കുടിപ്പകതീർക്കാൻ വിദേശികളായ പറങ്കികളെ കൂട്ടുപിടിക്കേണ്ടിയിരുന്നു. പിന്നെ ഇങ്ങനെയൊക്കെ ഭവിച്ചെങ്കിൽ അതിശയിപ്പാനോ, കുണ്ഠിതപ്പെടുവാനോ ഇല്ല.

### അർക്കദിയാക്കോൻ വഴങ്ങുന്നില്ല

ആരോപണങ്ങളിന്മേൽ സാക്ഷി വിസ്താരങ്ങൾ നടത്തിയശേഷം അർക്കദിയാക്കോൻ ഗാർഷ്യയുടെ പക്കൽ ഹാജരായി സമാധാനം ബോധിപ്പിക്കണമെന്ന് കൊടുങ്ങല്ലൂർ ഭദ്രാസനദേവാലയത്തിലും, വല്ലാർപാടം ലത്തീൻ പള്ളിയിലും കൊടുങ്ങല്ലൂർ വൈദീകകോടതിയുടെ കല്പന എഴുതി പതിപ്പിച്ച് പരസ്യപ്പെടുത്തി. അർക്കദിയാക്കോൻ ആ ഭാഗത്തേക്ക് തിരിഞ്ഞതേയില്ല. 1650 ജനുവരി 1, 2, 6, തിയതികൾ വരെ ഹാജരാകുവാൻ ഉള്ള സാവകാശവും നൽകിയിരുന്നു. ഹാജരാകാത്തപക്ഷം അർക്കദിയാക്കോന് എക്സ് പാർട്ടിയായി excommunication ''മുടക്ക്'' ശിക്ഷ താനേ ഭവിക്കുമെന്ന് ഗാർഷ്യാ പ്രഖ്യാപിച്ചു. അപ്പോഴും അർക്കദിയാക്കോൻ അതിനെ അവഗണിക്കുകയാണു ചെയ്തത്. കൊച്ചിയിലെ പറങ്കി മുൻസിപ്പൽ അധികാരികൾ ഇടപ്പള്ളിപ്പള്ളിക്ക് പോകുവാൻ ആരെയും അനുവദിച്ചില്ല. 14–4–1650ൽ നടപടി പൂർണ്ണമായതായി ഗാർഷ്യാ പ്രഖ്യാപിച്ചു. ഇത് മാമ്മലശ്ശേരി പള്ളിയിൽ വച്ചായിരുന്നു. ഇടപ്പള്ളിപ്പെരുന്നാളിന് കൊച്ചീക്കാർ പോകുന്നത് നിരോധിച്ചതിനെപ്പറ്റി കൊച്ചിയിലെ പറങ്കിക്യാപ്റ്റന് എഴുതിയ അർക്കദിയാക്കോൻ ഗാർഷ്യായെ നീതികരിച്ചുള്ള മറുപടിയാണ് ലഭിച്ചത്.

അർക്കദിയാക്കോനും, മുടക്കേറ്റ സഹോദരൻ കത്തനാർ കുര്യനും (ഗീവറുഗീസ്) ഈ നടപടികളെ ഗൗനിക്കാതെ തന്റെ പക്ഷക്കാരുമായി ഇടപ്പള്ളിയിൽ കഴിഞ്ഞതല്ലാതെ വഴങ്ങിയതേയില്ല. അനുജൻ കുര്യൻ കത്തനാരെ അടിയന്തിരമായാണ് മുടക്കിയത്. ഈ കുര്യൻ കത്തനാരായിരുന്നു പിന്നീട് മൂന്നാം മാർത്തോമ്മാ ആയത്.

ഗാർഷ്യായുടെ നടപടികൾക്കെതിരായി അർക്കദിയാക്കോൻ പോർട്ടുഗലിലും, റോമായിലും പരാതികൾ അയച്ചു. എന്നാൽ അവിടെയെല്ലാം അർക്കദിയാക്കോന്റെ പരാതികളെ അവഗണിച്ച് തള്ളുവാൻ തക്കവിധം ജസ്യൂട്ടുകൾക്ക് ശക്തമായ സ്വാധീനമുണ്ടായിരുന്നു. അഥവാ മാർപാപ്പാ അർക്കദിയാക്കോന് അനുകൂലമായി കല്പന അയച്ചാലും പോർട്ടുഗലിന്റെ പദ്രുവാദൊ അധികാരം മൂലം ജസ്യൂട്ടുകൾക്ക് ആ കല്പനയെ അവഗണിക്കാമായിരുന്നു.

അർക്കദിയാക്കോൻ വീണ്ടും ഗാർഷ്യായുമായി രമ്യതയിലാകുവാൻ വാഞ്ഛിച്ചു എന്നും അത് പോർട്ടുഗലിൽ നിന്നുള്ള ശമ്പളം നഷ്ടപ്പെടാതിരിക്കുവാനുള്ള തന്ത്രമായിരുന്നു എന്ന് ഗാർഷ്യാ പറഞ്ഞതായും കൊച്ചിയിലെ ക്യാപ്റ്റൻ മൂലമായിരുന്നു ആലോചനകൾ എന്നും ഒരു പ്രബന്ധകർത്താവ് പറയുന്നു.

### വീണ്ടും അനുരഞ്ജനശ്രമം

1652–ൽ കൊച്ചീക്കോട്ടയുടെ ക്യാപ്റ്റൻ അന്തോണീദ് സിൽവാദാ മെനേസിസ് ഗാർഷ്യായേയും അർക്കദിയാക്കോനെയും രമ്യതയിൽ എത്തിക്കുവാൻ ഒരു അവസാന ശ്രമം നടത്തി. ഇതു് രണ്ടുപേരും രമ്യതയും സമാധാനവും വേണം എന്ന് പ്രഖ്യാപിച്ചതുമൂലമായിരുന്നു. എന്നാൽ രണ്ടുപേരും വിട്ടുവീഴ്ചയ്ക്കോ, കീഴ്പെടലിനോ തയ്യാറില്ല. ഗാർഷ്യാ 1645 ലെ ആവശ്യങ്ങൾ തുടർന്ന് ഉന്നയിച്ച് ഉറച്ചുനിന്നു. അർക്കദിയാക്കോന് ആ പല്ലവി കേൾക്കുവാൻ അശേഷം ഇഷ്ടമില്ലാതെ പഴയപോലെ തന്നെ ഉറച്ചുനിന്ന് സ്വീകരിച്ചു. അവരുടെ തർക്കം തുടർന്നു. സമാധാനമായില്ല എന്നാണ് ഗാർഷ്യായുടെ കാലം വിവരിക്കുന്ന ഫാ. ജോസഫ് തെക്കേടത്തു് പറയുന്നതു്.

ഫാ. കൊല്ലപറമ്പിൽ പറയുന്നതു്. ''അർക്കദിയാക്കോന് ജനപിൻതുണ പോയി എന്ന് ഗാർഷ്യായും കൂട്ടരും പറഞ്ഞു പരത്തി. ലിസ്ബനിലേക്കും റോമിലേക്കും എഴുതി. എന്നാൽ വാസ്തവം അർക്കദിയാക്കോന് ബഹുഭൂരിപക്ഷം നസ്രാണികളുടെയും പിൻതുണ ഉണ്ടായിരുന്നു'' എന്നതാണ്. ഇതിനിടയിൽ ഇടവകകൾ സന്ദർശിക്കുവാൻ സഞ്ചരിച്ചിരുന്ന ജസ്യൂട്ടുകൾ ഗാർഷ്യായെ തള്ളിപറഞ്ഞിരുന്ന അർക്കദിയാക്കോൻ കക്ഷികളുടെ ഇടയിൽ ഗാർഷ്യായുടെ ചെയ്തികൾക്ക് തങ്ങൾ ഉത്തരവാദികളൊ, കൂട്ടാളികളോ അല്ലാ തങ്ങൾ ദൈവ വചനം പ്രചരിപ്പിക്കുവാനും, ആത്മീയദിഷ്ടിതികൾ നടത്തിക്കൊടുപ്പാനും മാത്രം വന്നവരാണ് എന്നു പറഞ്ഞു നടന്നു. ഗാർഷ്യാപക്ഷക്കാരുടെ ഇടയിൽ ഗാർഷ്യാ പക്ഷക്കാരായി തന്നെ അവർ സഞ്ചരിച്ചു. അതും നയതന്ത്രമെന്നുതന്നെ പറയാം.

**അടുത്ത ലക്കത്തിൽ:–**

**മലങ്കര നസ്രാണികളുടെ തിക്താനുഭവങ്ങളെപ്പറ്റി റോമൻ കത്തോലിക്കാ ചരിത്രകാരൻമാരുടെ സാക്ഷ്യങ്ങൾ**

---

ഞാൻ പാതകിയും നിരസിതനും
മടിയനുമാണെന്നറിയുന്നേൻ
അൻപുടയോനാമഖിലേശാ
നന്യൻ ഞാനന്യായത്തിൽ

എന്നെ പ്രതിയെൻ സ്നേഹിതരും
പരിചിതരും കൈയ്പ്പൊടു കേഴും
നാനാവിധമായ് ഞാനയ്യോ
പാരമധർമ്മ മനുഷ്ഠിച്ചു.

നിബിയരെ ഞാൻ കേട്ടിട്ടില്ലാ
ശ്ലീഹന്മാരൊടു മല്പാന്മാർ
എന്നിവരെ ശ്രദ്ധിച്ചില്ല
പാർക്കിലെനിക്കയ്യോ കഷ്ടം (തുടരും)

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

### ഗാർഷ്യാ മെത്രാൻെറ രൂക്ഷമായ മുടക്കു നമ്പർ– I

ഇതിനുമുമ്പ് തോമ്മാ അർക്കദിയാക്കോൻെറ മുൻഗാമി ഗീവർഗീസ് രണ്ടാമൻ മെനേസീസിനെ മുടക്കുകയും, മെനേസീസ് ഗീവർഗീസിനെ മുടക്കുകയുംമുടക്കഴിക്കുകയും, റോസ് മെത്രാൻ ഗീവർഗീസ രണ്ടാമനെ ഒന്നിലധികം തവണ മുടക്കുകയും ഒക്കെ ചെയ്തു. അന്നെല്ലാം ആബാലവൃദ്ധം നസ്രാണിജനത ഗീവർഗീസിനു് പിന്നിൽ പാറപോലെ ഉറച്ചുനിന്നിരുന്നു. എന്നാൽ തോമ്മാ അർക്കദിയാക്കോൻെറ ഭരണകാലത്തു് കൊടുങ്ങല്ലൂർ, കൊച്ചി പ്രദേശങ്ങളിൽ ചില കത്തങ്ങളും ആത്മായരും ഭീഷണിയാലും ഐഹിക നേട്ടങ്ങളാലും പറങ്കികൾക്ക് അകമേ വഴങ്ങിയവരായും, പരസ്യമായി കീഴടങ്ങി അനുസരിച്ചവരായും സമൂഹത്തിലുണ്ടായിരുന്നു. അവരുടെ ചാരവൃത്തി, സമുദായദ്രോഹം, നമ്മുടെ കഥാനായകൻെറ നിലപാടിനെ പ്രതികൂലമായി ബാധിച്ചു. അതു് തന്നെ പീഡനങ്ങൾക്കും കഠിനയാതനകൾക്കും ഐഹികമായി നിന്ദിതനും, പതിതപ്രതാപനും ആക്കിത്തീർത്തു. തന്നിലെ യഥാർത്ഥ ഭാരതീയൻെറ ദേശാഭിമാനവും ഭാരത ക്രൈസ്തവ സമൂഹത്തിൻെറ തനിമയും സ്വാതന്ത്ര്യവും നിലനിത്തുവാനും വീണ്ടെടുക്കുവാനുമുള്ള സർവ്വാത്മനാ സന്നദ്ധതയുടെയും സർവ്വോപരി തന്നിലെ യഥാർത്ഥ മഹാൻെറയും മാററുരയ്ക്കലിൻെറ ആരംഭമായിരുന്നു ഈ മുടക്കുദ്യമം എന്നു പറയാം.

### മുടക്ക് എന്തിന് ?

അർക്കദിയാക്കോൻ പൊടുന്നനവേ ഇടപ്പള്ളി ആശ്രമാംഗത്വം സ്വീകരിച്ചു. ഇതിന് പറങ്കി ഭരണാധികാരമുറയിൽ (നിയമപ്രകാരം) ഗാർഷ്യായുടെ അനുമതി വേണ്ടിയിരുന്നു. അക്ദിയാക്കോൻ അവരുടെ ഭരണംതന്നെ ഇല്ലായ്മ ചെയ്യുവാൻ ഉള്ളിലുറച്ച് നീങ്ങിയിരുന്നതിനാൽ തൻെറ പാരമ്പര്യ അധികാരത്താൽ അതു് സ്വയം ചെയ്തു. ഗാർഷ്യയെ മന:പ്പൂർവ്വം അവഗണിച്ചു. എന്നാൽ ഇത് ഗാർഷ്യാ പക്ഷത്തിൻെറ പരിഗണനയിൽ ഇടപ്പള്ളി ആശ്രമ

ജെയിക്കബ് തോമസ്, നടുവിലേക്കര

സ്വത്തുക്കൾ കയ്യടക്കി അപഹരിക്കുന്നതിനു് കരുതിക്കൂട്ടി ചെയ്ത തന്ത്രമായി കണ്ടെത്തി. തന്നെയുമല്ല കൊടുങ്ങല്ലൂരുള്ള സഭാനിയമ നടപടികളുടെ കാര്യസ്ഥൻ അർക്കദിയാക്കോൻെറ ഈ നടപടി മെത്രാപ്പോലീത്തായുടെ സ്ഥാനാധികാര നിർവ്വഹണത്തെ തടസ്സപ്പെടുത്തലോ ലംഘിക്കലോ ആകയാൽ അക്കദിയാക്കോൻെറ മേൽ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് 9 വിഷയങ്ങളിൽ ആരോപണങ്ങൾ ഉന്നയിച്ച് 7 പേരെ വിസ്തരിച്ചു തെളിവെടുത്തു.

ഇത്തരുണത്തിൽ മറെറാരു കാര്യം വളരെ ഗൗരവമർഹിക്കുന്നതായി കാണുന്നു. വൈസ്രോയി പോർട്ടുഗൽ രാജാവിനു് അയച്ച കത്തിന് മറുപടിയായി വന്ന കല്പനയിൽ വൈസ്രോയി ഗാർഷ്യയെ എല്ലാ വിധത്തിലും സഹായിച്ച് പിൻബലം കൊടുക്കുകയും കൊച്ചി രാജാവിനെ ഹേമിച്ച് അർക്കദിയാക്കോനെ ഗാർഷ്യയ്ക്കു് കീഴ്പ്പെടുത്തുകയും ചെയ്യണമെന്നും എഴുതിയിരുന്നു. കൂടാതെ മലബാർ സഭയിൽ

---

കാണാം. മോസ്കോയിലെ ഒരു തെരുവീഥിയിൽക്കൂടി നടന്നുപോകുമ്പോൾ, താമസിക്കുന്ന ഹോട്ടലിൻെറ സമീപത്തുവച്ച്, ഒരാൾ സമീപിച്ച് റഷ്യൻ ഭാഷയിൽ സംസാരിച്ചു. വിദേശിയാണെന്നു മനസ്സിലാക്കിക്കൊണ്ട് വിദേശനാണയം ഉണ്ടോ എന്നാണ് ചോദിച്ചതു്. ബാങ്കിൽ കിട്ടുന്ന റേററിനേക്കാൾ വളരെ കൂടുതൽ തരാമെന്നാണ് അയാളുടെ വാഗ്ദാനമെന്നു് ഏറെക്കുറെ ഊഹിക്കുവാൻ കഴിഞ്ഞു. അവിടെയും കരിഞ്ചന്തക്കാരുടെ മേമ്പൊടി ഉണ്ടെന്നു് അതു വെളിപ്പെടുത്തി. വേഷവും ഭാവവും കണ്ടിട്ട് അയാൾ ഗവണ്മെൻറിൻെറ രഹസ്യപ്പോലീസിൽപെട്ടവനാണെന്നു തോന്നിയില്ല.

നിയന്ത്രണങ്ങളുടെ ആ നാട്ടിൽ ശിക്ഷണബോധം വളരെയുണ്ടെന്നു്, അതു ജീവിതത്തിൻെറ വിവിധ തുറകളിൽ പ്രകടമാണെന്നു് കാണിക്കുകയാണ് ഈ ലേഖനത്തിൽ ശ്രമിച്ചതു്.

—

# നമ്മുടെ കർത്താവിനെക്കുറിച്ച് വി. ബൈബിളിന് വെളിയിൽനിന്ന്

ഫാദർ തോമസ് ചക്കിട്ടടം, തുമ്പമൺ

വി. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്മുടെ കർത്താവിൻെറ പ്രബോധനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പുറമെ ഒട്ടുവളരെ കാര്യങ്ങൾ അന്നും അതിനോടടുത്തും രൂപംകൊണ്ട പല പ്രാമാണികരേഖകളിൽനിന്നും ലഭ്യമായിട്ടുണ്ട്. അവയെല്ലാം വസ്തുതകളുടെ ചുവടുപിടിച്ച് എഴുതിയിട്ടുള്ളവയാണെന്ന് തീർത്തുപറയുവാൻ നിവർത്തിയില്ലെങ്കിലും ഇങ്ങനെയുള്ള കഥകളിലൊക്കെ സത്യത്തിൻെറ കണികകൾ പലപ്പോഴും കണ്ടെന്നുവരാം. വിജ്ഞാനകുതുകികളുടെ അറിവിനുവേണ്ടി ഏതാനുമെണ്ണം അടിയിൽ കൊടുക്കുന്നു.

1. നമ്മുടെ കർത്താവിൻെറ ശരീരവടിവും ഭാവവും ചിത്രീകരിക്കുന്ന ഒരു അതിപുരാതന രേഖയാണ് ഇതിലൊന്ന്. ഇതു് റോമാ പട്ടണിത്തലെ പുരാവസ്തുശേഖരങ്ങൾ അടക്കിവച്ചിരിക്കുന്ന ഗവൺമെൻറു വക റിക്കാർഡുപുരയിൽനിന്ന് ലഭിച്ചിട്ടുള്ളതാണ്. പ്യൂബ്ലിയസ് ലൻറിലസ് (Publius Lentilus) എന്ന റോമാക്കാരനായ ഒരു ഉദ്യോഗസ്ഥൻ തിര്യബോസ് കൈസർക്കു് എഴുതിയിട്ടുള്ള ഒരു കത്താണ് ഇതു്. ഉദ്ദേശം രണ്ടായിരത്തോളം വർഷങ്ങളായിക്കാണണം ഇതെഴുതിയിട്ട്. അതിൻെറ ഏകദേശ മലയാളഭാഷ്യമാണ് താഴെ അവതരിപ്പിക്കുന്നതു്.

'ഫെലിസ്ത്യൻ നാട്ടിൽ അസാധാരണ ശക്തിവിശേഷങ്ങളോടു കൂടിയ ഒരു മനുഷ്യൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. താൻ സ്വയം മനുഷ്യപുത്രനെന്നു വിളിക്കുകയും മരിച്ചവരെ ഉയിപ്പിക്കുകയും വിവിധയിനം രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നു. അദ്ദേഹം ഉയരം കൂടിയവനും നല്ല ശരീരവടിവുള്ളയാളും ആരുടെയും സ്നേഹബഹുമാനാദികൾ പിടിച്ചുപററുവാൻ കഴിവുള്ള മുഖവടിവോടു കൂടിയവനുമാണ്. അദ്ദേഹത്തിൻെറ മുടി പുതുവീഞ്ഞിൻെറ നിറത്തോടു കൂടിയതും ചുവട്ടിൽനിന്ന് അഗ്രംവരെ ചുവന്ന് സ്വർണ്ണനിറത്തോടു കൂടിയതും തോളുവരെ നീണ്ടുകിടക്കുന്നതുമത്രെ. നെററിയുടെ നേരെ മുടി രണ്ടായി ഭാഗിച്ച് രണ്ടു വശത്തോട്ടും കിടക്കുന്നു. നെററിത്തടം വിരിഞ്ഞതും ഭംഗിയുള്ളതും മുഖം പാടുകളില്ലാതെ ശ്രീയോടുകൂടിയതുമാണ്. താടി ഇടതൂർന്ന് വളർന്നു നിൽക്കുന്നതും മുടിയുടെ നിറത്തോടു് അനുരൂപവുമാണ്. ചാരനിറമുള്ള കണ്ണുകൾ തിളക്കം നന്നായിക്കാട്ടുകയും ചെയ്യുന്നുണ്ടു്. തൻെറ ഉദ്ബോധനങ്ങൾ ഭയം ജനിപ്പിക്കുന്നതും പഠിപ്പിക്കലുകൾ സ്നേഹനിർഭരവും ശാന്തവും തന്നെ. അദ്ദേഹം ഒരിക്കലും ഇളകി ചിരിക്കാത്തവനാണെങ്കിലും ചിലപ്പോഴൊക്കെ കരയും.

താൻ നേരെ നിൽക്കുന്നവനും തൻെറ കൈകൾ വലുപ്പമുള്ളവയും മനോഹരവുമാണ്. അദ്ദേഹം കുറച്ചു മാത്രമേ സംസാരിക്കുന്നുള്ളുവെങ്കിലും അതു് മഹത്വം സ്ഫുരിക്കുന്ന രൂപത്തിലും ഭാവത്തിലുമാണ്. എല്ലാററിലും ഉപരിയായി താൻ ലോകത്തിലേക്കും സുമുഖനുമത്രെ.' (From Mirror Magazine Dec. 1977 Article by George V. Hardinge).

---

വേണ്ടത്ര പ്രേഷിതരെ നിയോഗിച്ച് അതിനെ തളരാതെ വളരുന്നതാക്കിത്തീർക്കണമെന്നും രാജാവ് വൈസ്രോയിയോടും ഗാർഷ്യയോടും ആവശ്യപ്പെട്ടു. ഈ രാജകല്പന ഗാർഷ്യയെ കൂടുതൽ ധൈര്യവാനാക്കി എന്തും ചെയ്യുവാൻ പിന്തുണയേകി. അതിൻെറ തണലിൽ ആയിരുന്നു പിന്നീടുണ്ടായ നീക്കങ്ങൾ. വൈസ്രോയി രാജകല്പനാനുസരണം നീങ്ങി.

## 'നിസഹായനായ സാമന്തൻ'

കൊച്ചിരാജാവ് അർക്കദിയാക്കോനുള്ള പിന്തുണ പിൻവലിച്ചു ഗാർഷ്യയെ പിന്താങ്ങി. അർക്കദിയാക്കോൻ തൻെറ ആസ്ഥാനം തൃപ്പൂണിത്തുറനിന്നും ഇടപ്പള്ളിക്ക് മാററി. (അർക്കദിയാക്കോന്മാരുടെ ആസ്ഥാനം ആദികാലങ്ങളിൽ കൊടുങ്ങല്ലൂരും അതിൻെറ നാശശേഷം അങ്കമാലിയും രണ്ടാം ആസ്ഥാനം ഇടപ്പള്ളിയും സ്വന്തജന്മ ഇടവക കുറവിലങ്ങാട്ടും ആയിരുന്നു).

ഇടപ്പള്ളി രാജാവിൻെറ സഹായത്താൽ അവിടത്തെ പള്ളികൾ രണ്ടും കൈവശപ്പെടുത്തി. ഈ അവസരത്തിൽ തൻെറ ശക്തിപ്രകടനത്തിനായി ഗാർഷ്യാ തൃപ്പൂണിത്തുറയും ചുററുപാടുമുള്ള പള്ളികളിലും ഇടവക സന്ദർശനം നടത്തി. അർക്കദിയാക്കോൻരണ്ടു വർഷം തുടർച്ചയായി അവിടെ താമസിച്ചിരുന്നു. (തുടരും)

ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹനായ ഒന്നാം മാർത്തോമ്മാ (തുടർച്ച)

### റോമൻ കത്തോലിക്കാ ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ

''16–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ....പറങ്കികൾ കൊച്ചിയിൽ വന്നുകയറി അധിവാസവും ആധിപത്യവും ഉറപ്പിച്ചു...അവരും നസ്രാണികളുമായി ....രമ്യതയിലും സ്നേഹത്തിലും വർത്തിച്ചുവന്നു. അങ്ങിനെയിരിക്കെ കുലീനരും ശ്രേഷ്ഠവംശജരുമായ സുറിയാനിക്കാരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടണമെന്നു.... പറങ്കികൾക്കഭിനിവേശമുണ്ടായി. അന്നു നസ്രാണികളുടെ പട്ടണമായിരുന്ന മട്ടാഞ്ചേരിയിലെ സുറിയാനിപ്പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി പറങ്കികൾ.... അഭിലാഷം സദസ്സിൽ അറിയിച്ചു. എന്നാൽ ജാതി വ്യത്യാസം.... കാരണങ്ങളാൽ ....തങ്ങൾക്ക് നിവർത്തിയില്ലെന്ന് നസ്രാണികൾ അറിയിച്ചു. ഇതുങ്കൽ കുപിതരായ പറങ്കികൾ....മട്ടാഞ്ചേരി തെരുവിൽ നിന്നും ബലാൽക്കാരേണ നസ്രാണി യുവതികളെ കൊച്ചീക്കോട്ടയിലേക്കു കൊണ്ടുപോകുന്നതിന് ഒരു ആലോചന നടന്നു. ഇതറിഞ്ഞു നസ്രാണികളിൽ പലരും.... കുടി പുറപ്പെട്ടു പോയുണ്ടത്രെ! P: 474. തെക്കും ഭാഗരും വടക്കും ഭാഗരും. ജോസഫ് ക്ുർമങ്കൽ 1944

ഏതെല്ലാം തരത്തിൽ പറങ്കികൾ നസ്രാണികളെ അപമാനിച്ച് അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തി, രക്തം തിളപ്പിച്ചു എന്ന് അനുമാനിക്കുക.

''തങ്ങളുടെ കൂട്ടത്തിൽ പെട്ടവർക്കു ധാരാളമായി പട്ടം കൊടുക്കുന്നതിന് വടക്കും ഭാഗരായ പകലോമറ്റത്തു അർക്കദിയാക്കോനും പ്രധാനികളും സമ്മതിക്കുന്നില്ലെന്നും, അതിനാൽ മേലാൽ തങ്ങളുടെ സമുദായത്തിൽ നിന്നും ധാരാളം പേർക്കു പട്ടം കൊടുത്തു് ഈ അവശതയ്ക്ക് പരിഹാരം വരുത്തുവാൻ കൽദായ മെത്രാപ്പോലീത്തായുടെ പക്കൽ ശുപാശ് ചെയ്യണമെന്നും തെക്കും ഭാഗർ പറങ്കികളുടെ അടുക്കൽ സങ്കടം പറഞ്ഞു..... ഇതനുസരിച്ച് പോർട്ടുഗീസുകാർ ചെയ്ത ശുപാശ് പ്രകാരമത്രെ, മാർ അബ്രഹാം മെത്രാൻ കോട്ടയത്ത് ഏതാനും തെക്കും ഭാഗക്കാർക്കു പട്ടം കൊടുത്തതും, വടക്കും ഭാഗർ പ്രതിഷേധിച്ച് ചെറിയ പള്ളി വച്ച് മാറിപ്പോയതും.''

തെക്കും ഭാഗരും വടക്കും ഭാഗരും തമ്മിൽ വഴക്കും, വിദ്വേഷവും പണ്ടു മുതലേ നിലവിലിരുന്നു. കാരണം ഏതായാലും പറങ്കികൾ അവരെ സഹായിച്ചു. അവർക്കു് അതുമൂലം പറങ്കികളോട് അനുഭാവം കാട്ടേണ്ട ധാർമ്മിക ബാദ്ധ്യതയുണ്ടായി. അവർ ഉദയംപേരൂർ സുന്നഹദോസുകാലത്തും, കൂനൻ കുരിശു സത്യകാലത്തും പറമ്പിൽ ചാണ്ടിമെത്രാനെ വാഴിച്ചപ്പോഴുമെല്ലാം ഈ പറങ്കി അനുഭാവം നിലനിർത്തി. അങ്ങിനെ തെക്കുംഭാഗ വടക്കുംഭാഗ ജാതി വഴക്കു് തുടന്നു. ഇന്ന് ബാഹ്യമായി അതിന്റെ പ്രസക്തി ഇരുകൂട്ടരും ഉന്നയിക്കുന്നില്ല എന്നതു് നല്ലതു തന്നെ. പോർട്ടുഗീസുകാർ നസ്രാണികളുടെ ഇടയിൽ ഭിന്നത

**ജേക്കബ് തോമസ്, നടുവിലേക്കര**

വിതച്ച് അവർക്കനുകൂലമായ ഫലം, കഴിവുള്ളിടത്തെല്ലാം വിളയിച്ചു. അവർക്കു് നല്ലകൊയ്ത്ത് പലയിടത്തും ലഭിച്ചു. അതിന് അവരെ പഴിക്കേണ്ട കാര്യമില്ല. നമ്മുടെ കാരണവന്മാരുടെ തന്നെ തെററുകൾ. നാമെല്ലാം അതു തുടങ്ങുകയല്ലേ? പലവിധത്തിലും?

''പുറമെ കാണുന്ന ശാന്തതയ്ക്കിടയിൽ നീറിപ്പുകയുന്ന ഒരഗ്നി പർവ്വതമുണ്ടെന്നുള്ള വസ്തുത സമ്മതിക്കുവാൻ അവർ തയ്യാറായില്ല. (പറങ്കികൾ) അന്യായമായി തങ്ങളുടെ മേൽ കെട്ടിവച്ച പോർട്ടുഗീസ് വൈദീക ഭരണത്തെ കേരളത്തിൽ നിന്ന് നിഷ്കാസനം ചെയ്യുന്നതിനും, സുറിയാനി മെത്രാന്മാരെ.... ഇവിടെ കൊണ്ടുവരുന്നതിനും കേരള ക്രിസ്ത്യാനികൾ തീരുമാനിച്ചു.'' P. 39 തച്ചിൽ മാത്തുത്തരകൻ. എം. ഒ. ജോസഫ് നെടുങ്കുന്നം.

''സമുദായത്തിന്റേയും റീത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തോമ്മാ അർക്കദിയാക്കോൻ ചെയ്ത സേവനങ്ങൾ അഭിനന്ദനീയങ്ങളാണെങ്കിലും, ഒടുവിലത്തെ അദ്ദേഹത്തിന്റെ നീക്കം, സമുദായത്തെ ഛിന്നിപ്പിക്കുന്നതിനും ശീശ്മയിൽ



പെടുത്തുന്നതിനും കാരണമായി. അതിൽ അദ്ദേഹം നമ്മുടെ അനുകമ്പ അർഹിക്കുന്നു.'' പേജ് 36. 'കേരള സഭാതാരങ്ങൾ' എം. ഓ. ജോസഫ്, നെടുംകുന്നം.

റോമാ നസ്രാണി ചരിത്രകാരന്മാരിൽ നിന്ന് പ്രത്യേകം ചട്ടക്കൂട്ടിലിട്ടതെങ്കിലും രണ്ടു് നല്ലവാക്ക് തോമ്മാഅർക്കദിയാക്കോനെപ്പററി ചുരുക്കമായേ കണ്ടിട്ടുള്ളു. ഈ റീത്തെന്നും, സമുദായമെന്നും ഒക്കെ പറയുമ്പോൾ അതു് റോമാ സിംഹാസനത്തിന്റെ കീഴിലുള്ളതിനെ മാത്രം ആയി വ്യവഹരിക്കുയാണ് ഇവരെല്ലാം. സത്യത്തിൽ ഇവിടെ റോമായുമായി, പ്രത്യക്ഷമായോ പരോക്ഷമായോ, വിശ്വാസത്തിലോ സഭാ ഭരണത്തിലൊ, യാതൊരു ബന്ധവുമില്ലായിരുന്നു എങ്കിൽ തോമ്മാ അർക്കദിയാക്കോനെ പുറത്തു് നിന്ന് അഭിനന്ദിച്ച് നിന്ദിക്കുന്നവരല്ലെ അവശ്യം അനുകമ്പാർഹർ. റോമാ സഭയുമായി വിശ്വാസ ഐക്യമില്ലാത്തവർക്കെല്ലാം റോമാസഭ ശീശ്മ കല്പിക്കുന്നു. മറിച്ച് റോമാസഭ ഈ ശീശ്മക്കാർക്കും ശീശ്മ സഭയാണെന്നതു പലരും സൗകര്യപൂർവ്വം വിസ്മരിക്കുന്നു. സഹതപിക്കാമോ ആവോ?

''മെനേസ്സിസ് എന്ന പോർട്ടുഗീസുകാരൻ മെത്രാപ്പോലീത്താ നാടടക്കം ചുററി സഞ്ചരിച്ചപ്പോൾ ചില പള്ളികളിലെ വികാരിമാർ മെത്രാപ്പോലീത്തായുടെ സ്പർശനം തന്നെ അനുവദിക്കയുണ്ടായില്ലത്രെ! മ്ലേഛന്മാർ തൊട്ടാൽ കുളിക്കണമെന്നുള്ള വിചാരത്താൽ കത്തനാരന്മാർ തന്റെ ഹസ്തദാനം നിരാകരിക്കുമെന്നും മെത്രാപ്പോലീത്താ സ്വപ്നേപി നിനച്ചിരിക്കയില്ല.'' പേജ് 22. 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും. ഡോ. പി. ജെ. തോമസ്.

കുറവിലങ്ങാട്ട് പകലോമററം, നെടുമററം ശാഖാംഗമായിയിരുന്ന ഡോ. തോമസ് പറയുമ്പോൾ അതു് കാര്യമാകുമ്പോൾ, അപ്പാടെ സ്വീകരിക്കണം. പറങ്കികൾ, ഗോം മാംസ ഭോജികളും, സ്നാനവിഹീനരും മററും ആയിരുന്നു എന്ന് അദ്ദേഹം പറയുന്നുണ്ട്, നസ്രാണികൾ രണ്ടു നേരം കുളിക്കുന്നതും, പള്ളിയിൽ കുളത്തിൽ കുളിച്ച് ആരാധനയ്ക്കെത്തുന്നതും ഹിന്ദുമതാചാരമാണെന്നു മെനേസീസ് ആക്ഷേപിച്ചതായി രേഖയുണ്ട്. പറങ്കികൾ ശൗചക്രിയ ഇല്ലാത്താവരായിരുന്നു എന്നു പറയുന്നു.

ഇററലിയും യൂറോപ്പുതന്നെയാണ്, അവരും ഗോമാംസ ഭോജികളും മേല്പറഞ്ഞ പല കുറവുകളും നാം നോക്കിയാൽ ഉള്ളവരുമായിരുന്നു. ഗോമാംസ ഭോജി എന്ന ഏക കാരണത്താൽ മെനേസ്സിസിന്റെ സ്ഥാനത്തു് അന്നത്തെ മാർപാപ്പാ എഴുന്നെള്ളിവന്നാലും നമ്മുടെ കത്തനാരന്മാരും ജനങ്ങളും അന്നത്തെ ആചാരത്തിൽ ''അസ്പർശ്യ''നായിതന്നെ വർത്തിക്കുമായിരുന്നു. ഏതായാലും ഈ അസ്പർശ്യത പറങ്കിയെ, പകയുടെ വെറിപൂണ്ടവരായി, നസ്രാണികളോട് പിന്നീട് വർത്തിക്കുന്നതിനിടയാക്കി.

''കേരള സുറിയാനി സഭാദ്ധ്യക്ഷന്മാരായി പൗരസ്ത്യ കൽദായറീത്തുപാത്രിയർക്കിസിനാൽ അയയ്ക്കപ്പെട്ട് ഇവിടെ എത്തിയ മാർ ജോസഫ്, മാർ എബ്രാഹം എന്നീ മെത്രാപ്പോലീത്താമാരെ പോർട്ടുഗീസധികാരികൾ മർദ്ദിക്കുകയും ബന്ധനത്തിലാക്കുകയും ചെയ്തതു് ഗീവർഗീസ് അർക്കദിയാക്കോ

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



ഏലിസബേത്തു് ജോൺ, കോട്ടയം



# പ. പരുമല തിരുമേനിയുടെ ഒരു നൂററാണ്ടു പഴക്കമുള്ള ഒരു കല്പന

നിരണം മുതലായ പള്ളികളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽനിന്നും
(മുദ്ര)

രക്ഷിതാവായ യേശുമിശിഹായാൽ വിളിക്കപ്പെട്ടതും തന്റെ അപ്പോസ്തോലനായ മാർ തോമശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതും ആ പിൻതുടർച്ചയിൽ മലബാറിൽ തെക്കിനടുത്ത നിരണം, കൊല്ലം, തുമ്പമൺ എന്നീ മൂന്നിടവകകളിൽപ്പെട്ട എല്ലാ പള്ളികളിലെ പട്ടക്കാരും ശെമ്മാശന്മാരും എപ്പിത്രൊപ്പന്മാരും ശേഷം എല്ലാവരുംകൂടി കണ്ടെന്നാൽ നമ്മുടെ രക്ഷിതാവായ യേശുമശിഹാ തന്റെ വിശുദ്ധ ശിഷ്യന്മാരോടു എന്റെ സമാധാനം നിങ്ങൾക്കു തരുന്നുയെന്നും എന്റെ സമാധാനത്തെ നിങ്ങൾക്കു വച്ചേക്കുന്നുയെന്നും കല്പിച്ചു കൊടുത്തിട്ടുള്ള ആ സമാധാനം നിങ്ങളെല്ലാവരുടെ മേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

---

ന്റെ മർമ്മഭേദകമായ അനുഭവങ്ങളിൽ ചിലതുമാത്രമായിരുന്നു.'' പേജ് 283, 284. 'കറവിലങ്ങാട്ട് ചരിത്രം' വി. സി. ജോർജ് ബി. എ. എൽ. ററി.

വലിയ ഗീവർഗീസ് അർക്കദിയാക്കോന് പറങ്കികളിൽനിന്നുണ്ടായ കയ്പേറിയ അനുഭവങ്ങളിൽ ചിലതായിരുന്നു മേല്പറഞ്ഞതു്. അദ്ദേഹത്തെ മെത്രാനാക്കാമെന്ന് പറങ്കികൾ പറഞ്ഞിട്ട് നയത്തിൽ അതിനെ ഉപേക്ഷിച്ചയാളായിരുന്നു, നസ്രാണി ജാതിത്തലവൻ വലിയ ഗീവർഗീസ് എന്നോർക്കണം.

''ഉദ്ധൃതഭാഗത്തിൽ സൂചിപ്പിച്ചിട്ടുള്ള അർക്കദിയാക്കോന്റെ അപദേശങ്ങളും ഉപായങ്ങളും, അദ്ദേഹം ഈശോസഭാംഗങ്ങളായ ആലോചനക്കാരെ സ്വീകരിക്കാതിരുന്നതും മെനെസീസു മെത്രാപ്പോലീത്ത ആവശ്യപ്പെട്ടതനുസരിച്ച് വിശ്വാസസത്യം രേഖപ്പെടുത്തിക്കൊടുക്കാതിരുന്നതും മററും ആയിരിക്കാം — — — — — —മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതനുസരിച്ച് വിശ്വാസസത്യപ്രമാണം രേഖപ്പെടുത്തിക്കൊടുക്കാതിരുന്നതു് അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിന്റെ അടയാളമായി കരുതേണ്ടതത്രെ. '' ibid. 298, 299.

(തുടരും)

പ്രിയമുള്ളവരേ നമ്മുടെ സമുദായത്തിന്നു എത്രൽക്കാലം വേച്ചിട്ടുള്ള കുഴപ്പങ്ങൾ അതിന്റെ ലൗകിക വിഷയങ്ങളിൽ മാത്രമല്ല ആത്മീയത്തിലും നേരിട്ടു വളരെ പരിതാപാവസ്ഥയിൽ ആയി തീർന്നിരിക്കുകയെന്നും നമുക്കു ചുററുമുള്ള ഇതര സഭക്കാർ തങ്ങളുടെ അത്യൽസാഹത്താൽ അവരുടെ വിശ്വാസരീതിക്കടുത്ത സഭാഭരണത്തിൽ നാൾക്കുനാൾ ഉയർന്ന പരിഷ്കൃതരായി വരുന്നുയെന്നും ഉള്ളതു നമുക്കു പ്രത്യക്ഷപ്പെട്ടും നാം അതിനാൽ ലജ്ജിച്ചും വരുന്നതിൽ വച്ചു ദൈവത്തേയും തന്റെ തിരുസഭയേയും സ്നേഹമുള്ളതിനാൽ ആർക്കും വ്യസനം തോന്നാതെയിരിക്കയില്ലല്ലോ. സമുദായത്തിന്റെ പൊതുവായുള്ള വലിയതും ഭാരമേറിയതുമായ പല കാര്യങ്ങൾ ഒഴിച്ചും ഒതുക്കം വരുത്തിയും അകമേയുള്ള ആത്മീയ കാര്യങ്ങളിൽ പ്രത്യേകം ദൃഷ്ടിവച്ചു അന്വേഷിപ്പാൻ കാലം പോരാതെയിരിക്കുന്ന സ്ഥിതിയെ ഗ്രഹിച്ചിട്ടും ശേഷമുള്ളവർ ബലഹീനന്മാർ എങ്കിലും രക്ഷിതാവിന്റെ ബലത്തിൽ ശരണപ്പെട്ടു തങ്ങളുടെ ആത്മീയ ചുമതലയെ നിറവേററുവാൻ നോക്കാതെ ഉദാസീനന്മാരായിരിക്കുന്നതു കഷ്ടം തന്നെയെന്നു സമ്മതിക്കേണ്ടതാകുന്നു. അതിനാൽ അധികം ഇടച്ചു ഭവിച്ചിരിക്കുന്ന തെക്കിന്നടുത്ത ഈ ഭാഗങ്ങളിൽ നമ്മുടെ ബലഹീനതെക്കു ഏൽപ്പിക്കപ്പെട്ടിട്ടുള്ളതിനോടു കൂടെ ശേഷമുള്ളവയും ടി വിഷയങ്ങളിൽ യോജിച്ചു നടത്തപ്പെടുവാൻ പിതാക്കന്മാരിൽനിന്നും ആ യോജിപ്പിൽ ആലോചിച്ചുണ്ടാകുന്ന ഭദ്രാസന ഇടവക സംഘത്തെ അംഗീകരിച്ചു ചെയ്‌വാൻ ഈ പ്രധാന ഐക്യ സംഘത്തിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ളതുമാകയാൽ നമ്മുടെ ചുമതലയെ സ്നേഹിക്കപ്പെട്ട നിങ്ങൾ എല്ലാവരുമായി ആലോചിച്ചു നിറവേററാമെന്നുള്ള ആഗ്രഹം ദൈവത്തിൽ സമർപ്പിച്ചു കൊണ്ടത്രെ പൊതുവായുള്ള ഈ ലേഖനം നിങ്ങൾക്കു അയക്കുന്നതു്. എന്നാൽ നാം ബലഹീനനും അകാലത്തിൽ ജനിച്ച ശിശുവിനേപ്പോലെ ഏററം ചെറിയവനുമാകുന്നതിനാൽ സർവ്വശക്തന്റെ കൃപയിലും



നിങ്ങൾ എല്ലാവരുടെ ഐക്യബലത്തിലും ആശ്രയിച്ചു കൊണ്ടുമത്രെ ഇതു എഴുതുന്നതു്.

പ്രിയമുള്ളവരെ രക്ഷിതാവിന്റെ തിരുമണവാട്ടിയാകുന്ന കാതോലിക്കായും ശ്ലീഹായുമടുത്ത ഈ സഭക്കു എത്രൽക്കാലം നേരിട്ടിട്ടുള്ള സകല ദോഷവും തിരു സഭയുടെ സത്യ വിശ്വാസത്തേയും അതിന്നു അഴകായി ദൈവികത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സഭാചട്ടത്തേയും ഇന്നതെന്നും അതിൻെ സാരവും ഗ്രഹിക്കാതെ സഭയുടെ മക്കൾ തന്നെ എതൃത്തു നിൽക്കുന്നതിനാൽ മാത്രമല്ലാതെ മറെറാന്നും കൊണ്ടുമല്ലെന്നുള്ള നിർവ്വിവാദമായ കാര്യമാകുന്നു.

രാജകീയ സംബന്ധമായി എങ്ങിനെയെല്ലാം തീർച്ചവരുത്തിയാലും പല പ്രകാരേണയുള്ള വേദപഠിത്വം, ഉപദേശം സഭാസംബന്ധമായ ചട്ടംകെട്ടുകൾ ഇത്യാദികളാൽ അല്ലാതെ ഒരിക്കലും ആ ദോഷം തീരുന്നതുമല്ല. അതിനു ഉപദേഷ്ടാക്കന്മാരായി ദൈവം തിരഞ്ഞെടുത്തു ആക്കിയിട്ടുള്ളതു നിങ്ങൾ ഭൂമിയുടെ ഉപ്പെന്നും നിങ്ങൾ ലോകത്തിന്റെ പ്രകാശമെന്നും തന്റെ തിരുനാമം സകലരേയും പഠിപ്പിച്ച ശിഷ്യന്മാരാകുവിൻ എന്നും മററും കല്പിച്ചു നിയമിച്ചിട്ടുള്ള മേൽപ്പട്ടക്കാർ പട്ടക്കാർ മുതലായ തന്റെ ആചാര്യാകുലമാകുന്നു. ആ കൂട്ടമൊക്കെയും തങ്ങളുടെ വിളിയും ചുമതലയും ഇന്നതെന്നു ഗ്രഹിച്ചു രക്ഷിതാവിന്റെ വേലയ്ക്കായി യുദ്ധസൈന്യങ്ങളെപ്പോലെ ഒരുമിച്ചു കൂടുവാൻ ഇതു തക്ക സമയവുമാകുന്നു. എന്നാലും നമ്മുടെ യുദ്ധം ജഡത്തോടും രക്തത്തോടുമല്ല, തിരുസഭയെ നശിപ്പിപ്പാൻ എതൃത്തു പുറപ്പെട്ടിരിക്കുന്ന സാത്താനോടും അവന്റെ സൈന്യങ്ങളോടുമത്രേ. പ്രിയമുള്ളവരേ! ഈ യുദ്ധത്തിനു ഒരുമ്പെടേണ്ടുന്നതു് ആചാര്യകുലം മാത്രമല്ല ജനം ഒട്ടുക്കു ആവശ്യം തന്നെ എങ്കിലും ആദ്യം ആത്മീയ വേലക്കാർ ഒരുമ്പെട്ടതിന്റെ പിമ്പായി ആവശ്യപ്പെടുന്ന സമയം പൊതുവായി ക്ഷണിച്ചുകൊള്ളാമെന്നു കരുതിയത്രേ പട്ടക്കാരേ മാത്രം വിളിപ്പാൻ ആലോചിച്ചതു്.

**എന്നാൽ ഈ കൂട്ടത്തിന്റെ പ്രധാനഉദ്ദേശങ്ങൾ.**

1. ദൈവത്തിന്റെ ശുശ്രൂഷക്കാരായ പട്ടക്കാർ എല്ലാവരും അവർക്കുള്ള ആത്മീയവിളിയുടെ താല്പര്യം ഗ്രഹിച്ചു ഏകരീതിയിൽ ഒരുമ്പെട്ടു കർത്താവിന്റെ വേലയെ വെടിപ്പായി നടത്തുന്നവരാകുവാൻ ഉപദേശിക്കപ്പെടണം.

2. അവരിൽ നിന്നും പൊതുവിൽ ആത്മസംബന്ധമായും സാമൂഹ്യ സംബന്ധമായുള്ള ആലോചനകൾ നടത്തിപ്പുകൾക്കുമായി പത്തോ പന്ത്രണ്ടോ പട്ടക്കാർ പഠിത്വമുള്ളവരും പ്രസംഗത്തിന് നിപുണതയുള്ളവരും കാര്യവിവരവും ദൈവഭക്തിയുമുള്ളവരുമായി തിരഞ്ഞെടുത്തു പ്രതിപുരുഷന്മാരായി നിശ്ചയിക്കപ്പെടണം.

3. ഇതിൽ ഒന്നാമത്തെ വലിയ കൂട്ടത്തിന്നു ക്ലീറിക്കു് യോഗമെന്നും രണ്ടാമത്തെ ചെറിയ കൂട്ടത്തിന് റോശൈ യോഗമെന്നും പേർ വിളിക്കപ്പെടുകയും ക്ലീറിക്കു് യോഗം ആണ്ടിൽ ഒരു പ്രാവശ്യം ഭദ്രാസനമാകുന്ന പരുമല സിമ്മനാരിയിലും റോശൈ യോഗം ആണ്ടിൽ രണ്ടു പ്രാവശ്യത്തിൽ കുറയാതെ നിശ്ചയിക്കപ്പെടുന്ന സ്ഥലങ്ങളിലും കൂടണം.

4. റോശൈ യോഗത്തിൽ നിന്നും അന്നന്നുള്ള നിശ്ചയപ്രകാരം ചിലരെ സഞ്ചാര പ്രസംഗികളായിട്ടും ചിലരെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ തർജ്ജമ ചെയ്യും മററും ഉണ്ടാക്കുന്നവരായിട്ടും ചിലരെ എല്ലാ പള്ളികളിലും ഇപ്പോഴുള്ളതും ഉണ്ടാകേണ്ടതുമായ പള്ളിക്കൂടങ്ങളിൽ നമസ്കാരം വേദപാഠം വിശ്വാസരീതിക്കടുത്ത പഠിത്വം മുതലായതു നടത്തിച്ച് അവകൾ പരിശോധിക്കുന്നതിനായിട്ടും ചിലരെ പുറജാതികളോടുള്ള ഉപദേശവേല നടത്തുന്നതിനായിട്ടും ചിലരെ റീശ്കൊഹന്നുസായുടെ ആലോചനയും അതാതു പള്ളികളിലെ കണക്കുകേൾവി തക്കവാദങ്ങൾ ഉണ്ടായിരുന്നാൽ കേട്ടു തീർക്കുക മുതലായവകൾക്കായിട്ടും ചിലരെ ടി സിമ്മനാരിയുടെ പ്രധാന കെട്ടിടവും പള്ളിയും അടിസ്ഥാനപ്പെടുത്തിട്ടുള്ളതല്ലാതെ തീർന്നിട്ടില്ലാത്തതിനാൽ അതിന്റെ പണിനടത്തിപ്പിനായിട്ടും ചിലരെ ടി വേലകൾക്കു് ദൈവത്തിന്റെ മക്കളായ ജനത്തിൽനിന്ന് ധർമ്മശേഖര പിരിവുകൾ എടുത്തു നടത്തുന്നതല്ലാതെ വേറൊരു വഴിയുമില്ലാത്തതിനാൽ അവകൾക്കായിട്ടും മററും നിശ്ചയിക്കണം.

5. ഇതു കൂടാതെ മററ് അനേക സംഗതികൾ ആലോചിപ്പാനും നടത്തുവാനുമുള്ളതു് അപ്പഴപ്പോൾ കൂടുന്ന റോശൈ യോഗത്തിൽ നിശ്ചയിച്ചും പ്രധാന ഐക്യയോഗത്തിൽ അവകളെ ഉറപ്പിച്ചും നടത്തപ്പെടണം.

പ്രിയമുള്ളവരെ! തെക്കിനടുത്ത മഹാ പവ്വിത്രമായ ടി സിമ്മനാരിയിൽ (പരുമല) പഠിത്വമാകുന്ന ഉറവയും ഒഴുക്കും തൽക്കാലം നിൽപ്പാൻ ഇടവരികകൊണ്ട് അതിനടുത്ത താഴ്‌വരകൾ എല്ലാം വററി ഉണങ്ങിക്കാണുന്നതിനാൽ ക്ലീറിക്കു് യോഗവും റോശൈ യോഗവും ശേഷം ഇടവക ബഹുജന യോഗവും പ്രത്യേകം വ്യസനത്തോടുകൂടെ ദൃഷ്ടിവച്ച് അതിന്റെ പണിനിവൃത്തിക്കു് ഒരുമ്പെടേണ്ടതു്

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ

### ഗാർഷ്യാ മെത്രാനും തോമ്മാ അർക്കദിയാക്കോനും – തുടർച്ച

### തോമ്മാ അർക്കദിയാക്കോൻ ഗാർഷ്യയുമായി രമ്യപ്പെടുവാൻ വാഞ്ഛിച്ചുവോ?

'മുൻ അദ്ധ്യായങ്ങളിലെ സംഭവങ്ങൾ തോമ്മാ അർക്കദിയാക്കോനെ വിജയശ്രീലാളിതനാക്കുമെന്ന് അനുമാനിക്കപ്പെട്ടിരുന്നു. എന്നാൽ അവസാനം കൊച്ചി മുതലായ രാജാക്കന്മാരുടെ പിൻബലം അദ്ദേഹത്തിനു നഷ്ടപ്പെട്ടു. കാരണം അവർ പ്രതീക്ഷിച്ച പണം അർക്കദിയാക്കോൻ കൊടുത്തില്ല എന്നതായിരുന്നു. സർവ്വോപരി തന്റെ പാർശ്വവർത്തികളിലെ പ്രധാനികൾ താനുമായി പിരിയുകയും ചെയ്തു'. ഇതിൽ വിവശനായ അർക്കദിയാക്കോൻ സമാധാനകാംക്ഷികളായ ചിലർമൂലം ഗാർഷ്യയുമായി രമ്യതയിലാകുവാൻ വാഞ്ഛിച്ചു? എന്നാണ് ഒരു പ്രബന്ധവിവരണം.

പരസ്പര വിരുദ്ധതകൾമൂലം അവിശ്വസിച്ച് അവഗണിക്കേണ്ട പ്രസ്താവനകളാണ് ഇതിൽ പലതിലും കാണുന്നത്. ഈ പ്രബന്ധങ്ങളിൽ അന്നത്തെ നസ്രാണിജാതിത്തലവനെ (തോമ്മാ അർക്കദിയാക്കോനെ) അവജ്ഞയോടും ശത്രുതയോടുംകൂടിയാണ് ചിത്രീകരിച്ചിരിക്കുന്നത്. അർക്കദിയാക്കോൻ 4 പണം മുതൽ 1 പണം വരെ തന്റെ 'ശുഷ്കിച്ച് ജീർണ്ണിച്ച' 'പഴമടിശീല'യിൽനിന്ന് അവരോഹണക്രമത്തിൽ രാജാക്കൾക്ക് കോഴകൊടുത്തു എന്നു പറയുന്നതിനെ തൊട്ടുതുടർന്ന് കാശുകൊടുക്കാഞ്ഞതിനാൽ അർക്കദിയാക്കോന് രാജപിൻതുണ നഷ്ടമായി എന്നുകൂടി പറഞ്ഞാൽ അത് ഒരുതരം പറങ്കിതന്ത്രം മാത്രമേ ആകയുള്ളു.

ഗാർഷ്യയുമായി രമ്യതയിൽ കഴിയുവാൻ അർക്കദിയാക്കോൻ 'വാഞ്ഛിച്ചു' എന്ന്, ഓരോ സന്ധിയിലൂടെയും ഉളവായ ഹ്രസ്വകാലസമാധാനം, സന്ധികൾമൂലമുത്ഭവിച്ച ഉടമ്പടികൾ, ഇവയുടെ ലംഘനങ്ങൾ എല്ലാം നിരൂപണം ചെയ്താൽ വിശ്വസിക്കുക പ്രയാസമാണ്. നസ്രാണികളെ ശത്രുക്കളായി കണ്ട പറങ്കികളിൽ പ്രധാനിയായി കരുതേണ്ട ഗാർഷ്യാ മെത്രാൻ ഇതിനെല്ലാം ഉത്തരവാദിയായിരുന്നു. അർക്കദിയാക്കോൻ സമാധാനം വാഞ്ഛിച്ചു എന്ന് ആവർത്തിച്ചുള്ള പറങ്കി പരാമർശങ്ങൾ സംശയദൃഷ്ടിയോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു. കാരണം? മലങ്കര മാർത്തോമ്മാ നസ്രാണികളുടെ ജാതിത്തലവന്, അവരുടെ സുരക്ഷിതത്വത്തിനും, ക്ഷേമത്തിനും സദാ കാംഷിച്ച് പ്രവർത്തിക്കേണ്ടിയിരുന്നു. സർവ്വോപരി അവരുടെ അന്തസ് സംരക്ഷിക്കേണ്ടിയുമിരുന്നു. അതിനായി ഏതു നയതന്ത്രവും പ്രയോഗിക്കുവാൻ സ്വാതന്ത്ര്യമുള്ള പരമാധികാരിയുമായിരുന്നു. കുശാഗ്രബുദ്ധിയും, ധീരനും തന്ത്രജ്ഞനും. വജ്രമാനസനും ആയിരുന്ന തോമ്മാ അർക്കദിയാക്കോന് വിവേകവും, പക്വതയും, വീറും, കൂറും, പാണ്ഡിത്യവുമുള്ള ഒരു സംഘം കത്തനാരന്മാരും അത്മായരും ഉപദേശകരായി ഉണ്ടായിരുന്നു.

---

ഉയിർത്തെ യേശുക്രിസ്തുവിന്റേതുപോലുള്ള ശരീരം ധരിച്ച് യേശുവിനോടു ചേർന്നിരിക്കും എന്ന് അവർക്ക് ഉറപ്പുണ്ട്. അതുകൊണ്ട് അവർ സന്തോഷമുള്ളവരായിരിക്കും. ദൈവം ചെയ്തുതന്ന ഈ വലിയ കൃപയ്ക്കായി ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നവരായിരിക്കും (എഫേസ്യർ 5: 20–21). പുതിയനിയമ സഭയിലാണ് നാം നിൽക്കുന്നതെന്നത് വാസ്തവംതന്നെ. പക്ഷെ രക്ഷയുടേയും സന്തോഷത്തിന്റേയും അനുഭവത്തിന് നാം എത്രമാത്രം ഊന്നൽ കൊടുക്കുന്നുണ്ട്. കർത്താവിന്റെ സാന്നിധ്യം, എല്ലാം മറന്ന് അവന്റെ പാദപീഠത്തിങ്കലിരിക്കുവാൻ മറിയയെ പ്രേരിപ്പിച്ചു. നമ്മുടെ ആരാധനാവേളകൾ നമുക്കങ്ങനെ അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ ബഹുമുഖ പ്രവർത്തനങ്ങൾ അതിന് ജനത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുന്നവയാണോ?



അങ്ങിനെ നോക്കുമ്പോൾ അർക്കദിയാക്കോന്റെ 'വാഞ്ഛ' നസ്രാണിജാതിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുവാനുള്ള വിപ്ലവത്തിന്റെ സംഘാടനത്തിനുള്ള പഴുതുകാണലായിരുന്നു. പറങ്കികൾ അതിനെ അടിയറവുപറച്ചിലായി കരുതി സന്തോഷിച്ചു.

### വികാരി ജനറാൾ നിയമനം

അർക്കദിയാക്കോൻ രമ്യതയിലെത്തുവാൻ മദ്ധ്യസ്ഥന്മാരെ അയച്ചു എന്നു പറയുന്നു. എന്നാൽ ഗാർഷ്യാ പള്ളിപ്പുറം ഒത്തുതീർപ്പു വ്യവസ്ഥകൾ കൂടാതെ രണ്ടു മൂന്നു കാര്യങ്ങൾകൂടി തന്റെ നിലപാടിനോട് ചേർത്ത് അവയ്ക്ക് അർക്കദിയാക്കോൻ സമ്മതിക്കുകയാണെങ്കിൽ രമ്യമാകാം എന്നതിൽ ഉറച്ചുനിന്നു.

ഫാ. ജറോം ഫർട്ടാഡോ എന്ന വൈദികനെ വികാരിജനറലായി ഗാർഷ്യാ ഇത്തരുണത്തിൽ നിയമിച്ചു. ഇത് അർക്കദിയാക്കോനെ അടിയറ പറയിച്ച് തകർക്കുവാനായിരുന്നു. അതുവരെ തന്റെ ഇഛക്ക് വഴങ്ങാതിരുന്ന അർക്കദിയാക്കോനെ 'നല്ല ശീലം' പഠിപ്പിക്കുവാനുള്ള ഏകമാർഗമായി അവസാനം കണ്ട പോംവഴിയായിരുന്നു ഇത്. 1657-ൽ ജോസഫ് സെബസ്റ്റ്യാനിയ്ക്ക് നസ്രാണികൾ നൽകിയ ഒരു ഹർജിയിൽ അർക്കദിയാക്കോനെ ബഹിഷ്ക്കരിച്ചത് ഗാർഷ്യാ മലങ്കര നസ്രാണികളോട് ചെയ്ത ദ്രോഹങ്ങളിൽ പ്രധാനപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗാർഷ്യാ തന്റെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അധികാരം അർക്കദിയാക്കോനുമായി പങ്കുവയ്ക്കുവാൻ ആരുടെ പ്രേരണയ്ക്കും വഴങ്ങിയിരുന്നില്ല.

ഫാ. ഡിയാഗൊദ് ജീസസ് അർക്കദിയാക്കോനെ കണ്ട് താൻ മദ്ധ്യസ്ഥനായി റോമായിലും ലിസ്ബനിലും അദ്ദേഹത്തിനുവേണ്ടി സംസാരിക്കാം എന്ന് വാഗ്ദാനം ചെയ്തു. ഫാ. ഡിയാഗൊ അർക്കദിയാക്കോനുമായി സമ്പർക്കം ചെയ്തതുതന്നെ ഗാർഷ്യായ്ക്ക് തീരെ രസിക്കാത്ത കാര്യമായിരുന്നു. അർക്കദിയാക്കോനുമായി കാണുന്നതിനു മുമ്പായി ഫാ. ഡിയാഗോ അർക്കദിയാക്കോന് ഒരു കത്തെഴുതി. അതിൽ താൻ പാപ്പായുടെയും പോർട്ടുഗൽ രാജാവിന്റെയും പ്രതിനിധിയായി അയക്കപ്പെട്ടിരിക്കുകയാണ്, ചില സുപ്രധാന കാര്യങ്ങൾ അന്വേഷിച്ച് വിവരങ്ങൾ സമർപ്പിക്കുന്നതിനാണ്, തനിക്ക് തന്റെ ദൗത്യം നിർവഹിച്ചിട്ട് തിടുക്കത്തിൽ മടങ്ങേണ്ടതുണ്ട് എന്നെല്ലാം കത്തിൽ എഴുതിയിരുന്നു. ഡോം ഗാർഷ്യാ മെത്രാൻ ആ കത്തും ഫാ. ഡിയാഗോയുടെ മററുചില കത്തുകളും പിടിച്ചെടുത്തു. മദ്ധ്യസ്ഥതക്ക് ചെന്ന ഫാ. ഡിയാഗോയെ ആ കത്തുകൾ കാട്ടി അതിന്റെ ഉള്ളടക്കത്തെ വിമർശിച്ചു. അർക്കദിയാക്കോന്റെ പദവി ബഹുമാനത്തിൻപ്രകാരം അതിൽ സംബോധന ചെയ്തതിനേയും കുററപ്പെടുത്തി.

'ഒരു സന്യാസിയായിരുന്ന ഫാ. ഡിയാഗോയോട് അർക്കദിയാക്കോൻ വേദവിപരീതിയാണ് (റോമാസഭയ്ക്കിതരൻ), വെറും നാട്യക്കാരനാണ്, വെറും കാപഠ്യം നിറഞ്ഞവനാണ്, അതിനാൽ അയാളെ ഒരിക്കലും വിശ്വസിക്കരുത്' എന്നെല്ലാം കത്തിൽ കാണിച്ചിരുന്നു. ഇതൊക്കെയാണെങ്കിലും സമാധാനത്തിനായി അർക്കദിയാക്കോൻ എഴുതിയ കത്തിനെ, അതിലെ താല്പര്യത്തെ ഉടനടി തള്ളിക്കളഞ്ഞു എന്നു വരുത്താതിരിക്കുവാൻ വേണ്ടി ആദ്യം താൻ ഉന്നയിച്ച നിബന്ധനകൾ പ്രകാരം സമാധാനത്തിലെത്താം എന്ന് ഗാർഷ്യാ അർക്കദിയാക്കോന് മറുപടി എഴുതി. (1653–ലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിപ്ളവം. ഫാ. കൊല്ലപറമ്പിൽ. പേജ് 93).

അക്കാലയളവിൽ കുറവിലങ്ങാട്ട് ഒരു ആശ്രമം സ്ഥാപിച്ച് അല്പകാലം താമസിച്ച മററൊരു കർമ്മലീത്താ സന്യാസിയായിരുന്നു ഫാ. ജോസഫ് അലക്സിയോ. ഗാർഷ്യയുടെ നിരോധനാജ്ഞ അവഗണിച്ചാണ് ഈ സംരംഭം തുടങ്ങിയത്. ഇദ്ദേഹത്തെ തന്റെ പ്രൊക്യുറേറർ ആക്കണമെന്ന് അർക്കദിയാക്കോൻ റോമിലേക്ക് എഴുതിച്ചിരുന്നു. എന്നാൽ ഈ കത്തുകൾ 1655–ൽ മാത്രമേ ലക്ഷ്യത്തിൽ എത്തിയുള്ളു.

### അർക്കദിയാക്കോന്റെ പദവിയെപ്പററി വൈദ്രോയിയുടെ സാക്ഷ്യം

ഈ ഭാഗം വിവരിക്കുന്നതിന് മുമ്പായി കാനൂൻ പണ്ഡിതനും ആലുവ മംഗലപ്പുഴ സെമിനാരിയിലെ കാനൂൻ പ്രൊഫസറുമായിരുന്ന ഫാ. അലക്സ് പോൾ ഉറുമ്പയ്ക്കൽ പറയുന്നത് കാണുക. "Then the missionaries moved to eradicate the authority of the Archdeacon who administered the church in Malabar." പിന്നീട് മലബാർ സഭയെ ഭരിച്ചിരുന്ന അർക്കദിയാക്കോന്റെ അധികാരങ്ങൾ ഉൻമൂലനം ചെയ്യുവാനുള്ള നീക്കത്തിലേക്ക് മിഷനറിമാർ ചെന്നെത്തി. The Juridical Status of the Catholicos of Malabar. ഫാ. അലക്സ് പോൾ ഉറുമ്പയ്ക്കൽ പേജ് 39.

"Perhaps this may be the basic cause of all the later troubles. Before the arrival of the Portuguese the Archdeacon was practically ruling the Malabar Church. The Archdeacon was held in such a honour and wielded so much power that he easily surpassed the Bishop in power and influence."

പിന്നീടുണ്ടായ കുഴപ്പങ്ങൾക്കെല്ലാം കാരണം ഒരുപക്ഷെ ഇതായിരിക്കാം. പോർട്ടുഗീസുകാരുടെ കേരളപ്രവേശത്തിനു മുമ്പ് പ്രായോഗികതലത്തിൽ അർക്കദിയാക്കോനായിരുന്നു മലങ്കരസഭയെ ഭരിച്ചുകൊണ്ടിരുന്നത്. അർക്കദിയാക്കോന് സഭയിൽ ഏററവും വലിയ ബഹുമാനാദരവുകൾ കൊടുത്തിരുന്നു. മെത്രാനും (കൽദായ) ഉപരിയായി അനായാസം പൂർണ്ണാധികാര സ്വാധീനങ്ങളോടെ അർക്കദിയാക്കോൻ സഭയിൽ വാണിരുന്നു.
Ibid. P. 39. Foot Note

ഇതുവരെ കണ്ടതും ഇനി കാണുവാൻ പോകുന്നതും പാതിരിമാരുടെ ഈ ഉദ്ദേശസാക്ഷാൽക്കരണപ്രക്രിയായജ്ഞം (ഹീനമായ) ആണെന്ന് ഓർക്കുക.

1647-ൽ ഡൊമിനിക്കൻ സന്യാസികളെയും, കർമ്മലീത്താ സന്യാസിമാരെയും അർക്കദിയാക്കോനെ സഹായിച്ച ഫാ. ഡിയാഗൊയേയും പററി പല പരാതികളും ഗാർഷ്യാ പുറപ്പെടുവിച്ചതു കൂടാതെ ഇടപ്പള്ളി സന്യാസാശ്രമത്തിലെ അന്തേവാസികളെപ്പററി 'ഈ സഭയെ നശിപ്പിക്കുവാൻ നരകത്തിൽനിന്ന് അയക്കപ്പെട്ട തീപ്പൊരി' എന്ന് പ്രസ്താവിക്കുവാനും അദ്ദേഹം മടിച്ചില്ല.

ഈ കാലയളവിൽതന്നെ ഫാ. ജോസഫ് അലക്സിസ് വഴി മാർപാപ്പയ്ക്കും പ്രൊപ്പഗാൻഡ തിരുസംഘത്തിനും അർക്കദിയാക്കോൻ കത്തുകൾ അയച്ചു. തന്റെ അധികാരങ്ങൾ ഗാർഷ്യാ കവരുന്നു, ജസ്യൂട്ടുകൾ സഭയിലാകെ നടന്ന് തന്നെ ധിക്കരിക്കുന്നു, എന്നെല്ലാമായിരുന്നു കത്തിലെ ഉള്ളടക്കം.

ഇതിനിടയിൽ ഗാർഷ്യയും അർക്കദിയാക്കോനും തമ്മിൽ വർദ്ധിച്ചുവരുന്ന വഴക്കിന്റെ രൂക്ഷത ഗോവാ വൈസ്രോയിയുടെ ഗൗരവമായ പരിഗണനയ്ക്കിടയാക്കി. 15-1-1648-ൽ അദ്ദേഹം പോർട്ടുഗൽ രാജാവിനെ ഈ വിവരം ധരിപ്പിച്ച കത്തിൽനിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു. 'മലങ്കര നസ്രാണികളിൽ ഒരുവനും പരമ്പരാഗതമായി അവരിലെ ഏററവും വലിയ പദവിയിലും അധികാരത്തിലും വാഴുന്നയാളും ആയ അർക്കദി

## മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



B. T. R. G.



# നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര (xii)

ഫാ. പി. ജോർജ്ജ് ഫിലിപ്പ് എം. എ.

വി. യോഹ. 1: 16 'അവന്റെ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.'

## ക്രിസ്തുവിൽനിന്നുള്ള അനർഗളമായ കൃപാപ്രവാഹം

'അവന്റെ നിറവിൽനിന്ന്'' എന്നതിന്റെ അർത്ഥമെന്താണ്? അവനിൽ എന്തിന്റെ നിറവാണുള്ളത്? യേശുവിൽ നിറവുണ്ട്. അത് അവിടുത്തേക്ക് സ്വന്തമായുള്ളതാണ്. അവിടുന്നാണ് സർവ നന്മയുടേയും, വെളിച്ചത്തിന്റേയും, ജീവന്റേയും, സത്യത്തിന്റേയും, സ്നേഹത്തിന്റേയും മൂലസ്രോതസ്. ആ മൂലസ്രോതസിൽനിന്ന് നീർച്ചാലുകൾപോലെ സർവനന്മകളും അനുഗ്രഹങ്ങളും കവിഞ്ഞൊഴുകുകയാണ്. ഒരു നിറകുടത്തിൽനിന്ന് വെള്ളം പ്രവഹിച്ചു തുടങ്ങിയാൽ കുടത്തിലെ വെള്ളം വററും. എന്നാൽ ക്രിസ്തുവാകുന്ന മൂലസ്രോതസ് അപ്പോഴും നിറഞ്ഞുതന്നെ നിൽക്കും. സ്വന്തം നിറവിന് കുറവു വരുന്നില്ല. ഒരിക്കലും ആ ഉറവ് വററിപ്പോകുന്നില്ല. നിരന്തരമായി അവിടുന്ന് അനുഗ്രഹങ്ങളും നന്മകളും ഒഴുക്കികൊണ്ടിരിക്കുന്നു.

ഒരു തീജ്വാലയിൽനിന്ന് പതിനായിരക്കണക്കിന് പന്തങ്ങൾ കത്തിച്ചെടുത്താലും ആ ജ്വാലയ്ക്ക് ആദ്യമുണ്ടായിരുന്ന ദീപ്തി കുറയുന്നില്ലല്ലോ. അതുപോലെ ക്രിസ്തുവിന്റെ നിറവിൽനിന്നാണ് അപ്പോസ്തലൻമാർക്കും, നൂററിയിരുപതുപേർക്കും, അഞ്ഞൂറുപേർക്കും നമുക്കെല്ലാവർക്കും കൃപ ലഭിച്ചത്; ഇനിയുള്ളവർക്ക് ലഭിക്കുന്നതും.

## കൃപമേൽ കൃപ അഥവാ ആദ്യമുണ്ടായിരുന്ന കൃപയും പിന്നിടുള്ള കൃപയും

'കൃപമേൽ കൃപ' എന്നതിന്റെ അർത്ഥം എന്താണ്? മുമ്പുണ്ടായിരുന്ന കൃപയും ഇപ്പോഴുള്ള കൃപയും എന്നാണ് അതിന്റെ അർത്ഥം. പഴയ പ്രമാണവും പുതിയ പ്രമാണവും ഉണ്ട്. പഴയ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം. പുതിയ പ്രമാണം ജീവന്റെ ആത്മാവിന്റെ പ്രമാണം. 'ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' (റോമ. 8: 2). അതുപോലെ പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും ഉണ്ട്. 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്'' (യെര. 31: 31). ന്യായപ്രമാണത്തി

---

യാക്കോന്റെ നേതൃത്വത്തിൽ അവർ അടിയുറച്ച് നിൽക്കുന്നു. ഈ വിധം രൂക്ഷമായ മത്സരം തുടർന്നാൽ കേരളസഭ നമുക്ക് നഷ്ടമായേക്കും എന്ന് ഞാൻ ഭയപ്പെടുന്നു.' അകലെനിന്ന് കാര്യങ്ങൾ നിരീക്ഷിച്ച വൈസ്രോയിക്ക് വഴക്കിൽ മാത്രം മുഴുകിയിരുന്ന ഗാർഷ്യയേയും സെക്രട്ടറി ഫാ. മജസ്ററീസിനേയുംകാൾ കൂടുതൽ ഭാവിഭവിഷത്തുകളെ കാണുവാൻ കഴിയുമായിരുന്നു.

1649-ൽ ഗാർഷ്യയും ഫാ. മജസ്ററീസും ജസ്യൂട്ട് ജനറലിന് അയച്ച കത്തുകളിൽ 'മലങ്കര സഭയിൽ ഇത്ര ശാന്തമായ അന്തരീക്ഷം ഇതുവരെ ഉണ്ടായിട്ടില്ല. നാട്ടുരാജാക്കൻമാരുടെ സഹായത്തോടെ അർക്കദിയാക്കോൻ കലഹങ്ങൾ ഉണ്ടാക്കി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് തുടരുന്നു.' എന്ന് ഇരുവരും കത്തുകളിൽ സമ്മതിച്ചിരുന്നു. എന്നാലും അയാൾക്ക് ജനപിന്തുണയില്ലാത്തതിനാൽ ഒന്നും കാര്യമായി ചെയ്യാൻ സാധിക്കുന്നില്ല.

വൈസ്രോയിയുടെ നിരീക്ഷണത്തിൽ പൂർണ്ണ ജനസ്വാധീനവും ബഹുമാനവുമുള്ള അർക്കദിയാക്കോനുമായി മല്ലടിച്ചാൽ കേരളസഭ നഷ്ടമായേക്കുമെന്ന് പറയുമ്പോൾ, ഗാർഷ്യാ പക്ഷം അതിന് കടകവിരുദ്ധമായി പറയുന്നു. ഇതിൽ ഉന്നതാധികാരിയായ വൈസ്രോയിയെ നമുക്ക് അവിശ്വസിക്കാതെ പൂർണ്ണമായി വിശ്വസിക്കുന്നതാണ് യുക്തിസഹജം.

അടുത്ത ലക്കത്തിൽ :

**ഗാർഷ്യാ അർക്കദിയാക്കോനെ നശിപ്പിക്കുവാൻ കരുക്കൾ നീക്കുന്നു.**

# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിൻെറ ബലിയാട്

ചരിത്രകാരൻമാരുടെ സാക്ഷ്യം (തുടർച്ച)

### ഫാ. ജോസഫ് തെക്കേടം തുടരുന്നു.

### അഹത്തള്ളായുടെ ചരിത്രവും വിശ്വാസ ശുദ്ധിയും

റോമിലെ പ്രൊപ്പഗാൻഡാ ആക്കൈവ്സ് റോമിലെ ജസ്യൂട്ട് ആക്കൈവ്സ്, ഗോവയിലെ ചരിത്ര ആക്കൈവ്സ്. ഇവിടങ്ങളിലെ സമകാലികരേഖകളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ എന്ന ഒരു മുഖവുരയോടെയാണ് ഈ ഭാഗം ഫാ. തെക്കേടത്ത് എഴുതിയിരിക്കുന്നത്.

അട്ടള്ളാ (അംദിയോദത്തസ് – ദയോദത്തെ) 1590–ൽ സിറിയയിലെ ആലപ്പോയിൽ യാക്കോബായക്കാരനായി ജനിച്ചു. പിന്നീട് ദമസ്ക്കോസിൻെറ മെത്രാപ്പോലീത്താ ആയി, ഹോംസിൻെറയും നിക്കോമേഡിയയുടെയും അധികാരിയായിട്ട് വാണു. 1632 മാർച്ച് 15–ന് ഈ ദേശത്തെപ്പററി ഫ്രാൻസിസ്കൻ സമൂഹത്തിലെ ഫാ, ജോൺ ഫെർമസിൻെറ കത്ത് റോമിലെ പ്രൊപ്പഗാൻഡയിൽ എത്തി. സിറിൽ അത്തള്ളാ റോമ്മാസഭയിൽ ആകുവാൻ വാഞ്ഛിക്കുന്നു. 1631–ൽ ആലപ്പോയിൽ വച്ച് ആയിരിക്കണം വിശ്വാസസത്യം ചെയ്തു. 1632–ൽ റോമിലെ പരിശുദ്ധ സിംഹാസനസമക്ഷവും വിശ്വാസസത്യം ചെയ്തു. അദ്ദേഹത്തെ ആലപ്പോയിലെ ലത്തീൻ സുവിശേഷസംഘം ഔപചാരികമായി ആലപ്പോയിൽ വച്ച് കത്തോലിക്കാസഭയിൽ സ്വീകരിച്ചു.

ഇദ്ദേഹം 1632–ൽ റോമിൽ ചെന്ന് ഒരു വർഷം താമസിച്ചു. അതിനിടയിൽ 30–8–1632–ൽ അദ്ദേഹം സത്യപ്രതിജ്ഞ നടത്തി. എല്ലാ റീത്തുകാർക്കുമുള്ളതുപോലെ തൻെറ റീത്തിനും ഒരു ആസ്ഥാനം റോമിൽ വേണമെന്നപേക്ഷിച്ചു. കൂടാതെ തൻെറ കയ്യിലുള്ള യാക്കോബായ തക്സാ തെററു തിരുത്തി അച്ചടിപ്പിച്ച് തൻെറ നാട്ടിലുപയോഗിക്കുവാൻ തക്കവണ്ണം കിട്ടണമെന്നപേക്ഷിച്ചു. തൻെറ പാത്രിയർക്കീസ് ഹദീയത്താള്ളാ (ഹിദായത്ത് അള്ളാ)യെ കൂടി റീത്തിൽ ചേർക്കുവാൻ വേണ്ട പണം യാത്രച്ചിലവിനും മററുമായി വേണമെന്നും അപേക്ഷിച്ചു. മാർപാപ്പായുടെ നിയമന കല്പനയ്ക്കും അപേക്ഷിച്ചു. എല്ലാം സാധിച്ച് മടങ്ങി നാട്ടിലെത്തി. 1646 വരെ റോമുമായി എഴുത്തുകുത്തുകളിൽ ബന്ധപ്പെട്ടിരുന്നു. ഈ കത്തുകളിൽ തുർക്കികളിൽ (മുസൽമാൻമാർ) നിന്നും സ്വജനങ്ങളിൽ നിന്നും താൻ റോമായിൽ ചേർന്നതിന് പീഡിപ്പിക്കപ്പെടുന്നതും പണത്തിനായുള്ള അർത്ഥനയുമായിരുന്നു പ്രധാന ഉള്ളടക്കം. (ഇക്കാര്യം മലങ്കര നസ്രാണികൾക്ക് പുതുമയല്ല. ഇവിടെ വന്നു ബഹുഭൂരിപക്ഷം അന്ത്യോക്യൻ പട്ടക്കാരും അത്മായരും പണത്തിനായി കാട്ടിയ വിക്രിയകൾ ഇന്നും ചരിത്രത്തിൻെറ ഏടുകളിലും പഴമ പറച്ചിലിലും ധാരാളമാണ്. പണത്തിനായി ഇങ്ങോട്ട് കത്തയച്ചവർ എത്രയോ പേരുണ്ട്. 5–ാം മാർത്തോമ്മാ പിതാവ് ലന്തക്കാരുടെ തുറുങ്കിൽ കൊച്ചിക്കോട്ടയിൽ മാസങ്ങൾ കഴി

വെള്ളം മാത്രം കുടിച്ച് ഉച്ചക്ക് ഭക്ഷണം കഴിക്കും. ഈ ആചാരം പണ്ടത്തെ മലങ്കര നസ്രാണി വിധവകൾക്കും ഉണ്ടായിരുന്നുവെന്നും തൻെറ പിതൃവ്യൻെറ ഭാര്യ 1057–ാ മാണ്ടു വിധവയായിത്തീർന്നപ്പോൾ ഈ വിധത്തിൽ പ്രവർത്തിച്ചുവന്നതായി താൻ കണ്ടിട്ടുണ്ടെന്നും തിരുവല്ലാ കണ്ടത്തിൽ പത്രാധിപർ കെ. ഐ. വറുഗീസുമാപ്പിളയുടെ ഭാര്യ (നെല്ലിമൂട്ടിലെ) മറിയാമ്മ (വയസ് 67) ഇന്നേദിവസം 1103 കന്നി 15–നു) എന്നോടു പറകയുണ്ടായി' എന്ന് ശ്രീ ചിത്രമെഴുത്തു കെ. എം. വറുഗീസ് അദ്ദേഹത്തിൻെറ ചരിത്ര ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നസ്രാണികളുടെ നമ്പൂരി ആചാരങ്ങളുടെ പട്ടികയിലൊന്നാണിത്.

—o—



ച്ചതും ശീമപ്പിതാക്കളുടെ ദ്രവ്യാഗ്രഹം മൂലം ഉണ്ടായ മഹാവിനമൂലമത്രെ).

റോമിലെ പ്രൊപ്പഗാൻഡാ സംഘം വേണ്ട അന്വേഷണങ്ങൾ ഇദ്ദേഹത്തെപ്പററി നടത്തി തൻെറ യാക്കോബായ പാത്രിയർക്കീസിനെ റോമിന് വഴക്കുവാനും മററുമായി ഈ പണാഭ്യർത്ഥനകൾ സാധിച്ചുകൊടുത്തുകൊണ്ടുമിരുന്നു. 22–1–1688–ലെ അയിത്തള്ളായുടെ കത്തിൽനിന്ന്; താൻ റോമായിൽ ചേർന്നതിന് തുർക്കി സർക്കാരധികൃതർ തന്നെ കുററം ചുമത്തി മൂന്നു പ്രാവശ്യം പിഴയിട്ട് ഈടാക്കി. അത് ശരിയാണെന്ന് അവിടത്തെ ഫ്രാൻസിസ്കൻമാരുടെ സാക്ഷ്യരേഖയും ഉണ്ട്.

ഇതിനാൽ മടുത്ത് അദ്ദേഹം ആലപ്പോ വിട്ട് ദമസ്ക്കോസിലെ തൻെറ ഭദ്രാസനത്തിലേക്ക് മടങ്ങി. എന്നാൽ യാക്കോബായക്കാർ റോമായിൽ ചേർന്നതിന് അദ്ദേഹത്തെ സ്വീകരിച്ചില്ല. താൻ തൻെറ പടിയായ 50 സ്കൂഡി ഏജൻറിൽനിന്ന് വാങ്ങുവാൻ ആലപ്പോയ്ക്കു മടങ്ങി. വഴിയിൽ അറബിക്കൊള്ളക്കാര അദ്ദേഹത്തെ അടിച്ച്

**ജെയിക്കബ് തോമസ്, നടുവിലേക്കര**

അവശനാക്കി വസ്ത്രങ്ങൾ പോലും കവർന്നെടുത്തു. താൻ തൻെറ പഴയ പാത്രിയർക്കീസിൻെറ അടുക്കൽ മടങ്ങിയെത്തി. ആ പിതാവ് രണ്ടു മാസത്തോളം ദയവോടെ സംരക്ഷിച്ചു. ഈ സമയം പാത്രിയർക്കീസിനെ റോമിനു വഴങ്ങുവാൻ പ്രേരിപ്പിക്കയും അദ്ദേഹം സമ്മതിക്കയും പീഡനത്തെ ഭയന്ന് അത്തള്ളാ അദ്ദേഹത്തിനുവേണ്ടി കത്തെഴുതുവാൻ പറയുകയും ചെയ്തു. എന്നാൽ ഫ്രാൻസിസ്ക്കൻമാർ റോമിൽ നിന്ന് അനുവാദം വന്നിട്ടു മതിയെന്നു പറഞ്ഞ് വിലക്കി. 19–7–1638 ൽ പാട്രിയർക്കിനുവേണ്ടി പറഞ്ഞവിധം ചെയ്യുവാൻ അനുവാദം റോമിൽ നിന്നു വന്നു. എന്നാൽ 1639–ൽ പാട്രിയർക്ക് ദിവംഗതനായി. കാര്യം നടന്നില്ല. ഇദ്ദേഹം പാത്രിയർക്കാ സ്ഥാനാർത്ഥിയുമായിരുന്നു.

പിന്നെ രണ്ടു പാത്രിയർക്കീസൻമാരുടെ മത്സരം മൂലം 1639–ൽ അത്തള്ളാ സിറിയ വിട്ട് ബാബിലോണിലേക്കു പോയി. അവിടെ റോമിനുവേണ്ടി യാക്കോബായക്കാരെ നേടിയെടുത്തു. അവിടത്തെ പാട്രിയർക്ക് പേർഷ്യൻ ഇടവക ഭരിക്കുന്നതിന് അയ്ത്താലാഹോയെ നിയമിച്ചു. അവിടെ ഇസ്പഹിനിൽ പണിത പള്ളിയുടെ ഭരണത്തിന് അവിടത്തെ ലത്തീൻ ബിഷപ്പ് (പേർഷ്യ) നിയമിച്ചു.

1646–ൽ അയിത്താലാഹായെ ഈജിപ്തിലാണ് കാണുന്നത്. അദ്ദേഹം റോമിൽ നിന്ന് പ്രൊപ്പഗാൻഡാ സംഘത്തിൻെറ കത്തും കാത്തു കഴിയുകയായിരുന്നു. ഫാ. ജോസഫ്ദ്റൊസാറിയോ എന്ന അഗസ്ററീനിയൻ സന്യാസി ഇദ്ദേഹം ബാബിലോണിൽ റോമായ്ക്കുവേണ്ടി ചെയ്ത സേവനങ്ങളെ സ്തുതിച്ചുകൊണ്ട് അയച്ച കത്തിൽ ഇസ്പഹാനിലെ ദരിദ്രരായ യാക്കോബായക്കാരെ റോമായ്ക്കു വഴക്കുവാനായി പണം അയച്ച് ഇദ്ദേഹത്തെ സഹായിക്കുവാനും പ്രൊപ്പഗാൻഡായ്ക്ക് എഴുതി.

അഹത്തള്ളാ ഈജിപ്തിൽ റോമിൻെറ സഹായം കാത്ത് പിന്നെയും തങ്ങി. എന്നാൽ റോം ഈ ദേഹത്തിൻെറ വിശ്വാസസ്ഥിരതയെപ്പററിയും മററും അന്വേഷണം നടത്തി. പിന്നെയൊന്നും ഉണ്ടായില്ല. ഇങ്ങനെയിരിക്കുന്ന കാലത്താണ് കോപ്ററിക് പോപ്പിന് തോമ്മാ അർക്കദിയാക്കോൻെറ കത്ത് കിട്ടുന്നത്. പാട്രിയർക്കീസ് അഹത്തള്ളായെ വിളിച്ച് മലബാറിൽ നിന്നുള്ള അഭ്യർത്ഥന അറിയിച്ചു. ഉടനടി അതിനെ സ്വീകരിച്ച് മലബാറിന് പുറപ്പെട്ടു. ഈ അത്തള്ളാ തന്നെയാണ് 1652–ൽ ഇന്ത്യയിൽ എത്തിയതെന്നതിൽ സംശയം വേണ്ട.''

പിന്നെ തുടർന്ന് ഫാ. തെക്കേടത്ത് പറയുന്നതിൽ അത്തള്ളാ യഥാർത്ഥ കത്തോലിക്കനായിരുന്നോ എന്നത് പരിശോധിക്കലാണ്. അദ്ദേഹം നെസ്തോറിയനല്ലായിരുന്നു. കാരണം അദ്ദേഹം നെസ്തോറിയസിനെ ശപിച്ചു. അദ്ദേഹം യാക്കോബായക്കാരനായി ജനിച്ചു. പക്ഷെ റോമാവേദം സ്വീകരിച്ചതിൽ പിന്നെ ആ വഴിപാടേ ഉപേക്ഷിച്ചിരുന്നു. ഇതിനെല്ലാം വേണ്ട തെളിവുരേഖകളും അദ്ദേഹം നിരത്തുന്നുണ്ട്. ജോസഫ് സെബസ്ത്യാനിയെ ലന്തക്കാർ നാടുകടത്തിയശേഷം അദ്ദേഹം ആലപ്പോ വഴിക്കാണ് പോയത്. അപ്പോൾ അഹത്തള്ളായുടെ ചരിത്രമെല്ലാം പാത്രിയർക്കീസിൽ നിന്നു കിട്ടി. അതിൻപ്രകാരം അത്തള്ളാ ഉത്തമ കത്തോലിക്കനായിരുന്നു എന്ന് സെബസ്ത്യാനിയും റോമിൽ റിപ്പോർട്ടു ചെയ്തു. അവിടെ ചെന്നിരുന്ന

ആരം തന്നെയായിരുന്നു എന്ന് റോമിനും ബോദ്ധ്യപ്പെട്ടു.

കൊച്ചീവഴി ഗോവയിലും പോർട്ടുഗലിലും എത്തിയ അത്തല്ലാ പാരീസിൽ മരിച്ചു എന്നാണ് ഇതിൽ പറയുന്നത്.


81—ാം പേജിൽ അവസാനിക്കുന്ന അഹത്തല്ലാ ചരിത്രം വിശ്വസനീയമാണെന്നു കരുതേണ്ടതില്ല. കാരണം?

അടുത്തകാലം വരെ ലിസ്ബൻ, മിലാൻ, റോം, വത്തിക്കാൻ, ഗോവ തുടങ്ങിയ സ്ഥലങ്ങളിലെ സഭാചരിത്രരേഖാശേഖരങ്ങൾ ആർക്കും അധികം കിട്ടിയിരുന്നില്ല. പ്രത്യേകിച്ച് ഇന്ത്യയിലെ കേരള കത്തോലിക്കാ നസ്രാണി സന്ദർശകർക്ക്. ഇപ്പോൾ അവ ഇവർക്ക് തുറന്നുകൊടുത്തിരിക്കുകയാണ് ചരിത്ര ഗവേഷണത്തിന്.

കേരള നസ്രാണികളിലെ അകത്തോലിക്കാ പ്രമുഖ വിഭാഗവുമായി ഏതെല്ലാം കാലങ്ങളിൽ പുന:രൈക്യപ്പെടുത്തൽ ശ്രമങ്ങൾ ചതുരുപായേന നടത്തി. അന്ന് ഇതെല്ലാം അറിഞ്ഞിരുന്ന റോമാ അധികാരികൾ, അർക്കദിയാക്കോന്മാരുടെയും കൽദായ മെത്രാന്മാരുടെയും മററും റോമ്മാ വിധേയക്കത്തുകളും ഉടമ്പടികളും തുടങ്ങി ഇന്ന് എടുത്തുകാട്ടുന്നവ കാണിച്ച് റോമുമായുള്ള യുഗപുരാതനബന്ധവും കീഴ്‌വഴക്കവും തെളിയിച്ച് അതിനെ നിഷേധിച്ച് ഇന്ന് നില കൊള്ളുന്നവരുടെ പിതാക്കൾ റോമിനെ അനുസരിച്ചിരുന്നു എന്ന് എന്തുകൊണ്ട് മനസ്സിലാക്കിക്കൊടുത്തില്ലാ.

പറങ്കികൾ നസ്രാണികളുടെ രേഖകൾ നശിപ്പിച്ചിട്ടുണ്ട് എന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. മെനേസീസ് സെബസ്ററ്യാനി, റോസ് മെത്രാൻ തുടങ്ങിയവർ അങ്കമാലി അരമന, മററ് പുരാതന പള്ളികൾ ഇവിടങ്ങളിലുണ്ടായിരുന്നു എന്നും ഇരിക്കുമായിരുന്ന താളിയോല ഗ്രന്ഥവരികളും എഴുത്തുകുത്തും രേഖകളും തീയിട്ടു നശിപ്പിച്ചതും കടത്തിക്കൊണ്ടുപോയതും ജാതിത്തലവന്മാരുടെ സ്വന്തഇടവകയായ കുറവിലങ്ങാട്ടെ ഗ്രന്ഥവരികളും ചരിത്രപരമായ മററു രേഖകളും നശിപ്പിച്ചതും എന്തിനായിരുന്നു? പുസ്തകങ്ങൾ തിരുത്തിയതുകൂടാതെ എത്ര എത്ര ശതം ഗ്രന്ഥങ്ങൾ കത്തിച്ചു, കടത്തിക്കൊണ്ടുപോയി.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഏബ്രഹാം തോമസ്, ബഥേൽ ഭവൻ.



മേരി തോമസ്, ബഥേൽ ഭവൻ.

## സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

'വേദപുസ്തകം മാത്രമല്ലെ ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിന്നടിസ്ഥാനം'.

—ററി. ററി. പോപ്പൻ, മരത്തുംകോട്

ഈ ചോദ്യത്തിന്റെ ഉത്തരം 'വിശ്വാസിയായിരിക്ക' എന്ന ഗ്രന്ഥത്തിൽ വിശദമായി കൊടുത്തിട്ടുണ്ട്. 'ദൈവമുണ്ടെന്നു തെളിയിക്കാമോ?' എന്ന പുസ്തകത്തിൽ 'വേദപുസ്തകവും പാരമ്പര്യവും' എന്ന അദ്ധ്യായവും നോക്കുക. ചില ചുരുങ്ങിയ ഉത്തരങ്ങൾ മാത്രം ഇവിടെ തരുന്നു.

1) വേദപുസ്തകം സകല സത്യത്തിലും വഴിനടത്തുമെന്ന് വേദപുസ്തകത്തിൽ ഒരിടത്തും പറയുന്നില്ല. 'പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴിനടത്തും' (യോഹ. 16:13).

2) 'വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പാരമ്പര്യങ്ങളെ പിടിച്ചുകൊൾക" (2 തെസ്സ. 2:15). പാരമ്പര്യത്തിൽ പെട്ടതാണ് കുരിശുവര, മൂന്നു പ്രാവശ്യം മാമോദീസായിൽ മുക്കുന്നതു തുടങ്ങിയവ. അവയും മുറുകെ പിടിക്കണം.

3) വി. ത്രിത്വം എന്ന വാക്ക് വേദപുസ്തകത്തിലില്ല. 'സാരാംശത്തിൽ പിതാവിനോട് ഏകത്വമുള്ളവൻ' എന്നതും ഇല്ല. അറിയൂസിന്റെ കൂട്ടരാണ് വേദപുസ്തകത്തിലില്ലാത്തതെല്ലാം അസ്വീകാര്യമെന്നു പറയുന്നത്.

4) 'കുടുംബസംവിധാനം' തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വേദപുസ്തകം മാത്രം ആധാരമാക്കാമോ?

5) 'മാർ പാപ്പായുടെ തെററിക്കൂടായ്മയും പരമാധികാരവും പോലെ വേദപുസ്തകത്തിന്റെ പരമ അധികാരികത ത്യജിക്കേണ്ടതാണ്.

6) വേദപുസ്തകത്തിലെ വൈരുദ്ധ്യങ്ങൾ (ഉദാ: ത്രിത്വ നാമത്തിലോ യേശുവിന്റെ നാമത്തിലോ മാമോദീസാ) സഭയുടെ പഠിപ്പിക്കലിൽകൂടി പരിശുദ്ധാത്മാവ് തിരുത്തിത്തരും.

—ം—

തോമ്മാ അർക്കദിയാക്കോന്റെയും മുൻഗാമിയുടെയും കാലത്തെ റോമുമായും പറങ്കികളുമായുള്ള ഇടപെടലുകളുടെ രേഖകൾ മുഴുവൻ തന്നെ സെബസ്ററ്യാനി നശിപ്പിച്ചല്ലേ?

അപ്പോൾ ഇന്ന് അതിന്റെ സ്ഥാനത്ത് വിദേശങ്ങളിലെ രേഖാശാലകളിൽ പ്രത്യക്ഷപ്പെടുന്ന രേഖകൾ ഏതൊരു കാര്യത്തിന്റെയോ വ്യക്തിയുടെയോ സമകാലിക രേഖയോ, സ്വഹസ്തലിഖിതങ്ങളോ എന്നു നിശ്ചയിക്കുവാൻ സാദ്ധ്യമല്ലാ. കാരണം അവരുടെ മുദ്രകളോ, കയ്യൊപ്പോ, കൈപ്പട രേഖകളോ ഇവിടെ താരതമ്യപ്പെടുത്തുവാനില്ലാത്തവിധം നശിക്കപ്പെട്ടുപോയി. ഇരുപക്ഷവും സമ്മതിക്കുന്ന പറങ്കികളുടെ രേഖാദഹിപ്പിക്കൽ ഒററ കാരണത്താൽ ഈ റോമവിഭാഗം രേഖാശാലാ തെളിവുകൾ സ്വീകാര്യമല്ല. ഏതു കാര്യത്തിനും രേഖകൾ ഈ സാഹചര്യത്തിൽ രചിക്കാം.

ഇന്ന് ഇത്ര ഊററമായി റോമാ പാരമ്പര്യം അവകാശപ്പെടുന്നവരുടെ നേതാവായിരുന്ന പറമ്പിൽ ചാണ്ടി മെത്രാന്റെ കുറവിലങ്ങാട്ടുപോലും പ്രശസ്ത നെസ്തോറിയൻ മാർ ഗബ്രിയേൽ 4—ാം മാർത്തോമ്മായുടെ കാലത്തു വന്നപ്പോൾ പകലോമററം തറവാടിനടുത്ത പുരയിടത്തിൽ പള്ളി പണിത് മാർ ഗബ്രിയേലിന്റെ കൂടെ ചേർന്ന് കുറവിലങ്ങാട്ടു പള്ളിയിടവകക്കാരിൽ പലർ പിരിഞ്ഞുനിന്നിരുന്നു എന്നത് ഓർത്താൽ മാർ അയിത്താലാഹാ വന്നപ്പോൾ സമുദായം ഒന്നടങ്കം ഒരു നെസ്തോറിയന്റെ വരവിൽ ആഹ്ളാദിക്കയും തന്റെ ദാരുണാന്ത്യത്തിൽ കോപതാപാന്ധരാകുകയും ചെയ്തത് ആ സഭയുമായുള്ള ചിരകാലബന്ധംകൊണ്ടുതന്നെ ആയിരുന്നു.

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹനായ ഒന്നാം മാർത്തോമ്മാ (തുടർച്ച)

### പറങ്കിപടയ്ക്കെതിരെ തുറന്ന യുദ്ധം

കഠോരമായ ദണ്ഡനമുറകൾക്കുശേഷം ഗോവയിലെ അഗ്നിച്ചൂളയിൽ തൻെറ ശരീരം വെന്തെരിഞ്ഞു് ചാമ്പലാകുന്നതു് മനസ്സിൽ കണ്ടുകൊണ്ടു് തോമ്മാ അർക്കദിയാക്കോൻ മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയെ പുനരുദ്ധരിക്കുവാൻ ജീവന്മരണ അടരാട്ടം നടത്തി.

കുറിപ്പ്:— മലങ്കര നസ്രാണികൾ ഒരു സമൂഹമെന്ന നിലയിൽ രൂപംകൊണ്ടതുമുതൽ ലോകത്തിലെ മററു് വർഗ്ഗക്കാരായ ജനംങ്ങളെപ്പോലെ നസ്രാണിജാതിക്കുണ്ടായ സർവ്വാധിപതികളായിരുന്ന, അഥവാ പാത്രിയർക്കീസന്മാരായിരുന്ന, നമ്മുടെ ജാതിത്തലവന്മാരായിരുന്ന, വേദത്തലവന്മാർ. അർക്കദിയാക്കോൻ എന്നതു് ജാതിത്തലവനേക്കാൾ വളരെ വ്യത്യസ്തമായ സ്ഥാനമാണ്. അതു് കേവലം പൗരോഹിത്യപരമായ ഒരു സ്ഥാനമാണ്. എന്നാൽ നസ്രാണി ജാതിത്തലവൻെറ സ്ഥാനാവകാശങ്ങളും, വിപുലമായ അധികാരങ്ങളും ഇവയെല്ലാം ജാതിക്കു് കർത്തവ്യൻ അഥവാ വർഗ്ഗത്തലവൻ—പാത്രിയർക്കീ—എന്ന രാജപദവിയിലേക്കു് അവരെ ഉയർത്തുന്നു. ലോകത്തു് മററൊരു ക്രിസ്തീയവിഭാഗത്തിലും മലങ്കര നസ്രാണി ജാതിത്തലവനെപ്പോലെ വിപുലാധികാരങ്ങളും സ്ഥാനമാനാദികളും അർക്കദിയാക്കോന്മാർക്കുണ്ടായിരുന്ന രീതിയിൽ ഉണ്ടായിരുന്നില്ല.

അതേ! അങ്ങനെ ജാതിക്കു് പിതാവും പിതാവിനുള്ള സംരക്ഷണച്ചുമതലയും ഉണ്ടായിരുന്ന മലങ്കര ജാതിക്കു് തലവന്മാരിൽ അവസാനത്തെ പാത്രിയർക്കായ തോമ്മാ അർക്കദിയാക്കോൻ, തന്നെ ജീവനു തുല്യം സ്നേഹിച്ചിരുന്ന തൻെറ സഭാമക്കളുടെയും തൻെറയും അടിമച്ചങ്ങല പൊട്ടിച്ചെറിയുവാനാണ് സ്വയം പരിത്യജിച്ച് തുനിഞ്ഞിറങ്ങിയതു്.

അക്കാലത്തവിടെയുണ്ടായിരുന്ന പറങ്കികളും അല്ലാത്തവരുമായ റോമാസഭാപാതിരിമാർ അചഞ്ചലനായ ആ വീരനസ്രാണി പാത്രായർക്കീസിനെ വെറും നീചനും നിന്ദ്യനുമായി ചിത്രീകരിച്ചിരിക്കുന്നതിനെ അനുകരിച്ചു് റോമാസഭയിലായിത്തീർന്നിരുന്ന നസ്രാണികളുടെ സന്താനങ്ങളിൽ ചിലർ, സമുദായദ്രോഹിയായും വേദവിപരീതിയായും ദുർമ്മോഹിയായും ഇന്നു് ചിത്രീകരിക്കുന്നുണ്ടു്.

മാർത്തോമ്മാശ്ലീഹായുടെ വരവുമുതൽ ഇവിടെ രൂപംകൊണ്ട ക്രിസ്തീയസമൂഹം സാർവ്വത്രികസഭയുടെ ഭാഗമെന്ന സത്യം ഗ്രഹിക്കാതെ അതു് 'കത്തോലിക്കാസഭ' അതായതു് റോമ്മാ പാത്രിയർക്കീസിൻെറ പരമാധികാരത്തിൻ കീഴിലുള്ള ഭൂലോകവ്യാപകമായ സാർവ്വത്രിക സഭയുടെ ഭാഗമായിരുന്നു എന്നു ധരിച്ചുകൊണ്ടോ എന്നു തോന്നുമാറു് തോമ്മാ ജാതിത്തലവൻ റോമാസഭയ്ക്കു് വിശ്വാസ്യനാകത്തക്ക മഹാരോൻ ശിക്ഷാർഹമായ ധാർമ്മികാധ:പതനത്തിൽ ചെന്നെത്തിയ നീചൻ എന്ന മട്ടിലാണ് ഈ സഹോദരങ്ങളുടെ നിലപാട്.

---

### ജെയിക്കബ് തോമസ്, നടുവിലേക്കര

---

റോമാ പാപ്പായ്ക്കോ പോർട്ടുഗൽ രാജാവിൻെറ പദ്രോവാദത്തിനോ ഇവിടെ എന്തെങ്കിലും അധികാരമോ വേഴ്ചയോ ഉണ്ടായിരുന്നതായോ നാമെന്തെങ്കിലും സഹായത്തിനായി അവരോടർത്ഥിക്കയോ ചെയ്തതായോ യാതൊരു തെളിവും 1498—ലെ വാസ്കോഡിഗാമായുടെ വരവുവരെ ഉണ്ടായിട്ടേയില്ല.

1599—ലെ ഉദയംപേരൂർ പിടിച്ചടക്കലാണ് നമ്മെ റോമ്മാസഭയിലകപ്പാൻ പറങ്കികൾ ഒരു നൂററാണ്ടു് ഉററു ശ്രമിച്ചതിൻെറ ഫലം. പിടിച്ചടക്കപ്പെട്ടവർ സ്വതന്ത്രമാകുവാൻ സർവ്വവിധേനയും ശ്രമിക്കും, ഇന്ത്യൻ സ്വാതന്ത്ര്യനേതാക്കളെ മഹാനീചന്മാരായി നല്ലവരായ ബ്രിട്ടീഷ് യജമാനന്മാർ ചിത്രീകരിച്ചിരിക്കുന്ന രേഖകൾ പ്രകാരം ഇന്നു് ഗാന്ധിജിയേയോ സുബാഷ് ബോസനെയോ, നെഹ്റുവിനെയോ പോലെയുള്ളവരെ അവരുടെ ദേശങ്ങളിൽ രേഖാമൂലമോ ഭാഷണത്തിലൂടെയോ പരാമർശിച്ചു് ഈ മന:സ്ഥിതിക്കാർ ഫലമറിയുന്നതു് നന്നായിരിക്കും.

ഇന്നദ്ദേഹത്തെ ദൂഷിക്കുന്നവരുടെയും അല്ലാത്തവരുടെയും പിതാക്കൾ ഉൾക്കൊണ്ട ജനതയുടെ മാനം രക്ഷിക്കുവാനായിരുന്ന ആ ദേശാഭിമാനി അടരാടിയതു് എന്നു് ഇന്നവർ ചിന്തിക്കുന്നതു് ദേശാഭിമാനത്തിനോടുള്ള മതിപ്പായിരിക്കും. നിഷ്പക്ഷനായ ഒരു ചരിത്രപഠിതാവിനു് തോമ്മാ അർക്കദിയാക്കോനെ ഒരു മഹാധീരനായ ദേശാഭിമാനി എന്ന നിലയിൽ ആദ്യമായി രേഖപ്പെടുത്തേണ്ടിവരുമെന്നതു് ചില്ലറക്കാര്യമല്ല.

### തുറന്ന യുദ്ധത്തിന്റെ തുടസ്സം

ഉദയമ്പേരൂർ പിടിച്ചടക്കലിന്റെ തണലിൽ പറങ്കി സൈനിക സ്വാധീനത്തിൽ നസ്രാണി വർഗ്ഗത്തെ അടിച്ചമർത്തുവാനും വരുതിയിൽ നിർത്തുവാനും ദാക്ഷിണ്യമില്ലാത്ത നടപടികൾ സ്വീകരിച്ച അവസാനത്തെ ജസ്യൂത്ത് മെത്രാൻ ഫ്രാൻസിസ് ഗാർഷ്യായും, നസ്രാണി ജാതിയെ വാണ അവസാന ജാതിക്കു് കർത്തവ്യൻ തോമ്മാ ന്യായാധിപനും തമ്മിൽ പിണക്കം ആരംഭിച്ചു് തമ്മിൽ ഉരച്ചുരച്ചു് അകന്നു. ശരിക്കു് അകന്നു. രണ്ടിൽ ഒന്നു കണ്ടിട്ടു തന്നെ എന്നുറച്ചു് ഇരുവരും അവരവരുടെ ഭാഗം ഭദ്രമാക്കുന്ന ചതുരംഗത്തിലേക്കു് നീങ്ങി. ഗാർഷ്യയ്ക്കു് എതിരായി നസ്രാണി ഇടവകകളെ ശക്തിപ്പെടുത്തുന്നതിനായി നിരവധി പള്ളികളിൽ യോഗങ്ങൾ വിളിച്ചുകൂട്ടപ്പെട്ടു. അങ്കമാലി, ഇടപ്പള്ളി, പറവൂർ, പിറവം, മുളന്തുരുത്തി, കോട്ടയം, കടുത്തുരുത്തി, കുറവിലങ്ങാട്ടു്, നിരണം, ചമ്പക്കുളം, ചെങ്ങന്നൂർ തുടങ്ങി അനേക നസ്രാണികേന്ദ്രങ്ങളിൽ ഗാർഷ്യാമെത്രാനെതിരായി, റോമ്മാഭരണത്തിനെതിരായി നസ്രാണികളുടെ രോഷം പ്രകടമാക്കപ്പെട്ടു. ഈ പ്രക്ഷോഭണത്തിന്റെ ആക്കം കൂട്ടി മൂർദ്ധന്യത്തിലെത്തിക്കുവാൻ ഒരു കാരണവും ഉണ്ടായി.

അയിത്താലാഹാ—അഹത്തള്ള എന്ന കൽദായ മെത്രാന്റെ വരവും, അദ്ദേഹത്തെ മലങ്കരയിൽ പ്രവേശിപ്പിക്കാതിരിക്കുവാനുള്ള പറങ്കിപ്പാതിരിമാരുടെ നിഷ്ഠൂരമായ നടപടികളുമായിരുന്നു പെട്ടെന്നുണ്ടായ കാരണം. ഗാർഷ്യാ മെത്രാന്റെ ഭരണത്തിൽ നിന്നു് നസ്രാണികൾക്കു് ഒരു പൗരസ്ത്യ സുറിയാനി മെത്രാന്റെ മലങ്കരപ്രവേശംമൂലം വലിയ ബുദ്ധിമുട്ടില്ലാതെ സ്വയം വിമുക്തി നേടാമായിരുന്നു. ജാതിത്തലവൻ തോമ്മാ അർക്കദിയാക്കോൻ അതിനായി പ്രധാനമായി സെല്യൂഷ്യയുടെ കാതോലിക്കാ പാത്രിയർക്കീസിനും, മററു ചില പൗരസ്ത്യ സഭാതലവന്മാർക്കും സഹായാഭ്യർത്ഥന, കത്തു മൂലം നടത്തിയിരുന്നു. എന്നാൽ ഗാർഷ്യയുടെ ഭരണ കാലത്തെയും ഈ നസ്രാണി പ്രക്ഷോഭണത്തെയും പററി

നസ്രാണി വ്യാസൻ പരേതനായ Z. M. പാറേട്ടു്. പറയുന്നതു്

''ഈ ഗാഴ്സ്യായുടെ കാലത്താണ്‌ രണ്ടു ലക്ഷം മലങ്കര നസ്രാണികൾ ഒററക്കെട്ടായി എണീററു് കൂനൻ കുരിശു സത്യം എന്ന പേരിൽ അറിയപ്പെടുന്ന വിപ്ളവത്തിലൂടെ സ്വാതന്ത്ര്യം പ്രാപിച്ചതു്.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്കു്



എ. ജി. ജേക്കബ്.



ഒരു വിശ്വാസി.



രോഗശാന്തിക്ക് മറിയാമ്മ ദാനിയേൽ, റെയ്പ്പൂർ.



Ajin Joy.





Chacko Joshuva, Assam Rifiles.



## ? സംശയങ്ങൾ ചോദിക്കുക

### ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ചോ. 1) പള്ളിയിൽ ആരാധനാ സമയത്തു പട്ടക്കാർ കിഴക്കോട്ടു് തിരിഞ്ഞു നിന്നുകൊണ്ടു് ജനങ്ങളെ സ്വർഗ്ഗീയ യറുശലേമിലേക്കു് നയിക്കുന്നു. എന്നാൽ റോമൻ കത്തോലിക്കർ (പുരോഹിതന്മാർ) ജനങ്ങൾക്കഭിമുഖമായിട്ടു നിന്നുകൊണ്ടു് ആരാധന നടത്തുന്നു. ഇതിന്റെ അർത്ഥം അവർ സ്വർഗ്ഗീയ യരുശലേമിൽ എത്തിയതിനെയും നമ്മൾ ഇപ്പോഴും അവിടേക്കുള്ള യാത്ര തുടരുന്നതിനെയും ആണോ കുറിക്കുന്നതു്? വി. വി. ഫിലിപ്പ്, കാൺപൂർ

കിഴക്കൻ സഭകളിൽ പട്ടക്കാരും ജനങ്ങളും ഒരുപോലെ കിഴക്കുദിക്കുന്ന നീതിസൂര്യനെ (യേശുവിനെ) നോക്കി പ്രാർത്ഥിക്കുന്നു. റോമൻ കത്തോലിക്കർ അടുത്തകാലത്തു ജനങ്ങളെ അഭിമുഖീകരിക്കുന്നതിന്റെ അർത്ഥം അറിഞ്ഞുകൂടാ.

ii) ദുഃഖവെള്ളിയാഴ്ച കബറടക്ക ശുശ്രൂഷയ്ക്കു വേണ്ടി മറയിട്ടതിനു ശേഷം മറ പിന്നെയും നീക്കി ധൂപം വയ്ക്കുമോ? (Do)

ദുഃഖവെള്ളിയാഴ്ച കബറടക്കിയശേഷം കൃംതായുടെ സന്ധ്യവരെ മറ നീക്കാറില്ല. മറ നീക്കാതെ ധൂപം കബറിനടുത്തു വയ്ക്കാറുണ്ടു.

iii) ആദിമ കാലങ്ങളിൽ ദൈവം മനുഷ്യനെ അന്വേഷിച്ചും, അവർക്കു പ്രത്യക്ഷപ്പെട്ടും ചെയ്തതായി നാം വായിക്കുന്നു. എന്നാൽ ഇന്നു് മനുഷ്യൻ ദൈവത്തെ അന്വേഷിച്ചു് നടക്കുന്നു. എന്താണ്‌ ഈ വ്യതിയാനത്തിനു കാരണം? Do.

ആദിമകാലത്തും മോശ ദൈവത്തെ അന്വേഷിച്ചു സീനായിൽ പോയി. ഇന്നും ദൈവം മനുഷ്യരെയും, മനുഷ്യർ ദൈവത്തെയും അന്വേഷിക്കുന്നുണ്ടു്. യേശുക്രിസ്തുവിൽ ദൈവം നമ്മെ തേടിവന്നതായി നാം വിശ്വസിക്കുന്നു.

iv) മൂറോൻകൊണ്ടു് കുരിശടയാളം വരച്ച തിരുനെററിയിൽ പെൺകുട്ടികൾ പൊട്ടുതൊടുന്നതു് ശരിയാണോ? (Do).

വി. മൂറോനഭിഷേകം ലഭിച്ച നെററിയിൽ പൊട്ടുതൊട്ടതിനാൽ പരിശുദ്ധാത്മനൽവരം നഷ്ടപ്പെടണമെന്നില്ല. എന്നാൽ ക്രിസ്തുവിന്റെ പിൻഗാമികൾ മററു മതക്കാരുടെ പാരമ്പര്യം സ്വീകരിച്ചു ക്രിസ്ത്യാനിയാണെന്ന കാര്യം മറയ്ക്കാനാണു പൊട്ടുതൊടുന്നതെങ്കിൽ തെററാണ്‌.

v) കുമ്പസാരം കർബാന അനുഭവിക്കാൻ വേണ്ടിയുള്ളതാണോ? കുമ്പസാരിച്ചതിനു ശേഷം കുർബാന അനുഭവിക്കണമെന്നു് നിർബന്ധം ഉണ്ടോ? (Do).

കുമ്പസാരം പ്രത്യേക കൂദാശയാണ്‌. വി. കർബാന എല്ലാ കൂദാശകളെയും പൂർത്തീകരിക്കുന്ന കൂദാശയാണ്‌ വി: കുമ്പസാരം നടത്തുമ്പോഴെല്ലാം വി. കർബാന അനുഭവിക്കണമെന്നില്ല. കുററബോധം മാറാൻ കുമ്പസാരം നടത്താം. പാപക്ഷമ ലഭിച്ചവർ വി. കർബാനയിൽ വിശുദ്ധീകരിക്കുകയും പുതു ശക്തി പ്രാപിക്കുകയും ചെയ്യുന്നു.

vi) താഴെപ്പറയുന്ന സ്ഥാനികളുടെ അർത്ഥമെന്തു്? എം. എം. മാണി ഊരമന

അർക്കദിയാക്കോൻ=Arch-deacon

പ്രധാന ശെമ്മാശ്ശൻ—ഒരു കാലത്തു് ഈ സ്ഥാനിക്കു വലിയ ചുമതലകൾ ഉണ്ടായിരുന്നു.

ശെമ്മാശൻ=ശുശ്രൂഷകൻ=deacon

7 ശെമ്മാശന്മാരെ ആദ്യം പട്ടം കൊടുത്ത ഭാഗം നോക്കുക (അപ്ര. 6: 7)

കത്തനാർ=priest=പട്ടക്കാരൻ = വി. കർബാന അനുഷ്ഠിക്കുവാനുള്ള പട്ടം ലഭിച്ചവർ

റമ്പാൻ=monk=സന്യാസസ്ഥാനം (order) ലഭിച്ചവൻ.

ഇതു് അൽമയക്കാർക്കും നൽകാറുണ്ടു്. എല്ലാ റമ്പാന്മാരും പുരോഹിതരാകണമെന്നില്ല.

എപ്പിസ്കോപ്പാ = ഗ്രീക്കുവാക്കു് എപ്പിസ്കോപ്പോസ്.

അർത്ഥം മേൽനോട്ടക്കാരൻ, ബിഷോപ്പന്മാർ എപ്പിസ്കോപ്പന്മാരാണ്‌, അ. പ്ര. 20: 28—ൽ

---

രണ്ടു ലക്ഷത്തിലുണ്ടായിരുന്ന നാന്നൂറു കരിങ്കാലികളെന്ന പുളിപ്പു പ്രയോഗിച്ചു്, അപ്പത്തിൽ മുക്കാൽ ഭാഗവും റോമ്മാക്കാർ പുളിപ്പിച്ചു എന്നതു് ഞങ്ങൾ വിസ്മരിക്കുന്നില്ല. ഗാഴ്സ്യായുടെ ഭരണകാല ചരിത്രവും. കൂനൻകുരിശു വിപ്ളവ ചരിത്രവും തമ്മിൽ തിരിക്കാൻ പണിയാണ''' ഫ്രാൻസിസ് ഗാഴ്സ്യാ, മൂന്നാം ലത്തീൻ മെത്രാൻ, p 376, 377. മലങ്കര നസ്രാണികൾ. Vol. 2.

Z. M. Paret

അടുത്തലക്കം.

## മാർ അഹത്തള്ളാ;

സ്ഥയെപ്പററി പ്രയാസപ്പെട്ടും യൂണിവേഴ്സിററിക്ക് മറുപടി കൊടുക്കുവാൻ ചിന്തിച്ച് വിഷമിക്കുമ്പോഴും പറയും 'നസ്സറായൻ നോക്കിക്കൊള്ളും'.

നസ്സറായൻ നോക്കിക്കനിഞ്ഞു. പിന്നെ അധികം താമസിച്ചില്ല. 1951 ഏപ്രിൽ 17–ന് ആ ദീപം പൊലിഞ്ഞു. നസ്സറായൻ നോക്കിയതുകൊണ്ടും തിരുമേനിയുടെ അഭിലാഷം പൂർത്തിയാക്കുവാൻ സഭാസ്നേഹികൾ മുന്നിട്ടിറങ്ങിയതുകൊണ്ടും സമാർ ഒന്നര വർഷം കഴിഞ്ഞപ്പോൾ മാക്കാംകുന്നിൽ ആ വിളക്കു കൊളുത്തി. കാതോലിക്കേററ് കോളേജ് സ്ഥാപിതമായി. ഇന്ന് ഏതുകൊണ്ടും സഭയ്ക്ക് അഭിമാനിക്കാവുന്ന ആ സ്ഥാപനവും തിരുമേനിയുടെ സഭാസ്നേഹവും തമ്മിൽ ബന്ധപ്പെടുത്തി ചിന്തിക്കുന്നതുകൊള്ളാം. സഭയുടെ നാനാവിധ പുരോഗതി മുൻനിറുത്തി എത്രയെത്ര ഹൈസ്കൂളുകളും പ്രൈമറി സ്കൂളുകളും തിരുമേനി സ്ഥാപിച്ചുവെന്നും കൂടി ഓർക്കുക.

സഭയുടെ പുരോഗമനത്തെ പുരസ്കരിച്ച് സംസാരിക്കുമ്പോഴെല്ലാം വൈദീകരുടെ സ്ഥാനത്തെപ്പററി തിരുമേനി തികച്ചും ബോധവാനായിരുന്നു. കാലോചിതമായ വിദ്യാഭ്യാസം വൈദീകൻ കൈവരിച്ചിരിക്കണമെന്നുള്ള നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. വൈദികരുടെ സേവനവും വേതനവും ഒക്കെ പഠനവിഷയമാക്കുകയും ഇന്നത്തെ ശമ്പളപദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഏതു സ്ഥലത്ത് ചെല്ലുമ്പോഴും വിദ്യാഭ്യാസമുള്ളവരും സഭാസേവനത്തിനുള്ള മററു യോഗ്യതകൾ ഉള്ളവരും ആയ ചെറുപ്പക്കാരുണ്ടോയെന്ന് അന്വേഷിച്ച് അവരെ സഭയ്ക്കുവേണ്ടി വിട്ടുകൊടുക്കുവാൻ മാതാപിതാക്കന്മാരോട് അഭ്യർത്ഥിക്കുമായിരുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അകാല വിയോഗം എങ്ങനെയൊക്കെ നാം വിലയിരുത്തിയാലും 'തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു' എന്നുള്ള സങ്കീർത്തന വാക്യത്തിൽ നമുക്ക് സമാധാനം കണ്ടെത്താം (സങ്കീ. 116; 15). വലിയ ബാവായെന്ന് പരക്കെ അറിയപ്പെടുന്ന കാലംചെയ്ത ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തിരുമേനി സഭയെ സ്നേഹിച്ച ഈ പുത്രനെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ലിസ്സി ഈപ്പൻ, കോഴിക്കോട്.

മോളി ഏബ്രഹാം.



ഓമന മാത്യു, പറന്തൽ.

ജയമോൾ, പാററ്നാ.



# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിന്റെ ബലിയാട്

### റോമൻ ചരിത്രകാരന്മാരുടെ സാക്ഷ്യം (തുടർച്ച)

**ഫാ. പ്ലാസിഡ്. സി. എം. ഐ.**

ഇദ്ദേഹത്തിന്റെ സെ. തോമസ് ക്രിസ്ത്യൻസ് P. 151–ൽ നിന്ന് ''....അർക്കദിയാക്കോന് (തോമ്മാ) നെസ്തോറിയൻ, കോപ്ററിക് മുതലായ പാത്രിയർക്കീസന്മാരുമായി രഹസ്യ എഴുത്തുകുത്തുകൾ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. എന്നാൽ അർക്കദിയാക്കോൻ കൽദായ റീത്ത് കത്തോലിക്കാ പാത്രിയർക്കീസുമായി മാത്രമേ രഹസ്യ കത്തിടപാടുകൾ നടത്തിയിരുന്നുള്ള എന്നാണ് മററു ചിലരുടെ ചരിത്രങ്ങളിൽ പറയുന്നത്'' എന്നുള്ള ഭാഗം ഉദ്ധരിച്ചിട്ടുള്ളതാണ്. ഫാ. പ്ലാസിഡിന്റെ വിവരണം അഹത്തള്ളായുടെ കാര്യത്തിൽ റോമാ പാപ്പാ അയച്ചു എന്ന് അഹത്തള്ളാ നസ്രാണികളോടു പറയുന്നതായാണ്. അദ്ദേഹം സ്വന്തമായി ഒരു നില സ്വീകരിച്ചുകാണുന്നില്ല. ''അക്കാലത്ത് മൈലാപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ തിരുക്കവറിനെ വണങ്ങുന്നതിനായി ചെന്നിരുന്ന തിരുയാത്രികരിൽ ചെങ്ങന്നൂർ ഇടവക ചെങ്കയിൽ ഇട്ടി ശെമ്മാശും, കറവിലങ്ങാട്ടു പള്ളി ഇടവക കിഴമെടത്തു കര്യൻ ശമ്മാശും അദ്ദേഹത്തെ കാണുകയും (അഹത്തള്ളായെ) തദവസരത്തിൽ അദ്ദേഹം സുറിയാനിക്കാർക്കായി ഒരെഴുത്തു അവരുടെ പക്കൽ ഏല്പിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ എഴുതപ്പെട്ട പ്രസ്തുത കത്തിന്റെ പദാനുസൃത തർജ്ജമ താഴെ കാണുംവിധമാണ്. ''ഇന്ത്യ ഒക്കെയുടെയും ചീനത്തിന്റെയും പാത്രിയർക്കീസും ഇഗ്നാത്തിയോസുമായ ഞാൻ, നിങ്ങളുടെ ദിക്കിൽ നിന്ന് ഇവിടെ വന്നിട്ടുള്ള ശെമ്മാശന്മാർവശം ഒരെഴുത്ത് അയയ്ക്കുന്നു. നിങ്ങൾ ഈ എഴുത്ത് വായിക്കുമ്പോൾ, രണ്ടു വൈദീകന്മാരെയും, നാൽപതു ആളുകളെയും എന്റെ പക്കൽ അയയ്ക്കണം. എന്റെ വരവിനു തടസ്സം നേരിടാതിരിക്കുവാൻ തക്കവണ്ണം കഴിയുന്ന വേഗത്തിലും വേണ്ടുന്ന ജാഗ്രതകതയോടും കൂടി നിങ്ങൾ അവരെ അയയ്ക്കണം. എന്റെ മക്കളെ വരുവിൻ, എന്റെ വാക്കുകളെ ശ്രവിപ്പീൻ. നമ്മുടെ നാഥനായ മാർ പാപ്പായിൽ നിന്ന് സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവീൻ ഇഗ്നാത്തിയോസിനു സമസ്താധികാരവുമുണ്ട് നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ ആവശ്യത്തിന് ഉതകുന്നതായ വളരെ നിക്ഷേപങ്ങളും മററനേകം ദ്രവ്യങ്ങളും ഞാൻ കൊണ്ടുവന്നിരിക്കുന്നു. അതിനാൽ ഞാൻ അവിടെ വന്നു ചേരുന്നതിനു കഴിവതെല്ലാം നിങ്ങൾ ചെയ്‌വിൻ. മൈലാപ്പൂർ എന്ന ഈ പട്ടണത്തിൽ ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ ഞാൻ എത്തിയിരിക്കുന്നതു് ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്ക് എന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി പുരോഹിതന്മാരും ശെമ്മാശ്ശന്മാരും ഇവിടെ വന്നുചേരുന്നതായി ഞാൻ അറിഞ്ഞതിനാൽ ആണ്. വൈദീകന്മാരും ശെമ്മാശ്ശന്മാരും ജനപ്രധാനന്മാരുമായ നിങ്ങൾ എല്ലാവരും അറിഞ്ഞുകൊൾവിൻ. ഞാൻ 1652 ഓഗസ്ററ് 2–ാം തീയതി മൈലാപ്പൂരിൽ ഈശോ സഭക്കാരുടെ ഭവനത്തിൽ എത്തി. അതിൽ ഞാൻ താമസിച്ചു വരുന്നു. അവർ എന്നോടു കരുണാപൂർവ്വം പ്രവർത്തിക്കുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും അവരുടെ സമ്മാനം വർദ്ധിക്കുമാറാകട്ടെ. അവർക്കും നിങ്ങൾക്കും നമുക്കും എന്നേരവും സമാധാനം

---

പുത്തൻകാവിൽ കൊച്ചുതിരുമേനിയാകുന്ന വാത്സല്യപുത്രന്റെ മൃതദേഹം പഴയസെമിനാരിയിൽ നിന്ന് കബറടക്കത്തിനായി പുത്തൻകാവിലേക്ക് കൊണ്ടുപോകുന്നതിന് ആരംഭിക്കുമ്പോൾ ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി മൃതദേഹം വഹിച്ചിരുന്ന വാഹനത്തിലേക്ക് ബദ്ധപ്പെട്ടു കയറി മൃതശരീരത്തെ കെട്ടിപ്പിടിച്ച് കണ്ണുനീർ ധാരധാരയായി ഒഴുക്കിക്കൊണ്ട് അന്ത്യചുംബനം നടത്തിയ രംഗത്തെപ്പററി കേട്ടിട്ടുണ്ട്.

'സഭയുടെ ഭിത്തിയെ ബലവത്താക്കുക<br>ശിലമേൽ നിർത്തി<br>നായകരായോരിടയന്മാരെ കാക്കുകശ്ലീഹാ'

എന്നുള്ള പ്രാർത്ഥന ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. മലങ്കരസഭയുടെ മതിലുകൾ ബലപ്പെടുത്തിയ മഹാത്മാക്കളുടെ ഗണത്തിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി നിത്യം പ്രകാശിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടെ.

മുണ്ടാകട്ടെ. ആമ്മേൻ. എന്ന് ഇന്ത്യ മക്കെയുടെയും ചീനത്തിന്റെയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ് (23)'' ഈ ഭാഗം തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ Vol. 2 P. 182–83 നിന്ന് ആണെന്നു കാണുന്നു. നാഗമയ്യായുടെ സ്റ്റെയിറ്റ് മാനുവൽ അന്നത്തെ ബ്രിട്ടീഷ് റസിഡന്റ് റോമ്മാക്കാരൻ ജി. റ്റി. മെക്കൻസി എഴുതിയ ലേഖനത്തിൽ നിന്നാണ് ഈ ഭാഗം.

മാപ്പാപ്പായിൽ നിന്ന് സമസ്താധികാരവും ലഭിച്ചയാം ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ വന്നയാം റോമാ സഭാംഗമായ മേല്പട്ടക്കാരനാകാതെ പറയുകയില്ല. ക്രിസ്തുവിന്റെ അമ്മ മാത്രമായ വി. മറിയം മാത്രമേ നെസ്തോറിയർക്കുള്ളു. ആയതിനാൽ ആരും നെസ്തോറിയൻ അല്ല. തന്നെയുമല്ല ശെമ്മാശന്മാർ ചെന്നപ്പോൾ മാത്രം ഇദ്ദേഹത്തിന്റെ വരവിനെപ്പററി കേവലം രണ്ടു നസ്രാണികളായ അവർ മാത്രം ആദ്യമായറിയുകയും അഹത്തുള്ള കേരളമണ്ണിൽ കാലുകുത്താതെ ഒററ നസ്രാണിയെയും കണ്ടുമുട്ടാനിട വരാതെയുള്ള നിലയിൽ ആദ്യം കണ്ടവർ പക്കൽ കൊടുത്ത കത്തിൽ

''ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്ക്.......... വന്നുചേരുന്നതായി ഞാൻ അറിഞ്ഞതിനാൽ'' എന്ന ഭാഗം ഈ കത്തിന്റെ പില്കാല രചനയിതാക്കളുടെ നോട്ടക്കുറവിനെ കാണിക്കുന്ന ഒന്നാണ്. ശെമ്മാശ്ശന്മാർക്ക് അങ്ങിനെ ഒരു വാഗ്ദാനം നടത്തുവാൻ പററുമോ? ഇവിടെ സഭ സമ്മേളിച്ച് ജാതിത്തലവൻ ചെയ്യുന്ന കാര്യത്തിന് പൊതുസമ്മതം ഉണ്ടാകണം. ജാതിക്ക് കർത്തവ്യൻ സർവ്വാധിപതിയെങ്കിലും പ്രധാന കാര്യങ്ങളിൽ സഭയുടെ സമ്മതം വാങ്ങുന്ന ജനായത്ത രീതിയാണിവിടെ നടപ്പിലിരുന്നത്.

ആകെക്കൂടി അഹത്തള്ളാ റോമൻ കത്തോലിക്കൻ അല്ലെങ്കിൽ ദൈവമാതാവായി വി. മറിയത്തെ അറിയുന്ന പൗരസ്ത്യ ഓർത്തഡോക്സുകാരനല്ലാതെ നെസ്തോറിയനാകുവാൻ പാടില്ല എന്ന് രചയിതാക്കൾക്ക് നിർബ്ബന്ധമുണ്ടെന്ന് തോന്നുന്നു. നെസ്തോറിയനായാൽ പറങ്കിക്ക് മുമ്പും ഉദയമ്പേരൂർ കാലത്തും ഉണ്ടായിരുന്ന നസ്രാണി സമൂഹം നെസ്തോറിയ എന്ന ഹാസ്യനാമമുള്ള സാക്ഷാൽ ബാബിലോൺ കാതോലിക്കാ പാത്രിയർക്കീസിനെ മാർത്തോമ്മാ ശ്ലീഹായുടെ വിശാല പൗരസ്ത്യദേശ ഇടവകയുടെ ആചാര്യ പ്രധാന അദ്ധ്യക്ഷനായി കരുതിയിരുന്നവരാണെന്നു വരരുതെന്നും ഈ കത്തിൽ കരുതലുണ്ടെന്നു തോന്നുന്നു. പിന്നെ ''യാക്കോബായ'' അവരുമായി ബന്ധമില്ലായിരുന്നു എന്നതിന് ഇവിടെ നിലവിലിരുന്ന കൽദായ സുറിയാനി ആരാധന തെളിവാകാവുന്നതേയുള്ളു.

**ജോസഫ് ചാഴിക്കാട്.**

''ഇപ്രകാരമിരിക്കെ 1652–ൽ അഹത്തുള്ള ഇൻഡ്യയുടെയും ചൈനയുടെയും മെത്രാനെന്നു സ്വയം പ്രഖ്യാപിച്ചുകൊണ്ട് സൂററിൽ വന്നു. ഇദ്ദേഹം മെത്രാനായിരുന്നോ, മെത്രാനെങ്കിൽ നെസ്തോറിയനോ, യാക്കോബ്യനോ, കത്തോലിക്കനോ എന്നും ഇതേവരെ തീരുമാനിച്ചിട്ടില്ല. ഏതായാലും പറങ്കികൾ ഇദ്ദേഹത്തെ പിടികൂടി മലങ്കരയിലെത്തിക്കാതെ മൈലാപ്പൂരിലെത്തിച്ചു തടവിലാക്കി. ഇദ്ദേഹം മൈലാപ്പൂരിൽ താമസിക്കയിൽ മലയാളത്തുനിന്നും രണ്ടു പട്ടക്കാർ തോമ്മാ ശ്ലീഹായുടെ കബറിടം സന്ദർശിക്കുന്നതിനായി അവിടെ ചെല്ലുകയും അഹത്തുള്ളയെ കണ്ടുമുട്ടുകയും ചെയ്തു. അഹത്തുള്ളായെ ''മലങ്കര മെത്രാനാ''യി റോമ്മാപാപ്പാ അയച്ചിട്ടുള്ളതാണെന്നും മലങ്കരെ നിന്നും ഏതാനും പട്ടക്കാരും ജനങ്ങളും മൈലാപ്പൂരെത്തി അദ്ദേഹത്തെ മലയാളത്തേക്കു സ്വീകരിച്ചു കൊണ്ടുപോരണമെന്നും ഒരു കത്തെഴുതി മലയാളയാത്തുനിന്നു ചെന്ന പട്ടക്കാർവശം കൊടുത്തയച്ചു. അന്നു

## ജെയിക്കബ് തോമസ്, നടുവിലേക്കര

മലങ്കരയിൽ അർക്കദിയാക്കോൻ ഇല്ലായിരുന്നതിനാൽ, ചെന്ന പട്ടക്കാർ പേരുപറഞ്ഞുകൊടുത്ത, പള്ളി വീട്ടിൽ തോമ്മായെന്ന പട്ടക്കാരനെ മലയാളത്തിന്റെ അർക്കദിയാക്കോനായി നിയമിച്ചിരുന്നതായി വേറൊരു കത്ത് ഈ പട്ടക്കാർ വശം അയച്ചു. ഈ കത്തുകൾ മലയാളത്തു ലഭിച്ചയുടനെ സുറിയാനിക്കാർ ഉദയംപേരൂർ പള്ളിയിൽ ഒരു മഹായോഗം കൂടി......... അഹത്തുള്ളായെ........മൈലാപ്പൂരിലെത്തി........മലയാളത്തേക്കുകൊണ്ടു വരണമെന്നു തീരുമാനിച്ചു. ഈ തീരുമാനം ഗാർസ്യം മെത്രാപ്പോലീത്താ അറിഞ്ഞു (തെക്കുംഭാഗ സമുദായ ചരിത്രം രണ്ടാം പതിപ്പ് 1961 P 255).

ശ്രീ. ചാഴിക്കാട്ട് അഹത്തള്ളായെപ്പററി അദ്ദേഹം ഏതു സഭാവിഭാഗക്കാരനെന്ന് പറയാതെ അദ്ദേഹം ഏതു സഭാംഗമായിരുന്നു എന്ന് തീരുമാനിക്കപ്പെട്ടിട്ടില്ല എന്നു സ്പഷ്ടമായി പറഞ്ഞ് ആ കാര്യം അവസാനിപ്പിക്കുന്നു. ബാക്കി കാര്യങ്ങൾ ഏറെക്കുറെ ഫാ. ബർണാട്ട് പറയുംവിധം തന്നെ. എന്നാൽ അക്കാലത്ത് ഇവിടെ അർക്കദിയാക്കോൻ ഇല്ലായിരുന്നു എന്നും മൈലാപ്പൂരിൽ ചെന്ന പട്ടക്കാർ പറഞ്ഞു കൊടുത്തതനുസരിച്ച് 'പള്ളിവീട്ടിൽ തോമ്മായെന്ന



പട്ടക്കാരനെ' മലയാളത്തിന്റെ അർക്കദിയാക്കോനായി നിയമിച്ചുകൊണ്ട് വേറൊരു കത്തുകൂടി കൊടുത്തയച്ചു എന്നു കൂടി ശ്രീ. ചാഴികാടൻ പറയുന്നുണ്ട്.

തെക്കുംഭാഗരും വടക്കുംഭാഗരും ഉൾപ്പെട്ട കേരള സുറിയാനി ക്രിസ്ത്യാനികളുടെ ഒന്നടങ്കം സമൂഹത്തിന് ജാതിക്കു തലവൻ പാത്രിയർക്കായും അർക്കദിയാക്കോൻ എന്ന ആത്മീയ പ്രധാന കാര്യസ്ഥനായും 1637 മുതൽ ഭരണമേററ കുറവിലങ്ങാട്ട് പകലോമററം പള്ളി വടക്കേടത്ത് തറവാട്ടിലെ തോമ്മാ എന്ന പട്ടക്കാരൻ 1652–ൽ ആസ്ഥാനത്തുണ്ടായിരുന്നു. ഗാഷ്യാ മെത്രാൻ ഭരണം തുടങ്ങിയ നാൾ മുതൽ നസ്രാണികളെ റോമ്മാ സഭയിൽ അമർത്തി ഉറപ്പിക്കുന്നതിന് നിർദ്ദാക്ഷിണ്യം നടപ്പാക്കുവാൻ തുടങ്ങിയ സർവ്വ പദ്ധതികളെയും തുല്യശക്തിയോടെ എതിർത്ത് പരാജയപ്പെടുത്തിക്കൊണ്ടിരിക്കെയാണ് മാർ അഹത്തള്ളാ ഇന്ത്യയിലെത്തിയത്. തന്നെ പിൻഗാമിയാക്കി സ്ഥാനത്തേററിയ ഗീവർഗീസ് അർക്കദിയാക്കോൻ കൽദായ കാതോലിക്കായുമായി നടത്തിയ രഹസ്യ കത്തിടപാടിൽ 1609–ൽ ഒരു കൽദായ മെത്രാൻ ഇവിടെ വന്നതിനുശേഷം പിൻഗാമിയായി സ്ഥാനമേററ താൻ തുടർന്നു കൽദായ കാതോലിക്കാ പാത്രിയർക്കീസുമായി നടത്തിയ രഹസ്യവേഴ്ചയുടെ ഫലമായിട്ടെത്തിയ മാർ അഹത്തള്ളാ തന്നെ അർക്കദിയാക്കോനായി രണ്ടു പട്ടക്കാരുടെ (ശെമ്മാശ്ശന്മാർ) ശുപാർശയിൽ നിയമന കല്പന അയച്ചു എന്നു പറഞ്ഞാൽ അതിനെ വിചിത്രം എന്നുമാത്രം തല്ക്കാലം വിവക്ഷിക്കുവാനേ മനസ്സനുവദിക്കുന്നുള്ളു.

(തുടരും)

# "രോഗികളെ സൗഖ്യമാക്കുവിൻ" (വി. മത്താ. 10: 8a)

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

വി. മത്തായി 10:5–15 ലും (വി. ലൂക്കോസ് 9:1–5) വി. മർക്കോസ് 6:7–13 ലും വി. ലൂക്കോസ് 10:1–12 ലും കർത്താവ് സൗഖ്യദാനശുശ്രൂഷയ്ക്കായി പന്ത്രണ്ടു ശ്ളീഹന്മാരെയും മററ് 70 പേരെയും അയച്ചതായി നാം കാണുന്നു. കർത്താവിന്റെ ജീവിതം മുഴുവനും ഒരു സൗഖ്യദാന ശുശ്രൂഷയുടെ ജീവിതമായിരുന്നു. ആത്മശരീരമനസ്സുകൾക്ക് താൻ സൗഖ്യം നൽകി. നമുക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനുമത്രെ ഞാൻ വന്നതെന്ന് താൻ അരുളിച്ചെയ്തു. (വി. യോഹ. 10:10 b) കേവലം രോഗങ്ങൾ മാററുകയായിരുന്നില്ല കർത്താവിന്റെ ശുശ്രൂഷ. പൂർണ്ണതയിലേക്ക് വളർത്തുകയെന്നതായിരുന്നു തന്റെ ലക്ഷ്യം. ''ആകയാൽ നിങ്ങളുടെ പിതാവ് സൽഗുണ പൂർണ്ണനായിരിക്കുന്നതു പോലെ, നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ'' എന്ന് കർത്താവ് നമ്മോട് ആജ്ഞാപിച്ചിരിക്കുന്നവല്ലൊ (വി. മത്താ. 5:49).

a) എന്താണ് രോഗം? വേദനയും, ശക്തിയും മരണവുമാണ് രോഗത്തിന്റെ ഫലം. നേരെമറിച്ച് സുഖവും സന്തോഷവും ശക്തിയും ജീവനുമാണ് ആരോഗ്യം. പ്രകൃതി നിയമങ്ങൾ ലംഘിക്കാനിടയാകുമ്പോഴാണ് രോഗം വരുന്നത്. അറിഞ്ഞോ അറിയാതെയോ പ്രകൃതി നിയമങ്ങൾ ലംഘിക്കുകയോ, വിഷവസ്തുക്കളോ രോഗാണുക്കളോ നമ്മിൽ കടന്നുകൂടുകയോ പതുക്കുകയോ പററുകയോ ചെയ്യുമ്പോൾ നാം രോഗികളാകുന്നു. ആരോഗ്യത്തിന് ആവശ്യമായ ഘടകങ്ങൾ ലഭിക്കാതെ വരുമ്പോഴും രോഗമുണ്ടാകുന്നു.

ആത്മീയരംഗത്ത് സ്വാർത്ഥതയും അഹങ്കാരവും ഉണ്ടാകുമ്പോൾ നാം ആത്മീയമായി രോഗികളായി തീരുകയും ആത്മീയമായിരിക്കുകയും ചെയ്യുന്നു. ''നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന്, സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു'' (1. യോഹ. 3:14). സ്നേഹത്തിൽ നാം നിറയുമ്പോൾ നമ്മിൽ ആത്മീയമായ എല്ലാ ഗുണങ്ങളും ഉളവാകുന്നു. ആത്മാവിന്റെ ഫലത്തെക്കുറിച്ച് പറയുമ്പോൾ, സ്നേഹത്തിൽ നിന്നുണ്ടാകുന്ന എട്ടു സൽഗുണങ്ങളും, (സ്നേഹത്തെത്തുടർന്ന്,) വി. പൗലോസ് പറയുന്നു. ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത ഇന്ദ്രിയജയം'' (ഗലാ. 5:22, 23). ഇന്ദ്രിയ ജയത്തിൽ, അസൂയയെയും അഹങ്കാരത്തെയും കാമാതുരതയെയും മറെറല്ലാതിന്മകളെയും, ഉൾപ്പെടുത്തിയിരിക്കുന്നതായി പരിഗണിക്കാവുന്നതാണ്.

b) രോഗസൗഖ്യത്തിനുള്ള അന്തരീക്ഷം

[illegible] വും പ്രതിരോധനവും സൗഖ്യദാന ശുശ്രൂഷയുടെ [illegible] ആത്മശരീരമന

വള്ളുമായ പേരു നൽകി അനുഗ്രഹിച്ച മഹാത്മാഗാന്ധി ഒരു പുതുയുഗത്തിനു ജന്മം നൽകി. തൊഴിലാളികൾ ഒരു സംഘടിത ശക്തി ആയി മാറുന്നതിന് ഇന്ത്യയിലെ കമ്മ്യൂണിസ്ററു പാർട്ടി സാരമായ പങ്കു വഹിച്ചു. കടുത്ത കമ്മ്യൂണിസ്ററു വിരോധികൾപോലും ഈ സത്യം തുറന്നു സമ്മതിക്കും.

നൂററാണ്ടുകൾ നീണ്ട മയക്കത്തിൽനിന്നും ഉണർന്നെണീൽക്കുന്നതിനും സംഘടിതശക്തി ആകുന്നതിനും മാർക്സിററു ചിന്താഗതി തൊഴിലാളികളെ സഹായിച്ചുവെങ്കിലും അവകാശത്തോടൊപ്പം കടമ നിർവഹിക്കുന്ന കാര്യത്തിൽ അവർ പററെ പരാജയപ്പെട്ടു.

വയലേലകളിൽ കർഷകതൊഴിലാളികൾ പണിമുടക്കി. കാർഷികരംഗം സ്തംഭിച്ചു. ഫാക്ടററി തൊഴിലാളികളുടെ തത്വദീക്ഷയില്ലാത്ത പണിമുടക്കുമൂലം വ്യവസായശാലകൾ പൂട്ടപ്പെട്ടു. ഒരു കാലത്ത് ഐശ്വര്യത്തിലും സമൃദ്ധിയിലും കഴിഞ്ഞിരുന്ന ആലപ്പുഴ പോലുള്ള തുറമുഖ നഗരങ്ങൾ പട്ടിണിയുടെ വിലാസരംഗങ്ങളായി മാറി.

നമ്മുടെ നാട്ടിലെ തൊഴിലാളികളുടെ തത്വദീക്ഷയില്ലാത്ത പണിമുടക്കിനെപ്പററി ചിന്തിച്ചപ്പോൾ ജപ്പാനിലെ ഒരു ചെരിപ്പു ഫാക്ടററിയിൽ നടന്നതായി കേട്ടിട്ടുള്ള ഒരു കഥ ഓർമ്മയിൽ വന്നു. പതിവുപോലെ ജോലിസമയത്ത് തൊഴിലാളികൾ ഫാക്ടററിയിൽ ഹാജരായി. ജോലിയിൽ ഒരു വീഴ്ചയും വരുത്തിയില്ല. പക്ഷെ ഇടതു കാലിനുള്ള ചെരിപ്പുകൾ മാത്രമാണ് അവർ ഉണ്ടാക്കിയത്. പ്രവൃത്തിസമയമോ മനുഷ്യശക്തിയോ നഷ്ടമാക്കാതെ അവർ മാനേജ്മെൻറിനോടുള്ള പ്രതിഷേധം പ്രകടിപ്പിച്ചു. സമരം ഒത്തുതീർപ്പിലായപ്പോൾ വലതുകാലിനുള്ള ചെരിപ്പുകൾ ഉണ്ടാക്കി. അങ്ങനെ ചെരിപ്പുകൾ കമ്പോളത്തിലിറക്കാൻ കഴിഞ്ഞു. ജാപ്പനീസ് തൊഴിലാളികൾ സമരം നടത്തുമ്പോൾ പോലും നശീകരണപ്രവണത കാട്ടുന്നില്ല. എന്നാൽ നമ്മുടെ നാട്ടിൽ തൊഴിലാളികൾ നടത്തുന്ന എല്ലാ സമരങ്ങളുടെ പിന്നിലും നശീകരണപ്രവണതയാണുള്ളത്.

രണ്ടാം ലോകമഹായുദ്ധം ഒരുപിടി ചാമ്പലാക്കി മാററിയ ജപ്പാൻ ഇന്നു ശാസ്ത്രീയ–സാങ്കേതിക–സാമ്പത്തിക രംഗങ്ങളിൽ വൻകിട രാഷ്ട്രങ്ങളെപ്പോലും പിന്നിലാക്കിയിരിക്കുന്നു. ജപ്പാൻകാരുടെ കഠിനാദ്ധ്വാനവും രാജ്യസ്നേഹവുമാണ് ഇതിനു കാരണം. ജാപ്പനീസ് ജനതയെപ്പോലെ രാജ്യസ്നേഹവും കഠിനാദ്ധ്വാനവും ഉള്ള ഒരു ജനതയായി നാം മാറണം.

നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയുള്ള, ക്രിസ്തീയ സ്നേഹത്തിൽ അടിത്തറ ഇട്ടതും ഗാന്ധിസത്തിൻെറയും മാർക്സിസത്തിൻെറയും ഉത്കൃഷ്ടാശയങ്ങളും സമന്വയിപ്പിച്ചിട്ടുള്ളതുമായ ഒരു വീക്ഷണം തൊഴിലാളികളും മുതലാളികളും ഉണ്ടാകണം. അപ്പോഴേ നമ്മുടെ നാടിൻെറ ഭാവി ശോഭനമായിത്തീരൂ.

—:—

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്





ഒരു വിശ്വാസി, കുവൈററ്.



ഒരു വിശ്വാസി, തിരുവല്ലാ.

രോഗശാന്തിക്ക് ഒരു വിശ്വാസി, പത്തനംതിട്ട.





# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിൻെറ ബലിയാട്

### ഫാ. ബർണാഡിൻെറ സാക്ഷ്യം

''....തന്മൂലം ഭഗ്നാശയന്മാരായ സുറിയാനിക്കാർ അവർക്കു ഒരു കൽദായ മെത്രാനെ അയച്ചുകൊടുക്കണമെന്ന് ബാബേൽ പാത്രിയർക്കീസിനോട് ഹർജികൾ മൂലം അപേക്ഷിച്ചു. അതനുസരിച്ച് അഹത്തല്ലാനാമാവായ ഒരു കൽദായ മെത്രാൻ അക്കാലത്ത് ഇന്ത്യയിലെ തുറമുഖപട്ടണമായിരുന്ന സൂറത്തിൽ സന്യാസവേഷധാരിയായി 1652–ൻെറ സമാരംഭത്തിൽ എത്തുകയും അവിടെയുണ്ടായിരുന്ന ഫ്രാൻസിസ്കൻ സഭക്കാരുടെ ഒരാശ്രമത്തിൽ അവരുടെ അതിഥിയായി ഏതാനും ദിവസങ്ങൾ പാർത്തശേഷം മൈലാപ്പൂരിൽ ചെന്ന് ഈശോസഭക്കാരുടെ ഭവനത്തിൽ താമസിക്കുകയും ചെയ്തു.'' മാർത്തോമ്മാ ക്രിസ്ത്യാനികൾ P. 67 ഫാ. ബർണാർദ് ക. നി. മ. സ

ഈ ദേഹത്തെ വിവിധ ചരിത്രകാരന്മാർ അനവധി പേരുകൾ നല്കി ആദരിച്ചിട്ടുണ്ട്. തീയോദോർ അയിത്താലാഹാ, യാബ് ആലാഹാ, ഇസാലാഹാ, അയ്ത്തല്ലാ, അഹത്തള്ളാ, ഇഗ്നാത്തിയോസ് അഹത്തള്ളാ ഇങ്ങനെ പോകുന്നു ആ പേരുകൾ. വെറുതെയൊന്നുമല്ല ഈ പേരുകൾ നൽകിയിരിക്കുന്നത്. അതിനു വിവിധോദ്ദേശങ്ങൾ ഉണ്ട്. പറമ്പിൽ ചാണ്ടി മെത്രാൻെറ വാഴ്ച്ചശേഷം ശക്തി പ്രാപിച്ച റോമാ വിഭാഗം നസ്രാണികൾക്കും അവർക്ക് ഉപദേശം നൽകി നയിച്ചിരുന്ന പാതിരിമാർക്കും ഈ ദേഹത്തെ റോമാ സഭാംഗമായ ഒരു സുറിയാനിക്കാരൻ മെത്രാനാക്കുന്നതിനുള്ള ഉദ്ദേശം ഉണ്ടായിരുന്നു എന്ന് തോന്നിപ്പോകുന്ന പ്രതിപാദനങ്ങൾ അവരുടെ ചരിത്രഗ്രന്ഥങ്ങളിൽ കാണാം. അദ്ദേഹം അലക്സന്ത്രിയാ, അന്ത്യോക്യാ, കൽദായ ഈ ദേശങ്ങളിലെ റോമാ വിഭാഗമായിത്തീർന്നവരിൽ നിന്നുള്ള മെത്രാനാണെന്നു വരുത്തിക്കൂട്ടുന്ന പ്രതിപാദനങ്ങളാണവ.

ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്ന് അദ്ദേഹം മലങ്കര അക്കദിയാക്കോനയച്ച കത്തിൽ സ്വയം വിശേഷിപ്പിച്ചു എന്ന പിൽക്കാല പ്രാബല്യം പ്രാപിച്ച വിവരണങ്ങളെ ആസ്പദമാക്കി നമ്മുടെ പുത്തൻകാവിൽ കബറടങ്ങിയ അഭിവന്ദ്യ 6–ാം മാർത്തോമ്മാ പിതാവ് എഴുതിച്ച നിരണം ഗ്രന്ഥവരിയിൽ ''75 വത്സരം പറങ്കിമര്യാദ നടന്നു വന്നതിൻെറ ശേഷം മ്ശിഹാകാലം 1653 ചെന്നകൊല്ലം 828–ൽ മാർ ഇഗ്നാത്തിയോസ് പാത്രിയക്കീസ് മലയാളത്തിൽ വരുവാനായിട്ട് മൈലാപ്പൂര് വന്നാറെ പിറംങ്കായെക്കാരുടെ ശക്തി കൊണ്ട് ....ഈ ദേഹത്തെ മലയാളത്തിനയച്ചാൻ'' എന്ന് ഈ ഭാഗം വിവരിച്ചിരിക്കുന്നു.

### ഇട്ടൂപ്പു റൈററരുടെ അന്ത്യോഖ്യാ ഭക്തി

6–ാം മാർത്തോമ്മാ പിതാവ് അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രീയർക്കീസ് എന്ന് പറഞ്ഞിട്ടേയില്ല. എന്നാൽ നിരണം ഗ്രന്ഥവരി ഉപയോഗപ്പെടുത്തി സഭാചരിത്രമെഴുതിയ പുകടിയിൽ ഇട്ടൂപ്പ റൈട്ടരുടെ കാലത്തെ അന്ത്യോക്യാ സിംഹാസന ഭക്തിയുടെ സാക്ഷ്യമാണ്. ''അനുസരിച്ചു നടന്നുവരുമ്പോൾ മ്ശിഹാകാലം 1653 കൊല്ലം 828–ൽ അന്തോക്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മലയാളത്തിലുള്ള സുറിയാനിക്കാരുടെ....'' അതേ വാചകത്തിൽ അന്ത്യോക്യാ തിരുകി കയററിയിരിക്കുന്നത്. ഇട്ടൂപ്പിൻെറ സഭാചരിത്രം P. 114

### കുര്യൻ പാതിരി

ഇദ്ദേഹം പറയുന്നത് ''സുറിയാനിക്കാർ പറഞ്ഞു വരുന്നതും വിശ്വസിക്കുന്നതും ഇദ്ദേഹം ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ആയിരുന്നു എന്നാകുന്നു'' കുര്യൻ പാതിരിയുടെ സഭാചരിത്രപ്രബന്ധം പുറം 47. ഇദ്ദേഹവും ''അന്ത്യോക്യാ'' എന്ന് പറയുന്നില്ല.

### ഇ. എം. ഫിലിപ്പ്

അദ്ദേഹത്തെ അഹത്തള്ളാ എന്നാണ് സംബോധന ചെയ്യുന്നത്. എന്നാൽ അക്കാലത്തെ പറങ്കികൾ അദ്ദേഹത്തെ ഒരു യാക്കോബായ മെത്രാനായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, അതു വെറും ഊഹത്താലല്ലെന്നും, മലങ്കര സഭ പറങ്കികൾക്ക് മുമ്പ് അന്ത്യോക്യാ ബന്ധത്തിലായിരുന്നു എന്നും മററും ധ്വനിപ്പിക്കുന്ന പ്രതിപാദനമാണ് ശ്രീ. ഫിലിപ്പോസ്

തുടന്നു നടത്തുന്നതു് ''നെസ്തോറിയൻ പാത്രിയർക്കീസിന്റെ ഒരു പ്രതിനിധിക്കല്ലാതെ ലഭിക്കാൻ സാധ്യമല്ലെന്നു വിചാരിക്കത്തക്ക ഒരു സ്വീകരണമാണ് മലങ്കരസഭയിൽ നിന്ന് അഹത്തള്ളായ്ക്കുണ്ടായതു്'' മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ P. 147

മലങ്കരയുടെ മണ്ണിൽ കാലുകുത്താൻ പറങ്കികൾ അവസരം കൊടുക്കാതെ വകവരുത്തിയ ആ ദേഹത്തിനു മലങ്കരമക്കൾ കൊടുക്കുവാനിരുന്ന സ്വീകരണമായിരിക്കാം ശ്രീ. പീലിപ്പോസ് രേഖപ്പെടുത്തിയിരിക്കുന്നതു്.

**പാറേമ്മാക്കൽ തോമ്മാ കത്തനാർ**

പഴയ കാലങ്ങളിൽ മാർ പ്രഞ്ചിസ്കോസഗർസ്യാ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ മലങ്കരെ വാഴുന്ന നാളുകളിൽ ഒരു സുറിയാനിക്കാരൻ മെത്രാനെ പൗലീസ്തക്കാരുടെ വിചാരത്താൽ പറങ്കിമാർ കടലിൽ കെട്ടിത്താഴ്ത്തി എന്നു കേൾക്കകൊണ്ടു മലങ്കരെയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിൽ കൂടി'' വർത്തമാനപ്പുസ്തകം ഒന്നാം ഭാഗം 1936 P. 48

---

**ജെയിക്കബ് തോമസ്, നടുവിലേക്കര**

---

മാർ അയിത്താലാഹായുടെ വരവിനു് (1653) ശേഷം 125–ാം വർഷത്തിൽ റോമ്മാ നസ്രാണി നേതാവായിരുന്ന വന്ദ്യ ഗോവർണ്ണദോരച്ചൻ ''ഒരു സുറിയാനിമെത്രാ''നെന്നാണ് അഹത്തള്ളായെ പരാമർശിക്കുന്നതു്. എങ്ങുമെങ്ങും സ്പർശിക്കാത്തവിധം ''സുറിയാനിക്കാരൻ'' എന്ന സംജ്ഞ റോമാവിഭാഗത്തിനും, തോമ്മാ അർക്കദിയാക്കോന്റെ വിഭാഗത്തിനും അഭികാമ്യമായിരുന്നു. അന്ന് 6–ാം മത്തോമ്മായെ വിധേയരോടുകൂടി റോമ്മായിലാക്കുവാൻ ശ്രമിച്ചിരുന്ന കാലമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്.

**ഐ. സി. ചാക്കോ**

''ഇങ്ങനെയിരിക്കയിലാണ് അഹത്തള്ളാ എന്നു പേരായ ഒരു കൽദായ മെത്രാൻ മൈലാപ്പൂരിൽ എത്തിയതു്'' മാർ ളൂയിസ് പഴേപറമ്പിൽ P 37

പണ്ഡിതവരേണ്യനായിരുന്ന പരേതനായ ശ്രീ. ഐ. സി. ചാക്കോയ്ക്ക് മാർ അഹത്തള്ളാ കൽദായ ദേശക്കാരനായിരുന്നു എന്നതിൽ യാതൊരു തർക്കവുമില്ല. എന്നാൽ മാർ പാപ്പായിൽ നിന്നും അധികാരപത്രമുള്ള മലങ്കരയുടെ പാത്രിയർക്കീസായിട്ടാണ് എത്തിയിരിക്കുന്നതു് എന്ന് തന്റെ കത്തിൽ വ്യക്തമായിരുന്നതായി ശ്രീ. ഐ.സി. ചാക്കോ തുടർന്നു പറയുന്നുണ്ട്.

**ഫാ. ബർണാട്**

അദ്ദേഹമാകട്ടെ ''ഇൻഡ്യയുടെയും ചീനത്തിന്റെയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ് എന്നു് സ്വയം നാമലേഖനം ചെയ്തിരിക്കുന്നു'' P 67 മാർത്തോമ്മാ ക്രിസ്ത്യാനികൾ Vol. 2

ഇന്ത്യയുടെയും ചീനത്തിന്റെ പാത്രിയർക്കീസ് എന്ന് ഭാരത സഭാമക്കൾ സമ്മതിച്ചിരുന്നതു് ബാബിലോൺ കാതോലിക്കാ പാത്രിയർക്കീസിനെയാണ്. ''നെസ്തോറിയ'' എന്ന ഹാസ്യനാമത്തിൽ അന്യ സഭക്കാർ ഈ സ്ഥാനിയെയും അനുയായികളേയും വിശേഷിപ്പിച്ചിരുന്നു. അവർ സ്വയം ആ സംജ്ഞ ഉപയോഗിച്ചതായിട്ടറിവില്ല. അങ്ങിനെയെങ്കിൽ ഈ ദേഹം കൽദായക്കാരനാകുവാൻ സാദ്ധ്യതയ്ക്ക് ആക്കവും തൂക്കവും കൂടുന്നുണ്ട്. കൽദായ സഭാതലവൻ നസ്രാണിജാതിത്തലവന്റെ അഭ്യർത്ഥനയെ മാനിച്ച് ഇങ്ങോട്ടയച്ച ഒരു മെത്രാൻ സ്ഥാനി താൻ പാത്രിയർക്കീസാണെന്ന് ഇങ്ങോട്ടറിയിച്ചു എന്നു് പറയുന്ന രേഖ അഭിനവശാസ്ത്രജ്ഞാദിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട്. കൽദായ കാതോലിക്കാ പറങ്കികളുടെ ഉപദ്രവം ദശാബ്ദങ്ങളായി തന്റെ


രോഗശാന്തിക്ക്



പി. ചാക്കോയും കുടുംബവും, ജമുനാ Colliery.




മെത്രാന്മാർക്കും ജനങ്ങൾക്കും അനുഭവിക്കേണ്ടിവന്നതു് മനസ്സിലാക്കി ഒരു താല്ക്കാലിക പാത്രിയർക്കീസ് സ്ഥാനം മാർ ഈഥാലാഹായ്ക്ക് നൽകിയിരുന്നില്ല. അങ്ങിനെ ഒരു സ്ഥാനവും ആത്മീയാധികാരവും അന്നത്തെ പരിതഃസ്ഥിതിയ്ക്ക് പരിഹാരം കാണുവാൻ അനിവാര്യമല്ലായിരുന്നു എന്നും ഭാരതസഭാജനകനായ മാർത്തോമ്മാ ശ്ലീഹായോടും തന്റെ വേലയാൽ ക്രിസ്തുവിൽ ഉത്ഭവിപ്പിച്ച പേർഷ്യാ, ഇന്ത്യ, ചൈന ഈ സഭകളുടെ ജന്മസിദ്ധ സ്വാതന്ത്ര്യത്തോടും ആചാരാനുഷ്ഠാനങ്ങളോടും കൂറും, ഭക്തിയും, അഭിമാനവും ചരിത്രജ്ഞാനത്തിലൂടെ ഉറപ്പിച്ച ഒരു പൗരസ്ത്യ മാർത്തോമ്മാ ക്രിസ്ത്യാനിക്ക് പറയുവാൻ സാദ്ധ്യമല്ല. അങ്ങിനെ പ്രത്യേകാധികാരങ്ങൾ മാർപ്പാപ്പാ അധികാരപത്രങ്ങൾ സഹിതം നൽകി മലങ്കര നസ്രാണികളെ റോമാസഭയിലേക്ക് ഏതു മാർഗ്ഗേണയും ചേർക്കുവാനും, വീണ്ടെടുക്കുവാനും ചിലരെ നിയോഗിക്കുകയുണ്ടായിട്ടുണ്ട് എന്നതു് ചരിത്രരേഖകളത്രേ.

**ഷെവലിയർ വി. സി. ജോർജ്**

''മാർ അഹത്തള്ളാ ബാബേൽ പാത്രിയർക്കീസ് അയച്ച മേല്പട്ടക്കാരനായിരുന്നില്ലെന്നും അദ്ദേഹം നെസ്തോറിയൻ ഇടത്തുട്ടുകാരനായിരുന്നുവെന്നും ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ മാർ അഹത്തള്ളാ ഭാരത കൽദായ സഭമേൽ ഭരണാധികാരം ഉണ്ടായിരുന്ന ബാബേലിലെ മൂന്നാം ശിമയോൻ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ഒരു കത്തോലിക്കാ മെത്രാനായിരുന്നു.'' കറവിലങ്ങാട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും P. 256

''അഹത്തള്ളാ മെത്രാൻ ഇന്ത്യയിലുള്ള സുറിയാനിക്കാരുടെ പാത്രിയർക്കീസും പ്രീമാസും ആയിരുന്ന ബാബേൽ പാത്രിയർക്കീസിനോട് അപേക്ഷിച്ചിട്ട് അദ്ദേഹം അയച്ച മെത്രാനാണ്. ഇദ്ദേഹം അങ്കമാലി ത്രൂപതയിലേക്കായി വന്നതാണ്. അങ്കമാലി രാജ്യം സ്വദേശീയരായ രാജാക്കന്മാരുടെ കീഴുള്ളതാണ്. ഇങ്ങനെ ഇരിക്കയിൽ അഹത്തള്ളാ മെത്രാനെ പിടിക്കാനോ, വിചാരണ കഴിപ്പാനോ, ശിക്ഷിപ്പാനോ ഗോവാ ഇൻകിസിഷൻ സംഘത്തിന് എന്തധികാരമാണുള്ളതു്.'' Ibid P. 257 (ശ്രീ. പള്ളിവീട്ടിൽ കര്യന്റെ തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം P. 127–ൽ നിന്നുള്ള ഉദ്ധരണി) കറവിലങ്ങാട്ടുകാരായ രണ്ടു ഗ്രന്ഥകാരന്മാരും മാർ അഹത്തള്ളാ കൽദായക്കാരനായ മേല്പട്ടക്കാരനായിരുന്നു എന്നതിൽ യോജിക്കുന്നുണ്ട്. രണ്ടുപേരും റോമാസഭാംഗങ്ങളുമാണ്. കൽദായ റീത്തു് ബാബിലോൺ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട കൽദായ റീത്തു് കാരനായ കത്തോലിക്കനായിരുന്നു മാർ അഹത്തള്ളാ എന്നും രണ്ടു് ആളും പറയുന്നുണ്ട്. എന്നാൽ 1552–ൽ യോഹന്നാൻ സുലാക്കാ റോമിൽ ചെന്ന് കൽദായ റീത്തു് കത്തോലിക്കാ ബാബേൽ പാത്രിയർക്കീസാകുന്നതിനു് മുമ്പ് കൽദായ നാട്ടിൽ റോമാ പാപ്പായുടെ കീഴിൽ ഒരു സഭയില്ലായിരുന്നു എന്ന വസ്തുതയെ നിഷേധിച്ചുകൊണ്ട് 1552–നു് ശതാബ്ദങ്ങൾ മുമ്പേ കൽദായ റീത്തു് കത്തോലിക്കാ വിഭാഗം ഉണ്ടായിരുന്നു എന്നവർ എടുത്തു പറയുന്നുമുണ്ട്.

എന്നാൽ തോമ്മാ അർക്കദിയാക്കോൻ മെത്രാന്മാരെ അയക്കുവാൻ പല പൗരസ്ത്യസഭകൾക്കും കത്തയച്ചപ്പോൾ ബാബിലോണിലെ യഥാർത്ഥ പാത്രിയർക്കീസായ (നെസ്തോറിയ) കാതോലിക്കോസ് പാത്രിയർക്കീസിനാണ് കത്തയച്ചതെന്നു് പല റോമാ സഭാചരിത്രകാരന്മാരും പറയുന്നുണ്ട്. മുൻഗാമി അർക്കദിയാക്കോൻ ഗീവർഗീസ് ജാതിത്തലവനും നെസ്തോറിയ കാതോലിക്കായുമായി കത്തിടപാടുകൾ രഹസ്യമായി നടത്തുന്നു എന്നാരോപിച്ച് അദ്ദേഹത്തിന്റെ പേരിൽ ശിക്ഷണ നടപടികൾ വരെ ഉണ്ടായതായും രേഖകളുണ്ട്.

**അടുത്തലക്കം: ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ തുടർച്ച.**


MAR BASELIOS
CHILDREN'S HOME
Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിന്റെ ബലിയാട്

ചരിത്രകാരന്മാരുടെ സാക്ഷ്യം (തുടർച്ച)

### വി. സി. ജോർജ്

"We have already seen that the Archdeacon and the Cathanars had sent petitions for obtaining a Chaldean bishop One such bishop by name Ahathalla reached India in 1652. He landed at Surat but could not proceed from there to Malabar, because of the strict watch kept by the Portuguese. From Surat, he went to Mylapore expecting to meet there Malabar Syrian pilgrims to the tomb of Apostle St. Thomas."

"The syro chladean church in Malabar". p. 157.

ശ്രീ. വി. സി. ജോർജ് പറയുന്നത്, അയിത്താലാഹാ സൂറത്തിൽ നിന്ന് മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ സമാധിയിൽ തീർത്ഥാടകരായി വരുന്ന മലബാർ ക്രിസ്ത്യാനികളെ കണ്ടുമുട്ടാം എന്നുള്ള പ്രതീക്ഷയിൽ മൈലാപ്പൂരിൽ എത്തി എന്നാണ്. മററ് പല ചരിത്രകാരന്മാരും ഇപ്രകാരം തന്നെ പറയുന്നുണ്ട്. അദ്ദേഹത്തെ സൂറത്തിൽ വച്ച് പറങ്കികൾ തടവുകാരനാക്കി മൈലാപ്പൂരിൽ കൊണ്ടുവരികയായിരുന്നു.

''അന്ത്യോക്യാ സിംഹാസനവും മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയും' ഫാ. കെ. ററി. സഖറിയാ P. 65–ൽ കാണുന്നത് '1620–ാം കാലം അന്ത്യോക്യായുടെ ഇഗ്നാത്തിയോസ് ശർക്കല്ലാ എന്ന പ. പാത്രിയർക്കീസുബവാ മലയാളത്തേക്കു പുറപ്പെട്ടു.......... മൈലാപ്പൂരെത്തി'' അദ്ദേഹത്തെ ഗോവയ്ക്കും, റോമിനും പറങ്കികൾ അയച്ചു എന്നും, ഗോവയിൽ വച്ചു വധിച്ചു എന്നും മററുമാണ്,

ഇതിൽ തടുർന്നു പറയുന്നു. ''1653–ൽ അന്ത്യോക്യായുടെ–ഇഗ്നി:പാ–ക്കീസ് (മാർ അഹത്തുള്ള) ബാവ മലയാള....പ്പെട്ടു. മൈലാപ്പൂർ വന്നു പറങ്കികൾ––പിടിച്ചു. ഈ സമയത്തു––മൈലാപ്പൂരിൽ–കബറിങ്കൽ ....ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ ശെമ്മാശനും, കുറവിലങ്ങാട് കഴിക്കോടത്ത് അവിടെ കുര്യൻ ശെമ്മാശനും–ചെന്നിരുന്നു''

ഈ ഗ്രന്ഥകർത്താവ് രണ്ട് അന്ത്യോക്യാ പാത്രിയർക്കീസന്മാർ ഇവിടെ വരുന്നതായും (ശർക്കല്ലാ, അഹറത്താല്ലാ) മൈലാപ്പൂരിൽ വച്ച് പറങ്കിപ്പിടിയിൽ പ്പെട്ട് ഗോവയിൽ വധിക്കപ്പെട്ടതായും പറയുന്നുണ്ട്. എന്നാൽ ഇതേ പുസ്തകത്തിൽ തന്നെ ഉദയമ്പേരൂർ നിശ്ചയങ്ങൾ ഉദ്ധ

---

ക്കും വ്യാപിപ്പിക്കാം. മലങ്കര സഭാ മിഷൻ സൊസൈററിയുടെ സേവനം ബാഹ്യകേരള ഭദ്രാസനാധിപന്മാർ കൂടുതൽ ഉപയോഗിക്കുമെന്ന് ന്യായമായി പ്രത്യാശിക്കാം.

ഒരു ആത്മിക ഉണർവിന്റെ ആവശ്യം ഇന്ന് ഏററമധികമാണ്. സന്യാസ പ്രസ്ഥാനങ്ങൾ മുരടിച്ചു വരുന്നു എന്ന ആശങ്ക അസ്ഥാനത്താണ്. റെറയ്സെ കമ്മ്യൂണിററിയിൽ നൂറിനു താഴെ അംഗങ്ങൾ മാത്രമേയുള്ളു എങ്കിലും അതിന്റെ പ്രവർത്തനം എല്ലാ ഭൂഖണ്ഡങ്ങളിലും എത്തിക്കഴിഞ്ഞു. അവർ നേരിട്ടു പണം പിരിക്കാതെയാണ് അനേക ലോകസമ്മേളനങ്ങൾ നടത്തുന്നത്.

അടുത്ത ഡകേഡിൽ ദൈവം അത്ഭുതം പ്രവർത്തിക്കും. ഒന്നുകിൽ ലോകമഹായുദ്ധം. അല്ലെങ്കിൽ പരസ്പര പങ്കിടിൽ വർദ്ധിക്കുന്ന ലോകവ്യവസ്ഥിതി. ഒന്നുകിൽ സമ്പന്നർ ദരിദ്രരെ കൂടുതൽ ചൂഷണം ചെയ്യും അല്ലെങ്കിൽ ദരിദ്രർ സമ്പന്നരെയും വിമോചിപ്പിക്കും. മിഖായേൽ ഗോർബച്ചേവുപോലും ദൈവത്തോടു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കണമെന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.



രിക്കുന്നതിൽ ''മാർ അവ്രാഹം മെത്രാൻ മരിച്ചതിൽ പിന്നെ മലങ്കരയ്ക്ക് ശുദ്ധമാനപാപ്പാടെ പ്രമാണത്താലെ ഒരു മേല്പട്ടക്കാരൻ വരികിൽ, വകുദാശിയിലെ (ബാഗ്ദാദ്) പാത്രിയർക്കീസിന്റെ കല്പനയാൽ വരികിലെ നമുക്കു കൈക്കൊണ്ടു കൂടൂ എന്നും മോറാൻ ഇരിക്കുന്നതിനു തക്കവണ്ണമേ ഇരുന്നുകൂടൂ എന്നും ചിലരു സത്യം ചെയ്തു....''

അന്ത്യോക്യാ പാത്രിയർക്കീസ് 'വകുദാശി'യിലാണിരുന്നതെന്ന് ഈ ഭാഗത്ത് നിന്ന് തെളിവ് എടുത്താണ് ലേഖകൻ മുന്നേറിയിരിക്കുന്നത്. വകുദാശി പാത്രിയർക്കീസ് കൽദയക്കാരനാണ്. മോറാൻ എന്ന അന്ത്യോക്യൻ സുറിയാനിവാക്ക് വകുദാശി പാത്രിയർക്കീസിന്റെ സഭയിലോ ഇവിടെയോ ഇല്ലായിരുന്നു.'

മൈലാപ്പൂർ ചെന്നതിൽ ഒരാൾ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ ശെമ്മാശനായിരുന്നു. തോമ്മാ അർക്കദിയാക്കോനെക്കാൾ പ്രായമേറിയ ഇട്ടിത്തൊമ്മനച്ചൻ, അക്കാലത്ത് 50–ൽ

---

### ജെയിക്കബ് തോമസ്. നടുവിലേക്കര

ഏറെ പ്രായമുള്ള പ്രമുഖനായ ഒരു കത്തനാരായിരുന്നു എന്ന് ചരിത്രം സ്പഷ്ടമായി പറയുന്നുണ്ട്. നസ്രാണിവ്യാസൻ പരേതനായ Z. M. പാറേട്ട് പറയുന്നത് കാണുക. മലങ്കര നസ്രാണികൾ Vol. 2. p 379–380–

''1599–ൽ ഉദയമ്പേരൂർ വച്ച്....റോമാനുകത്തിൻ കീഴിൽ ആക്കിയത്. അതിനുശേഷവും ബാബിലോണിൽ നിന്ന് സഹായം കിട്ടുമെന്നുള്ള ആശ അററുപോയില്ല. യാത്രക്കാർ വശം ഇവിടുത്തെ സ്ഥിതിഗതികൾ അവിടെ അറിയിക്കുന്നതിന് സൗകര്യം വരുമ്പോൾ എല്ലാം കത്തുകൾ അയച്ചുകൊണ്ടിരുന്നു. ഇന്നല്ലെങ്കിൽ നാളെ അവിടെ നിന്ന് മെത്രാന്മാർ ആരെങ്കിലും വരുമെന്ന് നസ്രാണികൾക്ക് നിശ്ചയം ഉണ്ടായിരുന്നു.

അങ്ങനെ ദിവസങ്ങളും മാസങ്ങളും എണ്ണി എണ്ണി കഴിച്ചുകൊണ്ടിരിക്കുമ്പോളാണ് ചെങ്ങന്നൂർ ഇട്ടിശെമ്മാശൻ, കുറവിലങ്ങാട് കിഴക്കേടത്ത് കുര്യൻ ശെമ്മാശൻ, തുടങ്ങിയവർ മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിങ്കലേയ്ക്കു തീർത്ഥയാത്ര പോയത്. അക്കാലങ്ങളിൽ മലങ്കര നസ്രാണികൾ മൈലാപ്പൂരിലേയ്ക്കു തീർത്ഥയാത്രപോവുക സാധാരണമായിരുന്നു.''

തുടർന്നു പറയുന്നതിന്റെ ചുരുക്കം:–മൈലാപ്പൂരു നിന്ന് ശ്ലീഹായുടെ ശിഷ്യരായിത്തീർന്ന കുറെ കുടുംബങ്ങൾ കാരണവശാൽ കേരളത്തിലേയ്ക്കു പോന്നു. ശ്ലീഹാ വീര സാഹദായാകുമ്പോൾ കേരളീയരായ ശിഷ്യരും കൂടെയുണ്ടായിരുന്നു. അവർ പണിത പള്ളിയാണ് മൈലാപ്പൂരിലേതെന്ന് 1514–ൽ മൈലാപ്പൂർ സന്ദർശിച്ച ദുവാർട്ടിബർബോസാ എന്ന ചരിത്രാന്വേഷി രേഖപ്പെടുത്തിയിട്ടുണ്ട്.

പണ്ഡിതമല്പാൻ റവ. ഡോ. വി. സി. ശമുവേൽ കത്തനാരച്ചൻ, രചിച്ച സഭ വളരുന്നു എന്ന സഭാചരിത്ര ഗ്രന്ഥത്തിൽ 25 മുതൽ 34 വരെയുള്ള വശങ്ങളിൽ 'മലങ്കര സഭയുടെ പേർഷ്യൻ ബന്ധം' എന്ന വിഷയം പണ്ഡിതോചിതമായി രേഖാ സഹിതം തെളിയിച്ചിട്ടുണ്ട്. ആദിമ നൂററാണ്ടുകൾ തുടങ്ങി ആ ബന്ധം സഹസ്രാബ്ദത്തിലേറെക്കാലം തുടർന്നു എന്നാണ് ഈ ഭാഗത്തുനിന്ന് ഈ ലേഖകനെ മനസ്സിലാക്കുവാൻ പ്രേരിപ്പിക്കുന്നത്. കൂടാതെ, p. 135–ൽ 'പേർഷ്യയിലെ നെസ്തോറിയൻ സഭയുമായി ബന്ധത്തിലിരുന്നു 'മലങ്കരസഭ' എന്ന് ആർക്കും ശങ്കയ്ക്കിടതരാതെ സ്പടമായി പറയുന്നുമുണ്ട്.

തൃശൂർ കേന്ദ്രമായി സ്ഥിതിചെയ്യുന്ന കൽദായ സുറിയാനിക്കാരായ (സൂറായികൾ) മാർത്തോമ്മാ നസ്രാണി സമൂഹക്കാരുടെ ചരിത്രപ്രസിദ്ധീകരണങ്ങളിൽ ഒന്നായ 'മാർ തീമോത്തിയോസ് അബീമേലേക്ക്'' എന്ന ജീവചരിത്രഗ്രന്ഥത്തിൽ ഈ മേല്പട്ടക്കാരനായ പിതാവ് കൽദായനാട്ടിൽ നിന്നും പൗരസ്ത്യ കാതോലിക്കാ പാത്രിയർക്കീസ് (നെസ്തോറിയ) തൃശൂർ കൽദായ ഇടവകക്കാരുടെ ഇടയനായിട്ടയച്ച വന്ദ്യദേഹമായിരുന്നു. ഉദ്ദേശം മുപ്പതു കൊല്ലം മുമ്പ് തിരുമേനി തൃശൂർതന്നെ കാലം ചെയ്തു. ആ ചരിത്രത്തിൽ മാർ അഹത്തള്ളാ, കൽദായ കാതോലിക്കാ പാത്രിയർക്കീസ്, നസ്രാണികളുടെ അപേക്ഷപ്രകാരം അയച്ച മേല്പട്ടക്കാരനായിരുന്നു എന്നും 'ഈഥാലാഹാ' എന്നായിരുന്നു പേർ എന്നും പറയുന്നുണ്ട്.

ഇത്രയും കാര്യങ്ങൾ ഇടയ്ക്കു പറയേണ്ടിവന്നത്. അയിത്താലാഹാ സൂറത്തിൽ നിന്ന് നേരെ മാർത്തോമ്മാ സമാധി സ്ഥിതിചെയ്യുന്ന മൈലാപ്പൂരിലേയ്ക്ക് പിടികൊടുക്കാതെ കടന്നതും, വേഷപ്രച്ഛന്നനായി വന്നതും അദ്ദേഹത്തിനുമുമ്പും പറങ്കിവലയിൽപെടാതിരിക്കുവാൻ ഇവിടേയ്ക്ക് ആത്മായവേഷത്തിൽ വന്ന് പറങ്കികൾ പിടിച്ച് നിർദ്ദയം വകവരുത്തിയവരും,

അജ്ഞാത കേന്ദ്രങ്ങളിലേയ്ക്കു കപ്പൽ കയററി അയ്ക്കപ്പെട്ടവരുമായ കൽദായ (നെസ്തോറിയ) പിതാക്കന്മാരുടെ പിൻഗാമിയായിരുന്നു താനെന്നും മാർത്തോമ്മാശ്ളീഹായുടെ പൈതൃകം തന്നെയുള്ള കൽദായ മക്കൾക്ക് മൈലാപ്പൂർ സമാധി അജ്ഞാതമല്ലായിരുന്നു എന്നും, പറങ്കികൾ പണ സമ്പാദനത്തിനായി, ഒരു ഇസ്ളാം സിദ്ധൻെറയോ, മണിക്കേയ അപ്പോസ്തോലൻെറയോ എന്ന് തീരുമാനിക്കപ്പെടാത്ത ഒരു സമാധിയെ മാർത്തോമ്മാ സമാധിയാക്കി മാററിയതാണെന്നും ഉള്ള കഥകൾ തെററാണെന്നും നസ്രാണികൾ പറങ്കികളുടെ വരവിനു വളരെ മുമ്പേ ഈ തീർത്ഥാടനം നടത്തി വന്നിരുന്നു എന്നും മററുമുള്ള പല കാര്യങ്ങളും നാം യുക്തിസഹജമായി ശരി എന്ന നിഗമനത്തിൽ എത്തിക്കുന്നു.

പറങ്കികൾ പണ സമ്പാദനത്തിനായി 'അണിയിച്ചൊരുക്കിയത്' നമ്മുടെ ശ്ളീഹായുടെ സമാധിയായിരുന്നു എന്നും ഒരു പക്ഷെ അവിടെ കാണുന്ന പേർഷ്യൻ കുരിശ് മലങ്കര നിന്നും കൈക്കലാക്കി അവിടെ സ്ഥാപിച്ചതാകാനും സാദ്ധ്യതയുണ്ടെന്നും ചിന്തിക്കുന്നതിൽ തെററില്ല. ഇനിയും പാറേട്ടിനെ ശ്രദ്ധിക്കാം:–

മൈലാപ്പൂരിലെ ജെസ്വിത്ത് കേന്ദ്രത്തിൽ ബന്ധനസ്ഥനായി (തടവുകാരനോ, നിരീക്ഷണത്തിലും കാവലിനും പാർപ്പിച്ചിരിക്കയോ ചെയ്തിരുന്ന നിർഭാഗ്യനായ അതിഥി. ലേഖകൻ. J. T) പാർപ്പിച്ചിരുന്ന പൗരസ്ത്യ മേല്പട്ടക്കാരനെ ശെമ്മാശന്മാർ കാണുന്നു! അദ്ദേഹത്തെ വിവിധ ചരിത്രകാരന്മാർ സംബോധന ചെയ്തിരിക്കുന്നതും. E. M. പീലിപ്പോസിൻെറ പ്രസ്താവനയും, അദ്ദേഹത്തെ പറങ്കികൾ സൂറത്തിൽ നിന്നു ബന്ധനസ്ഥനാക്കി മൈലാപ്പൂരിൽ എത്തിച്ചതും ശ്രീ പാറേട്ട് പറയുന്നുണ്ട്.

'1652–ൽ വസന്തകാലത്ത് സൂറത്തിലെ കപ്പൂച്ചിൻ കൊവേന്തയിൽ ഒരു പൗരസ്ത്യ സന്യാസിവൈദീകൻ ഭിക്ഷാടനത്തിനായി ചെന്നു. അവർ മര്യാദയായി സ്വീകരിച്ചു. സെൻറ് തോമസ് ക്രിസ്ത്യാനികളുടെ അടുത്തേയ്ക്കു പോകുന്ന ഒരു പാത്രിയർക്കീസാണ് താൻ എന്ന് അദ്ദേഹം അവരോടുപറഞ്ഞു. ഈ വിവരം അവർ ഗോവയിൽ ഇൻക്വിസിഷനെ അറിയിച്ചു. കുറെക്കഴിഞ്ഞ് ഓഗസ്ററ് മൂന്നാം തീയതി മൈലാപ്പൂരിലെ കബറിടം സന്ദർശിക്കവെ മാത്രമേ അദ്ദേഹത്തെ അറസ്ററുചെയ്യുവാൻ സാധിച്ചുള്ളു. തല്ക്കാലത്തേക്കു മൈലാപ്പൂരിലെ ജെസ്വിത്ത് കോളജിൽ ബന്ധനത്തിൽ പാർപ്പിച്ചു. പാപ്പാ മലബാറിലെ സുറിയാനിക്കാരുടെ പാത്രിയർക്കീസായി, നിയമിച്ചയാളാണ് താനെന്നും, സൈനികരെ അയച്ചു തന്നെ കൂട്ടിക്കൊണ്ടു പോകണമെന്നും അദ്ദേഹം സുറിയാനിയിൽ ഒരു കത്ത് അർക്കദിയാക്കോന് ഒരു തരത്തിൽ കൊടുത്തയച്ചു' എന്നാണ് Estern Christianity യിൽ p. 78, 79 ൽ കാർഡിനൽ തിസ്സാറണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ശ്രീ. പാറേട്ട് പറയുന്നു.

തുടർന്ന് അഹത്തള്ളായുടേതെന്ന് ധരിക്കത്തക്കവിധം 'വിൻസൻറ് മേറി' എന്ന റോമാ സഭാ സന്യാസി വൈദീകൻെറ ഒരു കത്ത് തിസ്സറാണ്ട് ഉദ്ധരിക്കുന്നു. (Estern Christianity. p. 79) അതിൽ 'ഇന്നസൻറ് 10–ാമൻ പാപ്പാ എന്നെ മലബാറിലേക്ക് നിയോഗിച്ചതാണെന്നും പീഡിപ്പിക്കൽ തൊഴിലാക്കിയവർ (പറങ്കികൾ) എന്നെ കലാമിനായിൽ വച്ചു (മൈലാപ്പൂർ) തടവിലാക്കി. കൊച്ചീ ഗോവ ഇവിടങ്ങളിലേക്കയയ്ക്കും. എന്നെ വിടുവിയ്ക്കുന്നതിന് നിങ്ങളുടെ ആയുധം ധരിപ്പിക്കുക' എന്നെല്ലാം നസ്രാണിത്തലവനയച്ച ടി കത്തിൽ അയിത്താലാഹാ പറഞ്ഞിരുന്നതായി കാണുന്നു.

പാറേട്ടും ഇതിനു മുൻ ഈ ലേഖകൻ പറഞ്ഞിരിക്കുന്ന വിധം തന്നെ; പാപ്പായുടെ കല്പന അനുസരിച്ചു വന്ന ആൾ എന്ന് സ്ഥാപിച്ച് അഹത്തള്ളായെ റോമാ സഭാംഗമായും, നസ്രാണികളെ തോമ്മാശ്ളീഹാ മുതൽ റോമാ പാപ്പായുടെ മേധാവിത്വം സ്വീകരിച്ചിരുന്നവരായും വരുത്തിക്കൂട്ടുന്ന പദ്ധതിയുടെ കാരകന്മാരുടെ കരണമാണീകത്ത് എന്നും നസ്രാണി വ്യാസൻ പറയുന്നു.

എന്നാൽ; പദ്രവാദൊ അധികാരം മാർപാപ്പായിൽനിന്നും ലഭിച്ചതിലൂടെ പാപ്പായ്ക്കു പോലും നേരിട്ട് പോർട്ടുഗീസ് രാജാവിൻെറ ഭരണാതിർത്തിയിൽ സഭാ ഭരണാർത്ഥം പ്രവേശിച്ചു കൂടാ എന്ന ന്യായത്താൽ അഹത്തള്ളാ റോമ്മാസഭാംഗമോ, പാപ്പായുടെ നിയോഗമുള്ളയാളോ ആയാലും, നസ്രാണികൾ സ്വീകരിച്ചാലും, പറങ്കികളും ജസ്യൂട്ടുകളും ഭരണാനുവാദം നൽകുമായിരുന്നില്ല. ഗാർസ്യാ മെത്രാൻ; ഇതര റോറോസഭാ സന്യാസി സംഘങ്ങളെ മലബാറിൽ പ്രവർത്തിക്കുവാൻ പാപ്പാ കല്പന കൊടുത്തതിനെ കട്ടായം നിഷേധിച്ചതായി ഇതിനു മുൻ രേഖപ്പെടുത്തിയിട്ടുമുണ്ട്. (തുടരും)


## ഭവന ദാന പദ്ധതി

### MAR BASELIOS MOVEMENT, KUWAIT.

കുവൈററ് ഇടവകയിൽ പ്രവർത്തിച്ചുവരുന്ന മാർ ബസേലിയോസ് മൂവ്മെൻറ് എന്ന ആത്മീക സംഘടനയുടെ നേതൃത്വത്തിൽ കേരളത്തിലെ ഭവന രഹിതരായ ഓർത്തഡോക്സ് സിറിയൻ സഭയിൽ പെട്ട പത്ത് സാധുകുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുവാൻ താല്പര്യപ്പെടുന്നതിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ഭദ്രാസനത്തിൽ ഒന്ന് എന്ന ക്രമത്തിൽ ഭവനങ്ങളുടെ എണ്ണം ക്രമീകരിച്ചിരിക്കുന്നു. താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് 1988 ജൂലൈ 30–നു മുമ്പ് അപേക്ഷകൾ താഴെ കാണും വിലാസത്തിൽ കിട്ടിയിരിക്കണം.

1. അപേക്ഷകന് സ്വന്തം പേരിൽ ഭൂമി ഉണ്ടായിരിക്കണം.
2. അപേക്ഷയിൽ ഇടവക വികാരിയുടെ ശുപാർശ രേഖപ്പെടുത്തിയിരിക്കണം.
3. നിർമ്മാണ സമയത്ത് ആവശ്യമായ മെയ്ക്കാടു ജോലികൾ അപേക്ഷകൻെറ ഇടവകയിൽ നിന്ന് ശ്രമദാനമായോ മറേറതെങ്കിലും തരത്തിലോ ലഭിക്കുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. ആയതു തെളിയിക്കുവാൻ ഇടവക മാനേജിംഗ് കമ്മററിയുടെ സർട്ടിഫിക്കേററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
4. ഒരു ഭവനത്തിന് രൂപാ 15000 (പതിനയ്യായിരം രൂപാ) എന്ന ക്രമത്തിലായിരിക്കും ലഭിക്കുക.
5. വികാരിയുടെയും,, മാനേജിംഗ് കമ്മററിയുടെയും മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കണം.

പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ മാസം 30–ാം തീയതിക്കകം

വെരി. റവ. പി. സി. യോഹന്നാൻ റമ്പാൻ
പബ്ളിഷർ
പാമ്പാടി ദയറാ ബുള്ളററിൻ
മാർ കുറിയാക്കോസ് ദയറാ
പൊത്തമ്പുറം (പി. ഒ.) പാമ്പാടി – 686502

എന്ന വിലാസത്തിൽ അയച്ചുകൊടുക്കുക. അപേക്ഷ അയയ്ക്കുന്ന കവറിൻെറ മുകളിൽ 'ഭവനദാന പദ്ധതി അപേക്ഷ' എന്നു രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക.





## MAR BASELIOS CHILDREN'S HOME

Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.